സാഹിത്യമഞ്ജരി

5

വള്ളത്തോൾ

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി

(അഞ്ചാം ഭാഗം)

ഗ്രന്ഥകർത്താ:

വള്ളത്തോൾ

ടിപ്പണി:

കററിപ്പുഴ വി. കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

ഏഴാം പതിപ്പ്
കോപ്പി 1000.

വില:
1—4—0

പകർപ്പവകാശം: സി. ഗോവിന്ദക്കുറുപ്പിന്

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

1957 മാർച്ച്

അച്ചടി:
വള്ളത്തോൾ പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
ഇരിങ്ങാലക്കുട.

Digitized By Kerala Sahitya Akademi

വിഷയാനുക്രമം

1.	നാം സ്വാതന്ത്ര്യമടയാവൂ!	(കേക)	1098	ചിങ്ങം.
2	മഴയത്തൊരു നടത്തം	(ശ്ലോകം)	1097	കന്നി.
3.	ചക്രഗാഥ	(മഞ്ജരി)	1097	കുംഭം.
4.	'അല്ലാഹ്'	(അന്നനട)	1099	ധനു.
5.	ഭക്തിയും വിഭക്തിയും	(കേക)	1099	കന്നി
6.	നാഗില	(ശ്ലോകം)	1098	കർക്കടകം.
7.	ആ കൊച്ചുമാറാപ്പ്	(കാകളി)	1098	മിഥുനം.
8.	പോരാ, പോരാ!	(വഞ്ചിപ്പാട്ട്)	1098	മിഥുനം.
9.	ക്ഷമാപണം	(കേക)	1098	കന്നി.
10.	കാട്ടെലിയുടെ കത്ത്	(ശ്ലോകം)	1099	മകരം.
11.	പണ്ടത്തെപ്പാട്ടുകാരൻ	(മഞ്ജരി)	1098	വൃശ്ചികം.
12.	അമാന്തം അമാന്തം!	(അന്നനട)	1097	ചിങ്ങം.
13.	എന്റെ ജോലി നോക്കട്ടെ	(പാന)	1088	വൃശ്ചികം.
14.	ഐക്യമേ, സേവ്യാൽസേവ്യം	(കേക)	1099	കുംഭം.
15	മാപ്പ്	(ശ്ലോകം)	1100	ഇടവം.
16.	നരേന്ദ്രന്റെ പ്രാർത്ഥന	(പാന)	1099	ഇടവം.
17.	പരസ്പരം സഹായിപ്പിൻ	(വഞ്ചിപ്പാട്ട്)....	1100	തുലാം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര.

കാലപ്രവാഹത്തിൽപ്പെട്ടു മരണാൎണ്ണവത്തിലെയ്ക്കു പാഞ്ഞുകൊണ്ടിരിക്കുന്ന ജീവജാലങ്ങളെ ഒരു സാക്ഷിയെന്നനിലയിൽ സൂക്ഷ്മവീക്ഷണംചെയ്യുന്നവനാണ് കവി. കവിയുടെ കൺമുന്നിലൂടെ കടന്നുപോകുന്ന ജീവിതചിത്രങ്ങൾ ഹൃദയഫലകത്തിൽ ഒരു ശക്തിവിശേഷത്താൽ ദൃഢമായി പതിയുമ്പോൾ, അവയിൽ അതിന്നു മുൻപ് ആരും കാണാത്ത വിവിധോജ്ജ്വലവൎണ്ണങ്ങൾ കലൎന്നു പ്രകാശിക്കുന്നു. പ്രകൃതിരഹസ്യത്തെ പ്രബോധനംചെയ്യുന്നതിന്നുള്ള ശക്തി അപ്പോൾ മാത്രമേ അവക്കുണ്ടാകുന്നുള്ളു. ഇങ്ങനെ കവിഹൃദയത്തിൽവെച്ചു കാന്തികൂടി കമനീയമാകുന്ന ചിത്രങ്ങൾ നിൎമ്മലമായ കവനാദൎശ്ശണംവഴി പ്രതിഫലിച്ച് ഒരു നൂതനാലോകമായി പരിണമിക്കുന്നു. ദൈവസന്നിധിയിലെയ്ക്കുള്ള സുഗമവും സുന്ദരവുമായ മാൎഗ്ഗം സ്ഥിതിചെയ്യുന്നതു കവിസൃഷ്ടമായ ഈ നവീനലോകത്തിലത്രെ. അതിലെ പ്രശാന്തഗംഭീരമായ അന്തരീക്ഷത്തിൽ കവി ഗാനരൂപേണ സ്വന്തം ആത്മാവുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു. ജീവിതചൈതന്യത്തെ ഉൽബുദ്ധമാക്കി നമ്മെ യഥാൎത്ഥവിശ്രമസൌഖ്യം അനുഭവിപ്പിക്കുന്ന ഒരുതരം സംഗീതതരംഗങ്ങൾ എപ്പോഴും അവിടെ വിസ്ഫുരണംചെയ്യുന്നുണ്ടാകും. അവയുടെ സുഖസ്പൎശനം ജീവിതായോധനത്തിൽ മുറിവേററു വ്രണപ്പെട്ടു വേദനിക്കുന്ന പാവപ്പെട്ട മനുഷ്യന്റെ ഹൃദയത്തെ ആശ്വസിപ്പിച്ച് ആനന്ദപൂൎണ്ണമാക്കുന്നു.

കവികുലതിലകമായ മഹാകവി വള്ളത്തോളിന്റെ കവനതൂലികയുടെ ഒരു വിചിത്രസൃഷ്ടിവിശേഷമായ സാഹിത്യമഞ്ജരിയിൽ

Digitized By Kerala Sahitya Akademi

ചിത്രീകരിച്ചിരിക്കുന്ന ലോകവും മേൽകാണിച്ചമാതിരി ദിവ്യവും ദീപ്തിമത്തുമായ ഒന്നാകുന്നു. ഈ അനുഗൃഹീതകവീശ്വരൻെറ സാഹിത്യലീലയെപ്പററി വിസ്തരിയ്ക്കുന്നതിന്നുള്ള അവസരവും ആളും യോജിയ്ക്കാത്തതിനാൽ, ഇപ്പോഠം അതിന്നു തുനിയുന്നതുതന്നെ ഒരു പക്ഷേ പരിഹാസജനകമായേയ്ക്കും. സാധാരണകവികഠംക്കു സാധ്യമല്ലാത്തവിധം ഈശ്വരനും മനുഷ്യനും മദ്ധ്യേ സ്ഥിതിചെയ്തുകൊണ്ടു് അവൻെറ ജീവിതഭാണ്ഡത്തെ അഴിച്ചുനോക്കി പരിശോധിച്ചു വില കല്പിയ്ക്കുന്നതിൽ വള്ളത്തോളിനുള്ള വിസ്മയാവഹമായ നിരീക്ഷണവൈചക്ഷണ്യം മഞ്ജരിയുടെ ഈ അഞ്ചാംഭാഗത്തിലും സുസ്പഷ്ടമായി കളിയാടുന്നുണ്ടു്.

രാഷ്ട്രീയം, സാമുദായികം, ആദ്ധ്യാത്മികം എന്നിങ്ങനെ വിഷയസ്വഭാവമനുസരിച്ചു് ഇതിലെ കവനങ്ങളെ തരംതിരിയ്ക്കാവുന്നതാണു്. ഓരോ വിഷയത്തെയും കറ തീൎന്ന കവിതാരസത്തിൽ കലൎത്തി നിരൂപണംചെയ്തിട്ടുള്ളതു വായനക്കാരെ പ്രബുദ്ധരും പ്രഹൃഷ്ടരുമാക്കിത്തീൎക്കുവാൻ അത്യന്തം ഉപകരിയ്ക്കുന്നുണ്ടു്.

പ്രകൃതകൃതിയിൽ ഞാൻ ചേൎത്തിട്ടുള്ള ടിപ്പണി എത്രത്തോളം പ്രയോജനപ്പെട്ടമെന്നുള്ളതു കണ്ടുതന്നെ അറിയേണ്ടതാണു്. ഇത്തരം ഉത്തമകാവ്യതല്ലജങ്ങളുടെ പ്രസാധകത്വം വഹിയ്ക്കുന്നതിൽ എനിയ്ക്കുള്ള അതിയായ സന്തോഷംമാത്രമാണു്, അല്പജ്ഞനായ എന്നെ ഇതിലെയ്ക്കു പ്രേരിപ്പിച്ചതു്. തെററുകഠം സദയം ചൂണ്ടിക്കാണിച്ചു തരുമെന്ന വിശ്വാസത്തോടുകൂടി, ഈ അഞ്ചാംഭാഗത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ആലുവാ,
6—12—'100

പ്രസാധകൻ
കററിപ്പുഴ പി. കൃഷ്ണപിള്ള.

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി

(അഞ്ചാം ഭാഗം)

1

നാം സ്വാതന്ത്ര്യമടയാവൂ!

(കേക)

അഹിംസാപരധർമ്മ,-
മഖിലാഗമമർമ്മ,-
മഹിതാഹവവർമ്മ,-
മഭയകൃഷികർമ്മം
ലോകത്തെപ്പഠിപ്പിച്ച
സൽഗ്ഗുരോ, നരകത്തിൽ

---

1. ശ്രീബുദ്ധമുനിയുടെ ചരിത്രത്തിന്റെ ഒരു സംഗ്രഹമാണിത്. അഹിംസാ....ധർമ്മം=അഹിംസയെന്ന ഉൽകൃഷ്ടധർമ്മം. അഖിലാ....ർമ്മം=എല്ലാശ്ശാസ്ത്രങ്ങളുടേയും സത്ത്. അഹിതാ....ർമ്മം=അനിഷ്ടങ്ങളോടു പൊരുതുവാനുള്ള ചട്ട—ചട്ട ഇങ്ങോട്ടുവരുന്ന ഉപദ്രവത്തെത്തടുക്കുകയല്ലാതെ, അങ്ങോട്ടുപദ്രവിക്കുകയില്ലല്ലോ; അഹിംസാധർമ്മവും അങ്ങനെതന്നെയാണ്. അഭയ....ർമ്മം=നിർഭയത്വത്തെ വിളയിക്കുന്ന ജോലി. ദുഃഖമയമായ ലോകത്തെ നരകമായും നിർവ്വാണസാധകമായ ബുദ്ധമതത്തെ സ്വർഗ്ഗമായും കല്പിച്ചിരിക്കു

Digitized By Kerala Sahitya Akademi

നാകത്തെപ്പണിചെയ്ത
വിശ്വകർമ്മാവേ, തൊഴാം! ൧

തുംഗമൂർത്തിയാം ഹിമ-
വാങ്കൽനിന്നുളവായ
ഗംഗയെ ലഭിച്ചോരു
ലോകവും ചിരകാലം
കാത്തിരുന്നിതു തൃഷ്ണാ-
ശാന്തിക്കു മഹാത്മാവേ!
പേർത്തങ്ങന്നൊഴുക്കിയ
ധർമ്മശ്രീസരിത്തിനെ! ൨

ക്ഷുത്തിനാൽ ചാകാൻപോകും
പുലിക്കു സമർപ്പിച്ച

---

൧. വിശ്വകർമ്മാവ്=ദേവശില്പി. ബുദ്ധമതസിദ്ധാന്തങ്ങളിൽ അഹിംസാധർമ്മമാണ്, സർവ്വപ്രധാനമായിട്ടുള്ളത്.

2. തുംഗമൂർത്തി=ഉയൎന്ന. തൃഷ്ണാശാന്തി=ദാഹം മാറൽ. വിഷയാസക്തി ഇല്ലാതാവുക എന്നും. ധർമ്മശ്രീസരിത്ത്=ധർമ്മമാകുന്ന നദി. പാപനാശിനിയായ ഗംഗയുണ്ടായിരുന്നിട്ടുകൂടി, ഭാരതീയൎക്കു പ്രപഞ്ചദുഃഖം കളവാൻ ബുദ്ധധർമ്മത്തെ ആശ്രയിക്കേണ്ടിവന്നു. ഹിമവാനെ ഋഷിസമുദായമായും ഗംഗയെ വൈദികധർമ്മമായും വിചാരിച്ചാൽ, ഇന്ത്യയിൽ ബുദ്ധനു മുമ്പു വൈദികധർമ്മം പ്രചാരത്തിലിരുന്നുവെങ്കിലും, ജാതിമതഭേദമെന്യേ സർവ്വജനങ്ങൾക്കും ഉപകാരപ്രദമായിത്തീൎന്നതു ബുദ്ധമതമാണെന്ന ചരിത്രതത്ത്വം ധ്വനിക്കുന്നു.

Digitized By Kerala Sahitya Akademi

നിസ്തുക്കം സ്വദേഹത്തെ-
　　പ്പൂർവ്വജന്മത്തിൽബ്ഭൂവാൻ;
ഇജ്ജന്മത്തുലകത്തി-
　　നൊക്കയും സംതൃപ്തിയ്ക്കായ്,
നിർജ്ജരന്മാരും തേടും
　　'ജ്ഞാനപീയൂഷം നല്കി!
ശ്രീയുതശ്ശുദ്ധോദന-
　　ക്ഷ്മാപൻറെ മഹിഷിയാം
മായതൻ മണിക്കുഞ്ഞേ,
　　മംഗളം കൃപാരാശേ! 3

　മുന്നമേതിളംതൂക്ക-
　　ല്യുമ്പറ ഭുവി വീണൊ-
രന്നത്തിൻ മുറിപ്പാടി-
　　ലലിവു പുരട്ടിയോ,
അക്കരം സംസാരാസ്ത്ര-
　　വിദ്ധമാം ജഗത്തിനെ-
യൊക്കയും തലോട്ടമെ-
　　ന്നാശ്വസ്തർ, സുരരന്നോ! 4

3. നിർജ്ജരന്മാർ=ജരയില്ലാത്തവർ (ദേവന്മാർ). ക്ഷ്മാപൻ=രാജാവ്. 'ശുദ്ധോദനൻ' 'മായാദേവി' എന്നിവർ ബുദ്ധൻെറ അച്ഛനമ്മമാരാണ്.

4. ബുദ്ധൻ കുട്ടിക്കാലത്ത്, കൂട്ടുകാരനായ ഒരു രാജകുമാരൻ എയ്തുവീഴ്ത്തിയ ഒരു അരയന്നത്തെക്കണ്ടു ദയാപരവശനായി എടുത്തു ശുശ്രൂഷിക്കുകയുണ്ടായിട്ടുണ്ട്. സംസാ....ദ്ധം=സംസാരമാകുന്ന അമ്പേററു മുറിപ്പെട്ട.

Digitized By Kerala Sahitya Akademi

കടുവേഗത്തിൽച്ചുററും
ജനനമൃതിചക്രം
പിടിച്ചുനിർത്താൻ പോന്ന
ബുദ്ധൻെറ കരാഗ്രത്താൽ
സ്വന്തമാം രാജചിഹ്നങ്ങളോ-
ലെടുപ്പിപ്പതിനേപ്പോ-
ടെന്തെന്തു വൃഥാ ചെയ്തി-
ലാ,ത്മജപ്രിയനച്ഛൻ? 5

പുത്രനു പുറംകാററോ-
ലാടൽ ചേരായ്വാൻ ചൂഴെ-
പ്പുത്തനാം മതിൽ കെട്ടി
രാജകീയൈശ്വര്യത്താൽ;
ആദിത്യത്തെരുവിൽച്ചെ-
ന്നരുമമുമത്തും ശക്ത-
മായീലാ കുമാരൻെറ
കനിവിൻ മാട്ടം നിർത്താൻ! 6

---

5. ലോകത്തിൽ ജനനമരണദുഃഖം ഇല്ലാതാക്കാൻ അവതരിച്ച ബുദ്ധനെ രാജാവാക്കി അഭിഷേകംചെയ്വാൻ പിതാവു വെറുതേ പല ശ്രമങ്ങളും ചെയ്തു.

6. കൊട്ടാരത്തിനു വെളിയിലുള്ള പലവിധം ദുഃഖങ്ങാകണ്ടു ബുദ്ധന്ന് അനുകമ്പയുണ്ടാവാതിരിപ്പാൻ അദ്ദേഹത്തെ അച്ഛൻ പുറത്തേയ്ക്കു വിടുകയുണ്ടായില്ല. കൊട്ടാരത്തിനുള്ളിൽത്തന്നെ എല്ലാ പ്രപഞ്ചസുഖസാധനങ്ങളെയും ഒരുക്കിക്കൊടുത്തു. സർവ്വസുഖങ്ങളും അത്രമേൽ പൂർണ്ണമായിരുന്നിട്ടും, ബുദ്ധൻ പ്രജകളുടെ ദുഃഖത്തിൽ സഹതപിച്ചുകൊണ്ടിരുന്നു.

Digitized By Kerala Sahitya Akademi

രാജപൂരുഷർ തിര-
ഞ്ഞെടുത്തു നിയമിച്ച
രാജീവമുഖികൾതൻ
തേനൊലിഗ്ഗാനങ്ങളും,
കച്ചണിമുലമാർതൻ
കരമാർദ്ദവം ഭുജി-
ച്ചുച്ചത്തിൽ വാഴ്ത്തും മൃദം-
ഗാദിതൻ നിനദവും,
പവിഴക്കഴൽകളാൽ
നരചിത്തത്തെയിട്ടു
ചവുട്ടും നടിമാർതൻ
പൊന്തളക്കിലുക്കവും,
ആ യശോധരയുടെ
കേളിസല്ലാപം —സാക്ഷാ-
ലായതപ്രണയത്തിൻ
വീണവായന—പോലും
ലോകത്തിൻ കരച്ചിലുൾ-
ച്ചേർന്നതായത്രേ കേട്ടു,

---

7. മേല്പറഞ്ഞതിനെത്തന്നെ വിസ്തരിക്കുന്നു: മൃദംഗം സ്ത്രീകളുടെ കയ്യിന്റെ മാർദ്ദവത്തെ ആസ്വദിച്ച് അതിനെ ഉറക്കെ വാഴ്ത്തുന്നതായികല്പിക്കുന്നു. യശോധര—ബുദ്ധന്റെ പത്നി. ആയതം=നീണ്ട. ബുദ്ധൻ 'ശാക്യ'രാജവംശത്തിൽ ജനിച്ചാളാണ്. മന-

Digitized By Kerala Sahitya Akademi

ശോകഹത്താവശ്ശാക്യ-
　　ക്കൊച്ചുതമ്പുരാൻ നിത്യം! 7

നാട്ടിലെങ്ങുവാൻ കാണും
　　സംസാരജ്വരൌഷധി
കാട്ടിൽത്താൻ തിരയേണ-
　　മെന്നാച്ചിരവിങ്കൽ,
'വിശ്രമവന'മാകും
　　വിണ്ണിൽനിന്നൊന്നെയ്ക്കുമാ-
യശ്രമം പുറപ്പെട്ടു
　　ദേവനു വഴി നല്കാൻ,
ഏററമാളുകൾ കൂടി-
　　സ്സാക്ഷി നില്ക്കേണ്ടും ലോഹ-
ക്കോട്ടവാതിലുകളും
　　തനിയേ തുറന്നല്ലോ;
തുറന്നിതതോടൊപ്പം,
　　ഭവബന്ധാതങ്കങ്ങൾ

സ്ത്രീനെ ആകഷിച്ചാനന്ദിപ്പിയ്ക്കുന്ന പുഷ്പ സന്ദഭത്തിലും അദ്ദേഹം ലോകത്തിലെ ദുഃഖങ്ങളെപ്പററി വിചാരിച്ചുകൊണ്ടിരുന്നു.

8. സംസാരദുഃഖമാകുന്ന പനി മാററുവാനുള്ള മരുന്നു—തത്വജ്ഞാനം—കാട്ടിൽപ്പോയി തപസ്സുചെയ്താലല്ലാതെ, നഗരത്തിലിരുന്നതുകൊണ്ടാവില്ലെന്നുറച്ചു ബുദ്ധൻ ഒരു ദിവസം രാത്രി ആരുംകാണാതെ കാട്ടിലേയ്ക്കു പോയി; അടച്ചിരുന്ന കോട്ടവാതിലുകൾ അപ്പോൾ താനേ തുറന്നുവത്രേ. വിശ്രമവനം—ബുദ്ധൻ

Digitized By Kerala Sahitya Akademi

നാം സ്വാതന്ത്ര്യമടയാവൂ 7

നിറഞ്ഞ ജഗത്തിനു
മോക്ഷത്തിൻ കവാടവും! 8

ഛന്ദക, നിന്മട്ടൊരു
ഭൃത്യന്മാർ സർവ്വസ്വവു-
മൊന്നായി വെടിഞ്ഞുപോം
സ്വാമിക്കു തുണനിന്നോൻ?
കാന്തക,കാമാദ്യരി-
പ്പടയോടടർ വെട്ടാൻ
താൻ താൻ പോം സുധീരനെ
വഹിച്ചോരേകാശ്വം നീ!
താവകപദങ്ങളി-
ലിന്നുമർപ്പിക്കുന്നുണ്ടാം
ദേവകൾ പൊന്താമര-
പ്പൂക്കളെ ദൃഢഭക്ത്യാ!
രമണവിശ്ലേഷാശ്രു-
കൊണ്ടുതാൻ യശോധരേ,

പാർത്തിരുന്ന കൊട്ടാരത്തിന്റെ പേർ. ഭവബന്ധാതങ്കം=സംസാരദുഃഖം.

9. ഛന്ദകൻ—അന്നു ബുദ്ധന്റെ ഒരുമിച്ചുപോയ ഭൃത്യൻ. കാന്തകൻ—ബുദ്ധൻ കയറിപ്പോയ കുതിര. കുളമ്പിൻശബ്ദം ജനങ്ങൾ കേൾക്കാതിരിക്കാൻ, ദേവകൾ അന്നു വഴിയിൽ പൂക്കൾ വിരിച്ചുപോൽ. കാമാദ്യരിപ്പട=കാമം ക്രോധം തുടങ്ങിയ മാനസി

Digitized By Kerala Sahitya Akademi

സമഭിഷിക്തയായ്, നീ
ലോകാംബാപദത്തിങ്കൽ;
രാഹുലകുമാരനു
മാത്രമല്ല,തിമാത്ര-
സ്നേഹത്താൽ സകലക്ഷ്മം
താതനീ ത്വൽപ്രാണേശൻ!! ൯

മുക്കണ്ണൻ തപം ചെയ്ത
ദേവദ്രുത്തറയണ-
ഞ്ഞുൽക്കടോപത്തിൽപ്പെട്ട
കന്ദർപ്പൻ, കട്ടദർപ്പൻ,
വ്രതിയാം സിദ്ധാർത്ഥൻെറ-
യരയാൽച്ചുവട്ടിൽനി-
ന്നതിലും താപപ്രദ-
മായ ദുർദ്ദശ പുക്കാൻ!
ആഴിതന്നടിയിലെ-
ക്കൂരിരുൾപ്പിശാചുക്കൾ

ശ്രുകണം. രമണ.......ശ്രു=ഭർത്തൃവിയോഗത്തിലുണ്ടായ കണ്ണീർ. രാഹുലൻ—ബുദ്ധൻെറ പുത്രൻ. അതിമാത്രം=ഏററവും.

10. ദേവദ്രു=ദേവതാരവൃക്ഷം. തപസ്സുചെയ്തുകൊണ്ടിരുന്ന ശിവനു പാർവ്വതിയിൽ അനുരാഗമുണ്ടാകുവാനായിച്ചെന്ന് അദ്ദേഹത്തിൻെറ നേത്രാഗ്നിയിൽ ദഹിച്ച കാമൻ, അരയാൽച്ചുവട്ടിലിരുന്നു തപസ്സുചെയ്തിരുന്ന ബുദ്ധനേയും അതുപോലെ അപകടത്തിലാക്കുവാനായിച്ചെന്നുവെങ്കിലും പ്രയത്നം ഫലപ്പെടാതെ ഹതാശ-

Digitized By Kerala Sahitya Akademi

നാം സ്വാതന്ത്ര്യമടയാവൂ

ചൂഴെ വന്നൂതിക്കെട്ടു-
ത്തീട്ടുവാൻ നില്ലേല്ലത്തന്നേ,
നമ്മുടെ ഗുരുദേവൻ
കൊളുത്തിവെച്ചാൻ ഹന്ത,
നിർമ്മലം വിദ്യാദീപം
നിസ്തുലം നിരാകമ്പം!

വെൺകൊററക്കുട വെടി-
ഞ്ഞരണ്യമരത്തണ-
ലിങ്കലേയ്ക്കോടിപ്പോന്നു,
ജടയാം മുടി ചാർത്തി,
സർവ്വരാജ്യങ്ങളിലും
സർവ്വദേശങ്ങളിലും
ദിവ്യസമ്പത്താം ധർമ്മം
വാരിവർഷിച്ച ഭവാൻ
ഏതൊരു ഭാണ്ഡാഗാര-
ത്താലുമാവതല്ലാത്ത
ദാതൃത്വമല്ലോ നേടി
തന്നുടെ പിച്ചത്തൊണ്ടാൽ!
സുഗത, തഥാഗത,
സുഭഗപ്രേമാത്മാവേ,

നായി മടങ്ങിപ്പോകയാണുണ്ടായതു്. നിരാകമ്പം=ഇളക്കമില്ലാത്തതു്.

Digitized By Kerala Sahitya Akademi

ഭഗവൻ, നമസ്കാരം
ഭാരതപരമർഷേ! 11

ത്വത്തിരുവടിയുടെ
തത്ത്വോപദേശംകൊണ്ടു
ബന്ധനമഴിച്ചു നാം
സ്വാതന്ത്ര്യമടയാവൂ! 12

---

11. സുഗതൻ, തഥാഗതൻ—ഇവ ബുദ്ധന്റെ പേരുകളാണ്.

12. ത്വത്തിരുവടിയുടെ തത്ത്വോപദേശം—അഹിംസ, (അദ്രോഹം) ജാതിവിഭാഗംകൂടാതെയുള്ള സമഭാവന, പാവങ്ങളിലുള്ള അനുകമ്പ മുതലായത്.

Digitized By Kerala Sahitya Akademi

2

മഴയത്തൊരു നടത്തം

വന്നാടോപമൊടാഞ്ഞടിച്ചു പവനൻ;
മേഘങ്ങൾ സന്നദ്ധരായ്
നിന്നാര;ധ്വഗർ ഞങ്ങളെന്നു മഴകൊ-
ണ്ടയ്യോ, വിറക്കൊണ്ടുപോയ്;
നന്നായ് വെള്ളിയലുക്കു തൂങ്ങിയലകിൻ-
തുമ്പത്തു ശീലക്കുട-
യ്ക്കെന്നാലെന്തു?-തു കാൽ പിടിച്ചവനെ ര-
ക്ഷിപ്പാനപര്യാപ്തമായ്! 1

ഹാ, കഷ്ടം, ജലപംക്തിതൻ കുചരിതം:
ഭാസ്വൽക്കരാലംബിയായ്-
സ്സൗകര്യത്തൊടുയർന്നുയർന്നു സുരസ-
ങ്കേതം കരേറീടിലും,

---

1. ആടോപം=ഗർവ്വ്. അധ്വഗർ=വഴിപോക്കർ. അപര്യാപ്തം=അശക്തം. മഴയത്തു, കുടവക്കത്തു തൂങ്ങുന്ന വെള്ളത്തുള്ളികളെ വെള്ളിയലുക്കുകളായി കല്പിച്ചിരിക്കുന്നു. വേഷപ്പകിട്ടല്ലാ, പ്രവൃത്തിസാമർത്ഥ്യമാണ് വേണ്ടതെന്നു വ്യംഗ്യം.

2. ജലപംക്തി=വെള്ളം; ദുഷ്ടക്കൂട്ടമെന്നും. കുചരിതം=ചീത്ത നടവടി. ഭാസ്വൽക്കരാലംബി=സൂര്യന്റെ കിരണങ്ങളെ ആശ്രയിച്ചത്. സുരസങ്കേതം=ആകാശം. തങ്ങൾക്കു കിട്ടിയ ഉൽകൃഷ്ട

Digitized By Kerala Sahitya Akademi

നാകത്തിൽപ്പരപീഡനത്തിനു തരം
കിട്ടായ്കയാൽത്താനതീ
ലോകത്തെയ്ക്കു തിരിച്ചുപോന്നഴലിലാ–
റാടിയ്ക്കയായ് ഞങ്ങളെ! 2

കേറുന്നു മുകളിൽ കഥഞ്ചന; പതി–
ച്ചീടുന്നു കീഴ്പ്പോട്ടുതാൻ;
ചേറും മുള്ളുമിയന്ന പാഴ്ക്കുഴികളിൽ–
ച്ചാടുന്നു ദുർവാരമായ്;
ആറുചിറപ്പുക്കൊഴുകുന്നു പൂർണ്ണതയിലെ–
യ്യെങ്ങൻ നീരമേ, നീ പദം–
തോറും കാട്ടുവതീ, പ്രപഞ്ചപഥിക–
ന്മാർതൻ പ്രയാണക്രമം! 3

ഓതാവല്ലുടുവസ്ത്രമേ, സ്ഫുടതരം
നിന്നാർദ്രഭാവം: മഹാ–
ശീതാകമ്പിതമാകുമെന്റെയുടലിൽ–
പ്പറ്റിപ്പിടിച്ചിങ്ങു നീ

സ്ഥാനം കളഞ്ഞാലും വേണ്ടില്ലാ, ദുഷ്ടന്മാർക്കു മററുള്ളവരെ ഉപദ്ര വിയ്ക്കാതിരിയ്ക്കാൻ വയ്യ.

3) കഥഞ്ചന=പണിപ്പെട്ടു്. ദുർവാരം=തടുപ്പാൻ കഴിയാത്ത ത്. പൂർണ്ണത—വൃദ്ധിയോ ക്ഷയമോ ഇല്ലാതെ എന്നും ഒരേ നില യിലിരിയ്ക്കുന്ന സ്ഥിതി; സമുദ്രത്തിന്നും ബ്രഹ്മത്തിന്നും ഇതു യോജി യ്ക്കുന്നു. പദംതോറും=ഓരോ സ്ഥിതിയിലും. പ്രപഞ്ചപഥിക ന്മാർ=ജീവിതയാത്രക്കാർ. പ്രയാണം=യാത്ര.

Digitized By Kerala Sahitya Akademi

വീതാച്ഛാദനരൂപമാക്കിയിതിനെ-
ച്ചുളിപ്പതായ്ക്കണ്ടിതാ,
ശ്വേതാഭാപ്രസരം ചിരിപ്പിതു, വര-
മ്പത്തുള്ളലർത്തുമ്പകൾ! 4

വീശട്ടേ പരുഷാനലൻ; മഴ തക-
ർക്കട്ടേ; തനിയ്ക്കെന്തു?-താ,
മോശപ്പെട്ടൊരു മുണ്ടുടുത്തു തലയിൽ-
ക്കുമ്പാളയും വെച്ചൊരാൾ
ലേശംപോലുമസൌഖ്യഭാവമിടചേ-
രാതേ നടക്കുന്നു: ഹാ,
ക്ലേശത്തിന്മുന കുഡ്മളാഗ്രസദൃശം
നിഷ്കിഞ്ചനച്ചട്ടമേൽ! 5

ലീലാഭേദമിതെത്ര ചിത്ര!-മിളനെ-
ല്ലാകുന്ന പച്ചപ്പട-

4. ആർദ്രഭാവം=നനവ്; ദയ എന്നും. ശീതാകമ്പിതം—തണുപ്പുകൊണ്ടുവിറയ്ക്കുന്ന. വീതാച്ഛാദനരൂപം—നഗ്നം=മുണ്ടു നനഞ്ഞു പററിയാൽ ദേഹം നഗ്നമായമട്ടിലാവുമല്ലോ. ശ്വേതാഭാപ്രസരം=വെണ്മ പരക്കമാറ് ഇഷ്ടഭാവത്തിൽ അടുത്തുകൂടി അനിഷ്ടം ചെയ്യുന്നതു കണ്ടു ചിരിക്കുന്നു എന്നഭിപ്രായം 'ഭാതാവ.......ഭാവം' എന്നു വിപരീതലക്ഷണ.

5. കുഡ്മളാഗ്രസദൃശം=പൂമൊട്ടിന്റെ അററംപോലുള്ളത്; ദുർബ്ബലം എന്നു താല്പര്യം. നിഷ്കിഞ്ചനൻ=ദരിദ്രൻ. ദരിദ്രന്മാർ എല്ലാ ക്ലേശത്തെയും നിഷ്പ്രയാസം സഹിക്കുന്നു.

Digitized By Kerala Sahitya Akademi

ത്താലാച്ഛാദിതഗാത്രിയായ വയലാ-
യീടും വധൂമൌലിയാൾ
ശൈലാഗ്ര്യച്ഛമരിങ്കൽനിന്നു മൃദുലാ-
ലാപം വലിപ്പൂ, വരി-
ച്ഛാലാന്നിട്ടൊഴുകുന്ന വർഷജലമാം
ശ്വേതാംശുകത്തെബ്ബലാൽ! 6

ലിൻനാഥൻെറയിരിമ്പുപെട്ടികൾ—നവാം
ഭോഗങ്ങൾ—ചേമ്പേ, നിന-
ക്കുന്നാളച്ഛദപാണികൾക്കെഴുതി-
ത്തീലെത്ര വെൺമുത്തിനെ?
എന്നാലും വെറി തീന്നിതില്ലി,വ വെറും
ശൂന്യങ്ങൾ മുൻമട്ടി;-വ-
യ്യെന്നാളും ശിവനേ, മലന്ന നിലതാൻ
ധാതാവിനാൽക്കല്പിതം! 7

---

6. ലീലാമോദം=കളി. ആച്ഛാദിതഗാത്രി=ശരീരം മറച്ചവൾ. ശൈലാഗ്ര്യം=ശ്രേഷ്ഠപർവ്വതം. മൃദുലാലാപം=ചെറുശബ്ദത്തോടേ; കളികൊഞ്ചലോടുകൂടിയെന്നും. മലമുകളിൽനിന്നു വയലിലെയ്ക്കു മഴവെള്ളം ഒഴുകുന്നതിനെ, ദമ്പതീക്രീഡാരൂപത്തിൽ പറഞ്ഞിരിയ്ക്കുന്നു.

7. ചേമ്പിൻെറ ഇലകളിൽ വീഴുന്ന വെള്ളത്തുള്ളികൾ എല്ലാം ഉരുണ്ടു താഴെ വീഴുന്നതു കണ്ടു പറയുന്നു. ഉന്നാള....ണികൾ=തണ്ടുയർന്ന ഇലകളാകുന്ന കൈപ്പടങ്ങൾ.

Digitized By Kerala Sahitya Akademi

ദീനാത്മാക്കളും നടന്നു ഞങ്ങളും പുഴപോ-
ലായുള്ളൊരേടത്തിലായ്;
ഞാനാ വേളയിലൊട്ടു നേർത്ത മഴ ക-
ണ്ടെൻതോഴനോടോതിനേൻ:
'പീനാഭ്രക്കരിമുക്കവപ്പരിഷ ചേ-
ർന്നാത്തിങ്ങു മത്സ്യം പിടി-
പ്പാനായ്ച്ചൂണ്ടയിട്ടന്നിതോ, നിഭൃതമീ
നീർധാരയാം നൂലിനാൽ!' 8

കൈതക്കെട്ടു ചുമന്നൊരേഴ ചെറുമ-
പ്പെണ്ണാ വഴിയ്ക്കെത്തിനാൾ;
'ഹോ, തമ്പ്രാക്കളെയിത്ത'മെന്നു,വളതാ,
വെള്ളത്തിലെയ്ക്കോടിനാൾ:
സ്വാതന്ത്ര്യത്തിനു ചുറ്റുമിത്രയകല-
ത്തോളം പടർന്നാളുവാ-
നേതത്യുഗ്രസമീരനോ തുണ, നിര-
ർത്ഥാചാരവഹ്നിയ്ക്കഹോ! 9

---

8. ദീനാത്മാക്കൾ=(മഴകൊണ്ടു)വലഞ്ഞവർ. പീനാ....ഷ= തടിച്ച കാറുകളാകുന്ന കറുത്ത മുക്കവർ. നിഭൃതം=നിശ്ശബ്ദം.

9. ഏതു കൊടുങ്കാറ്റുകൊണ്ടാണ്, തീണ്ടൽ തുടങ്ങിയ അർത്ഥമില്ലാത്ത ആചാരമാകുന്ന തീ മനുഷ്യരുടെ സ്വാതന്ത്ര്യത്തെ വളഞ്ഞു ചുട്ടുപൊള്ളിയ്ക്കുന്നത്? അനാചാരത്തിന്റെ ചൂടുമൂലമാണ്, അവൾ വെള്ളത്തിലേയ്ക്കോടിയതെന്നു കല്പനം.

Digitized By Kerala Sahitya Akademi

നീരാളും മുകിലിൻ നിറം തിരളുമെൻ-
        സഹ്യാചലാധീശ, നിൻ-
പേരാർഗ്ഗംഗ മികച്ച കുന്നുമുടയും-
        പാടല്ലി പായുന്നു ഹാ;
പാരാതീയൊരു ജാതിമൺചിറ ജവാൽ-
        ത്തട്ടിത്തകർക്കാൻ പുതു-
പ്പേരാറൊന്നൊഴുകട്ടെ നിന്നടിയിൽനി-
        ന്നു;-ന്നാൾ ശിവം കേരളം!

---

10. പേരാർഗ്ഗംഗ=പേരാറാകുന്ന ഗംഗ. ശിവം=സുഖകരം.

Digitized By Kerala Sahitya Akademi

3

ചക്രഗാഥ

(മഞ്ജരി)

ചങ്ങാതിമാർകളേ, പഞ്ഞപ്പിശാചിനെ-
ച്ചക്രംതിരിയ്ക്കു, തിരിയ്ക്കു നമ്മൾ:
ജാത്യാ സ്വതന്ത്രമാകിയ കൈക്കൊണ്ടു
ചീന്ത നരകക്കഴുത്തറുപ്പാൻ
നമ്മളെ ലോകൈകനായകനേല്പിച്ച
നവ്യസുദർശനചക്രമിതാ! 1

ചങ്ങാതി—

ത്യാഗിയാമമ്മഹാത്മാവാൽ പ്രകാശിത-
മാകിയ നിസ്തുലശ്രീചക്രമേ,
മന്ദിരംതോറും ലസിയ്ക്കു നീ; ഞങ്ങൾക്കു
മംഗളത്തിന്നതുമാത്രം പോരും! 2

---

1. ചക്രംതിരിയ്ക്കു=കഷ്ടപ്പെടുത്തുക. നൂൽച്ചക്രം തിരിയ്ക്കുന്നതു ദാരിദ്ര്യപ്പിശാചിനെ നശിപ്പിയ്ക്കലാണ്.. നരകക്കഴുത്ത്=ദാരിദ്ര്യംകൊണ്ടുള്ള കഷ്ടപ്പാട്. നരകാസുരന്റെ കഴുത്തെന്നും നവ്യ……ക്രം=പുതിയതും കാണാൻ ഭംഗിയുള്ളതുമായ ചക്രം; പുതിയ സുദർശനചക്രമെന്നും. ലോ……കൻ—നേതാവായ ഗാന്ധിജി.

2. 'ശ്രീചക്രം' എന്നു പേരായ ഒരു പൂജായന്ത്രമുണ്ട്; അതുള്ള വീട്ടിൽ ദാരിദ്ര്യം ഉണ്ടാകുന്നതല്ല.

Digitized By Kerala Sahitya Akademi

ചങ്ങാതി—

അങ്ങിങ്ങു കാററിൽപ്പാറക്കും പരുത്തിയെ-
ങ്ങെ?ങ്ങു തുച്ഛക്രമേ, നിൻപ്രഭാവം?
നിസ്സാരമെങ്കിലും ഞങ്ങളർപ്പിപ്പൂ
സുസ്വരസ്വസ്ത്യുക്ത്യാ കൈക്കൊൾവൂ നീ;
ആലായ് വരുന്നതു ഞങ്ങളിൽക്കാരുണ്യ-
ശാലിയാം നിന്നിളംപുഞ്ചിരിതാൻ! 3

ചങ്ങാതി—

ഹാ, വല്ല്യ വയ്ക്കോലുമല്ലയോ തിന്മവാൻ
ഗോവിന്നു കൊണ്ടുകൊടുക്കുന്നു നാം?
സ്വൈരമദ്ദേവിയോ, സുക്ഷീരപീയൂഷ-
ധാര ചുരത്തിത്തരുന്നു നിത്യം! 4

ചങ്ങാതി—

കോൾമയിർ കൊള്ളിപ്പൂ നിൻനാദമമ്മയെ.
കോമളം പൈതലിൻ കൊഞ്ചൽപോലെ.
കേവലശാന്തർതൻ സാമഗാനങ്ങളെ-
ക്കേട്ടുശീലിച്ചു ചെകിട്ടിനുണ്ടോ,
തീയു വിഴുങ്ങുന്ന യന്ത്രഭൂതങ്ങൾതൻ
തീവ്രാട്ടഹാസം സഹിയ്ക്കാവുന്നു? 5

---

3. സുസ്വ........ക്ത്യാ=നല്ല ശബ്ദമാകുന്ന 'സ്വസ്തി' ('നല്ലത്') എന്ന പറയലോടുകൂടെ.

4. സുക്ഷീ....ര=നല്ല പാലാകുന്ന അമൃതത്തിന്റെ ധാര.

5. അമ്മ—ഇന്ത്യ. കേവലശാന്തർ=തീരെ ശാന്തർ. സാമഗാനം=സാമവേദംചൊല്ലൽ. തീവ്രം=ഉഗ്രം.

Digitized By Kerala Sahitya Akademi

ചങ്ങാതി—

സുപ്രഭാതത്തിലെബ്ഭാസ്കരബിംബമാ-
മത്ഭുതചക്രത്തിൻ നൽക്കതിരേ,
നീളുക; നീയനേകായിരം നാഴിക
നീളുക, നന്മത്തിൻവെണ്മയോടേ;
ക്ഷുരിതൾക്കുള്ളത്തിനെക്കൊണ്ടാടി മൂളുന്ന
ക്ഷുമന്മാർ നിന്നെ വെറുക്കിലെന്താ? 6

ചങ്ങാതി—

വന്മഞ്ഞു വീഴ്ത്തു വെള്ളിമഴയെന്നു
വല്ലാതെ തൊറിഝരിയ്ക്കുമൂലം
പാരം തണുത്തു വിറച്ചു ചൂളിടുമീ-
പ്പാവങ്ങളായ ജനങ്ങളെ നീ
കേടേശാതുള്ള നിന്നംശുസംഘാതത്താൽ
പാടേ പുതപ്പിയ്ക്കു ചക്രഭാനോ. 7

ചങ്ങാതി—

നീയിഹ ചക്രമേ, നിർഗ്ഗമിപ്പിച്ചിട്ട-
മീയിഴയോരോന്നും ചേർത്തിണക്കി

---

6. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുവാനടുത്ത കാലത്തെയാണ് 'സുപ്രഭാത'മെന്നു പറഞ്ഞിരിയ്ക്കുന്നത്

7. വൻമഞ്ഞുവീഴ്ചവത്—മഞ്ഞു മുഴുത്ത വിദേശങ്ങളിലെ തണുപ്പുകൾ വന്നിറങ്ങുന്നത്. അംശുക്കൾ=നൂലുകൾ; കിരണങ്ങൾ എന്നും. സംഘാതം=കൂട്ടം. ഭാനു=സൂര്യൻ.

Digitized By Kerala Sahitya Akademi

ചേണാററ വെൺചാമരങ്ങൾ തീർത്തമ്മയാം
റാണിയെ വീശാവൂ ലോകർ വീണ്ടും! 8

ചഞ്ചാതി—

ശൈലച്ചെരുവിങ്കൽനിന്നു ചെറുകമ്പി
പോലൊരു നീർച്ചാൽ പുറപ്പെടുന്നു;
ഏതോ കരങ്ങൾതൻ വ്യാപാരംകൊണ്ടതു
നാൾതോറും വിസ്തൃതമായ് വരുന്നു;
പ്രീതർ കിടാങ്ങൾ മുകന്നീടുമാററി
മാതാവാം ഭൂദേവിയ്ക്കന്നെന്നേയ്ക്കും,
ചാരുഞെറി വെച്ച വെള്ളിയുടപ്പായും
തീരുന്നു; വിസ്മയമെന്നേ വേണ്ടു!

ചഞ്ചാതി—

കാട്ടിലെസ്സമ്രാട്ടായ്സ്സർവത്ര കയ്യൂക്കു
കാട്ടിത്തിമക്കുന്ന കേസരിയെ
നിത്തിത്തളയ്ക്കുന്നു താമരനൂൽകൊണ്ടേ
നിത്യം തിരിയുന്ന കാലചക്രം;
ആവിധം നിർജ്ജീവരായിക്കിടന്നോരിൽ—
ജ്ജീവസിരയെയും സ്പന്ദിപ്പിപ്പൂ! 10

---

8. ഇന്ത്യയ്ക്കു വീണ്ടും സ്വാതന്ത്ര്യം കിട്ടുമാറാകട്ടെ!

9. നൂൽച്ചക്രത്തെ മലച്ചെരുവായും, നൂലിനെ നീർച്ചാലായും കല്പിച്ചിരിയ്ക്കുന്നു.

10. സിര=ഞരമ്പ്. സ്പന്ദിപ്പിയ്ക്ക=ഇളക്കുക. കാലഗതിയാൽ എല്ലാം മാറി മറിഞ്ഞുവരുന്നു.

Digitized By Kerala Sahitya Akademi

ചങ്ങാതി—

നമ്മുടെ രാജ്ഞിതൻ ദിവ്യചക്രാങ്കിത-
പ്പൊന്മണിത്തൂക്കൊടിക്കൂറ താൻതാൻ
ധർമ്മക്ഷയോത്താപം തീരെശ്ശമിച്ചുപോ-
മമ്മട്ടിൽ വിണ്ണിനെ വീശീടട്ടേ;
ചങ്ങാതിമാർകളേ, പഞ്ഞപ്പിശാചിനെ-
ച്ചക്രം തിരിയ്ക്കൂ, തിരിയ്ക്കൂ നമ്മൾ!

---

11. ധർമ്മ....പം=ലോകത്തിൽ ധർമ്മം നശിച്ചുകണ്ടതുകൊണ്ടുള്ള വ്യസനം. സ്വാരാജ്യക്കൊടി ആകാശത്തു കിടന്നാടിക്കളിക്കുമാറാകട്ടെ.

Digitized By Kerala Sahitya Akademi

4

'അല്ലാഹ്'

(അന്നനട)

കഴൽച്ചുവട്ടിലി,ത്തിരിയൊന്നു തൊട്ടാൽ
മുഴക്കെപ്പൊള്ളിപ്പോമെരിമണൽപ്പുറം;
തലയ്ക്കു മീതെയോ, കമിഴ്ന്നുനിന്നു തീ-
യൊളിവെയിൽ തൂകും നഭോനെരുപ്പോടും;
അരയിൽത്തൂക്കിയൊരുടവാളാകുന്ന
പരിജനത്തോടൊത്തൊ,രുനാളിൽ മുന്നം,
മനോജ്ഞവും പുണ്യായതനവുമായ
'മദീനാ'യ്ക്കു പോകും മുഹമ്മദുനബി—
ചിരപ്രവൃദ്ധമാം തമസ്സകററുവാൻ
ധരയിലെയ്ക്കീശൻ നിയോഗിച്ച സൂര്യൻ—
ദിവി നിർത്തപ്പെട്ട പുരാണസൂര്യനാൽ
വിവിക്തമാം പഥി തപിപ്പിയ്ക്കപ്പെട്ടു. 1

---

1. മുഹമ്മദുനബി ഒരിക്കൽ മക്കത്തുനിന്നു മദീനായ്ക്കു പോകുമ്പോൾ വഴിയ്ക്കുവെച്ചു നടന്ന ഒരു സംഭവത്തെപ്പററി: നഭോനെരുപ്പോട്=ആകാശമാകുന്ന തീക്കലം. അരയിൽ....പരിജനം —ഒരു വാൾമാത്രമല്ലാതെ, സഹായത്തിന്നു വേറെ ആരുമുണ്ടായിരുന്നില്ല. പുണ്യായതനം=പുണ്യസ്ഥലം. ചിരപ്രവൃദ്ധം=ഏറെനാളായി പെരുത്തുവന്ന. തമസ്സ്=അജ്ഞാനം; ഇരുട്ടെന്നും. ദിവി=ആകാശത്ത്. വിവിക്തം=വിജനം. നബിയെ രാജാക്കന്മാരും മററും ദ്രോഹിച്ചിരുന്നത് ഇതിൽനിന്നു ധ്വനിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

പകലിനായുസ്സു പകുതി ചെന്നപ്പോൾ
പ്രകടമായി,തൽപ്രതാപവൈഭവം;
എരിതീയിലിട്ടു പഴുപ്പിച്ചുവെച്ചോ-
രിരിമ്പുഗോളമോ, വിരിഞ്ചാണ്ഡമിപ്പോൾ! 2

പരമേശനതിത്തഴമ്പു പൊങ്ങിയ
ചിരിനൊറ്റിയിന്മേൽ വിയപ്പുമുത്തുമായ്
ഒരു പാദപത്തെശ്ശരണം പ്രാപിച്ചാ-
നു,രുതണൽ തപ്തക്കുതകമിപ്പാനാർത്തർ!
ഗുണവാനാത്തരു വിരിച്ചിട്ടിരുന്നു
തണലാകും ശ്യാമപ്പുരവതാനിയെ;
അതിന്നങ്ങിങ്ങി,ലപ്പഴുതികളൂടെ
പതിയ്ക്കുമാതപം കനകപ്പുള്ളിയായ്! 3

വരദ്രുമത്തിൻറയുപചാരം കൈക്കൊ-
ണ്ടുറയിട്ട കൈവാളതിൻകൊമ്പിൽത്തൂക്കി,

---

2. പകലി....പ്പോൾ=ഉച്ചയായപ്പോൾ; യൌവനം വന്നപ്പോൾ. പ്രകടമായി=വെളിപ്പെട്ടു. തൽ....വം=അതിൻറ (പകലിൻറ) പ്രതാപത്തിൻറ (വെയിലിൻറ എന്നും) ശക്തി. വിരിഞ്ചാണ്ഡം=ബ്രഹ്മാണ്ഡം.

3. പര....തി=ദൈവത്തെ നമസ്കരിയ്ക്കൽ. ഉരു=വലിയ. ആർത്തർ=ദുഃഖമുള്ളവർ എന്നും.

Digitized By Kerala Sahitya Akademi

മലൎന്നു കിടന്നരുളിനാൻ നബി:—
യലസമായ് സ്വയമടഞ്ഞു ലോചനം;
ഇരുവശങ്ങളിൽക്കുഴഞ്ഞുവീണു, പൊൻ-
പരിഘംപോലെ നീണ്ടുരുണ്ട കൈകളും.
വെയിൽനിലം വിട്ടു തണൽപുക്കദ്ദേഹം
ലയിച്ചിതു സുഖസുഷുപ്തിയിൽ ക്രമാൽ—
അതേ, സംസാരോഗ്രജ്വരത്തെപ്പിന്നിട്ടു
ചിദേകാനന്ദത്തിൽ നിലീനനായ് മുനി! 4

പെരുംചൂടാലന്തഃകളനാദാമൃതം
വരണ്ടുവററിയ ഗളനാളത്തോടും
മരക്കൊമ്പുകളിലിലകളാലുടൽ
മറച്ചു മേവിന ചില പറവകൾ
തളൎന്ന കൺകൊണ്ടത്തിരുമുഖത്തിലെ-
ക്കുളിർമാധുര്യത്തെ നുകരുകയായി! 5

---

4. വരദ്രുമം=ഉത്തമവൃക്ഷം. പരിഘം=ഉലക്ക. സംസാരദുഃഖംവിട്ടു ബ്രഹ്മാനന്ദത്തിൽ ലയിക്കുന്നതും, വെയിൽനിലം പിന്നിട്ടു തണലിൽക്കിടന്നുറങ്ങുന്നതും ഒരുപോലെയാണെന്നു പറയുന്നു.

5. അന്തഃ....തം=അകത്തെ മനോഹരശബ്ദമാകുന്ന അമൃതം. ഗളനാളം=കഴുത്ത്. ആ മരത്തിന്മേലുണ്ടായിരുന്ന പറവകളും നബിയുടെ മുഖത്തേയ്ക്കു് ഉററുനോക്കിക്കൊണ്ടിരുന്നു.

Digitized By Kerala Sahitya Akademi

തിരുവടിയ്ക്കിങ്ങു സുവിശ്രമഭംഗം
വരുത്തുവാനൊരാളുതാ, പാഞ്ഞെത്തുന്നു—
അരുത,ട്ടത്തിടായ്കരേ ദുഷ്ട; നീയേ-
തിരുവടിക്കഴിയിൽനിന്നെഴുന്നേറ്റുവന്നു
നരകാഗ്നൻ നീ;-യിഗ്ഗുരുസന്നിധിയോ,
മരുഭൂവായാലും മഹനീയസ്വർഗ്ഗം!
അകന്നൊഴിഞ്ഞു പോക:-ഴുക്കനീർ നീ;-യി-
ബ്ബ്ഗവന്മൂർത്തിയോ, പരിശുദ്ധതീർത്ഥം—
ദുരഹംകാരം നീ;-യിതോ, ശാന്തിഗുണം—
അറുകപടം നീ;-യിതോ, സാക്ഷാൽസ്സത്യം! 6

ജയിച്ചുപോയ് താനെന്നൊരു ഭാവം മുഖ-
ത്തിയന്നു ചെന്നാട്ടത്ത,വിശ്വാസിയവൻ—
ചരാചരേശനിച്ഛതി കാണുന്നില്ലേ!—
മരക്കൊമ്പത്തുനിന്നൊട്ടത്താനക്‌ഖഡ്ഗം.
അസി കൈക്കലൊക്കിയതു മറ്റൊന്നിന-
ല്ല:-വന്റ തന്മനോരഥം നിറവേറാൻ
മുഹമ്മദിൻെറ തൃക്കഴുത്തു വെട്ടണം—
മഹാമതത്തിൻെറ മുരടറുക്കണം!

---

6. സുവിശ്രമഭംഗം=വിശ്രമത്തിന്നു ഉടവ്. മഹനീയം=പൂജ്യം.

Digitized By Kerala Sahitya Akademi

അഹോ വൈപരീത്യം: കൊലപാതകികൾ-
ക്കഭയസ്ഥാനങ്ങൾ സുലഭം ലോകത്തിൽ;
പൊരുൾ കാട്ടി നമ്മെസ്സൃജിച്ചിതരാക്കും
ഗുരുവരനാകേക്കാ, പൊറുതിയില്ലെങ്ങും! 7

നബിയുടനുണർന്നവനെ വീക്ഷിച്ചാൻ
നറുംപ്രസന്നത തിരണ്ട തൃക്കണ്ണാൽ;
തല കൊയ്യാൻ വന്ന രിപുവവിടെയ്ക്കു,
പല നാളാൽക്കാണും പ്രിയവയസ്യനോ!
ചിരിയുൾക്കൊണ്ടവൻ ചെകുത്താൻെറ വായ്കൊ-
ണ്ടൊരു ചോദ്യം ചെയ്താൻ:-'എടോ മഹമ്മതേ,
ഇതാ, നിൻചാവിതാൻ നിൻനിണം കുടിയ്ക്കുയായ്;
ഇതിൽനിന്നു നിന്നെയെവൻ സംരക്ഷിയ്ക്കും?
പ്രജകൾതൻകുററം പൊറുത്തരുളുവാൻ
ത്രിജഗതീപിതാവൊടു പലപ്പോഴും
നിബിഡപ്രേമത്താലപേക്ഷിച്ചുപോന്ന
നബിത്തിരുനാവിൻ തലയ്ക്കൽനിന്നപ്പോൾ,

---

7. അവിശ്വാസി=മുഹമ്മദുമതത്തിൽ വിശ്വാസമില്ലാത്തവൻ. അസി=വാൾ.

8. നിബിഡപ്രേമം=നിറഞ്ഞ സ്നേഹം. കരാളൻ=ഭയങ്കരൻ. നിഷ്പതിയ്ക്കു=പുറപ്പെടുക. 'നിന്നെ ആർ രക്ഷിയ്ക്കും?' എന്ന ചോദ്യത്തിനു 'അല്ലാഹ്' (ദൈവം)എന്നു മറുപടി പറയുമ്പോൾ

Digitized By Kerala Sahitya Akademi

ഗുരുവധക്രിയയ്ക്കുഴറിനില്ക്കുമ-
ക്കരാളന്നും കൈവാൾ വഴുതിപ്പോംവണ്ണം
അതിസ്നിഗ്ദ്ധഭക്തിരസമൊഴുക്കി നി-
ഷ്പതിച്ചിത,‘ല്ലാഹെ’ന്നൊരു ചെറുപദം! 8

നബിയുടെ മുഖത്തു സ്ഫുരിച്ച ഭക്തിരസത്തിന്റെ ഒഴുക്കു, **കൊലയാളിയുടെ** കയ്യിലുള്ള വാളിനെ വഴുതിവീഴിച്ചുകളഞ്ഞു!

Digitized By Kerala Sahitya Akademi

5

ഭക്തിയും വിഭക്തിയും

(കേക)

രണ്ടു നാഴികയായി,
പശ്ചിമജലാശയ-
ക്കണ്ടിലെയ്ക്കിറങ്ങിയി-
ട്ടാകാശപാന്ഥൻ സൂര്യൻ;
യാത്രയ്ക്കു സമുദ്യുക്ത-
യായിട്ടില്ലിവിടെനി-
ന്നാത്തപാടലാംബര-
യാകിയ സന്ധ്യാദേവി:
ദീപാരാധനയിങ്കൽ-
ഗ്ഗുരുവായൂരപ്പൻതൻ
ശ്രീപദം പണിയുവാൻ
കാത്തുനില്ക്കുകയാവാം! 1

പരിതോ ദീപപ്രഭാ-
പംക്തിയാൽ പകൽ പോയ-

---

1. സമുദ്യുക്ത=ഒരുങ്ങിയവൾ. ആത്ത........ര=ഇളംചുകപ്പുള്ള അംബര(ആകാശവസ്ത്ര)ത്തോടുകൂടിയവൾ. പുരുഷന്മാരെക്കാൾ സ്ത്രീകൾക്കു ഭക്തിവിശ്വാസങ്ങൾ കൂടിയിരിക്കുന്നതു പ്രകൃതിസ്വഭാവമാണ്.

Digitized By Kerala Sahitya Akademi

തറിയാത്തുദ്ദ്യോതിയ്ക്കും
ശ്രീഗുരുവായൂർക്ഷേത്രം,
ഗോവിന്ദ, ഹരേ, കൃഷ്ണേ-
ത്യാദിനാമോച്ചാരത്താ,-
ലാവോളം മുഴങ്ങുന്നു
വൈകുണ്ഠപുരംപോലേ.
ഇടയ്ക്കുയൊലിയൊത്തു
തിരുനാമോൽഘോഷങ്ങൾ-
ക്കിടയ്ക്കു കേൾക്കാകുന്നു
രമ്യാഷ്ടപദീഗാനം;
നടയ്ക്കൽ നാനാതര-
മാളുകൾ നില്പുണ്ടു വീ-
ട്ടുടക്കി, നെഞ്ചിൽച്ചേർത്ത
കൂപ്പുകൈകളുമായി.
ഈറനായ്ച്ചുരുൾത്തുമ്പിൽ-
ക്കെട്ടിയ കരിക്കുന്തൽ-
ക്കാറിനാൽ മറഞ്ഞുള്ള
നിതംബബിംബത്തോടും,
ശുഭ്രവസ്ത്രാലങ്കാര-
ച്ചേലൊടും വിളങ്ങിനാ-
രത്തുട്ടതാംഗിമാരങ്ങി-
ങ്ങപ്സരസ്സുകൾപോലേ. 2

---

2. പരിതഃ=ചുററം. സ്ത്രീകളെ അപ്സരസ്സുകളോടുപമിച്ചതു ക്ഷേത്രത്തെ വൈകുണ്ഠത്തോടുപമിച്ചതിനു യോജിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ശ്രീകോവിൽനടയതാ,
തുറന്നു; പുതിയൊരു
ലോകമിതേതോ ഹന്ത,
ശോഭനതേജോമയം!
കർമ്മസാക്ഷിയാം ദേവൻ
പടിഞ്ഞാറുദിച്ചിതോ!
കർമ്മനക്ഷത്രവ്രാത-
മേകത്ര കൂടിച്ചേർന്നോ!
ചന്ദനാലേപം ചാർത്തി-
ശ്ശോഭിപ്പൂ തിരുമുഖം,
മന്ദഹാസാർദ്രം, മണി-
പ്പൊൻകിരീടത്തിൻ താഴേ;
നിർന്നിമേഷമായ് നില്പൂ
നേത്രമേ: ഭാഗ്യശാലിതാ,
നിന്നിലെയ്യോഴുകുന്നു
സച്ചിദാനന്ദാമൃതം!
പേലവമണം വിള-
യാടിന വാടാമലർ-
മാലകൊണ്ടലംകൃത-
മാകിയ തിരുമാറിൽ

---

3. കർമ്മസാക്ഷി=സൂര്യൻ. വ്രാതം=കൂട്ടം. ചന്ദനാലേപം=അരച്ച ചന്ദനം. പേലവം=മൃദു. പുരുരാഗം=നല്ല ചുകപ്പ്; മൂർദ്ധാന

Digitized By Kerala Sahitya Akademi

പുഷ്യരാഗത്താൽപ്പോലേ
പററിനില്പതു ഹാഹാ,
പരന്ന പൊൻപോളയോ,
ചെംപൊയ്ത്താർമകടംതാനോ!
പാടീരവരപുഷ്പ-
കർപ്പൂരധൂപാദ്യത്തിൻ
പ്രൌഢമാം പരിമളം
നാലുഭാഗത്തും വീശി
നിർവ്വൃതിപുളകിത-
രാക്കി ലോകരെ വീണ്ടും,
നിഷ്കളസ്വരൂപൻെറ
ഭക്തവാത്സല്യംപോലേ!
മണ്ഡപത്തിലും മററും
തൂക്കിയ മണികളും
മന്നിൽവാനവരുടെ
കൈവിരൽസ്സ്പർശംമൂലം
ചിക്കെന്നെങ്ങുണന്നപോ-
ലുച്ചത്തിൽ സ്തുതിയ്ക്കയായ്
ചിൽക്കാമ്പാം മുകുന്ദനെ-
ച്ചലിയ്ക്കും നാക്കുകളാൽ!

രാഗമെന്നും വെം........കരം=ലക്ഷ്മീദേവി. പാടീരവം=ചന്ദനം. പ്രൌഢ=മുഴുത്ത. നിർവ്വൃതി=ആനന്ദം. നിഷ്കളസ്വരൂപൻ=പൂർണ്ണ

തീർത്ഥവും 'പ്രസാദ'വും
    വാങ്ങാനോ, രജനിതൻ
താർത്തെന്നലവിടത്തി-
    ലൊതുങ്ങിപ്പെരുമാറീ!
പൂനിലാവിനാൽ വെള്ളി
    പൂശിയ തിരുമുററം
പാൽനറുംകടൽപോലേ
    തിളങ്ങീ ചുഴലവും;
അമ്പലം വലംവെയ്ക്കു-
    ന്നവർതൻ ധൌതാംബര-
ത്തുമ്പുകറം കാററത്തുല-
    ഞ്ഞലകളതിൽച്ചേർത്തു! 3

  മണ്ഡപത്തായിന്മേൽ
    മേവിന മററയോർതൻ-
മണ്ഡലത്തിൽനിന്നൊരു
    കേരളക്ഷമാദേവൻ,
ഭജനനതികളാൽ
    സ്പഷ്ടമായ് ലഭിച്ചോരു
ഭഗവൽപ്രസാദത്താ-
    ലങ്കിതലലാടനായ്

ത്താവ്. താർത്തെന്നലിനു രജനിയുടെ ഭൃത്യൻെറ സ്ഥാനമാണു് നല്കീയിട്ടുള്ളതു്. ധൌതാംബരം വെള്ളവസ്ത്രം.

Digitized By Kerala Sahitya Akademi

പുറത്തെയ്യേഴുനള്ളി-
സ്സൽക്ഷേത്രപ്രദക്ഷിണം
മുറയ്ക്കു തുടങ്ങിനാൻ
ജപസംഖ്യാലിതോഷ്ഠൻ. 4

അധീരശാന്താത്മാവിൻ
പിന്നാലെക്കൂടി,യൊരു
ശ്രദ്ധനാം നമ്പൂതിരി
മന്ദമൊന്നുരചെയ്താൻ: —
“ഉണ്ടൊരുകൃതി—അല്ലാ,
വികൃതി—എൻേറതായ്;ച്ചൊൽ-
ക്കൊണ്ടെഴുമങ്ങുന്നതിൻ
പിഴകാം തീർത്താൽക്കൊള്ളാം;
‘പച്ച’യാണിതെന്നാലും,
പട്ടേരി നോക്കിത്തന്നേ
പന്തിയാവുള്ളു”—ഭട്ട-
തിരിയോ മുന്നിൽ? അതേ:
ആയിരം സുസംസ്കൃത-
ശ്ലോകപുഷ്പത്താൽ ഗുരു-
വായുമന്ദിരേശനെ-
പ്പൂജിച്ചു, വഴിപോലേ

4. ക്ഷമാദേവൻ=ബ്രാഹ്മണൻ. അങ്കിതലലാടൻ=അടയാളപ്പെട്ട നെററിയോടുകൂടിയവൻ....‘നമസ്കാരമുഴ’യെ ഭഗവൽപ്രസാ

Digitized By Kerala Sahitya Akademi

✓ ‘ആയുരാരോഗ്യസൌഖ്യം’
നേടിയ കവീന്ദ്രനാം
ശ്രീയുതനാരായണ-
ഭട്ടപാദരോടത്രേ,
കൈരളീമയമാകും
തൻകൃഷ്ണകർണ്ണാമൃതം
സാരമായ്സ്സംശോധിപ്പാൻ
സാദരമപേക്ഷിച്ചു,
പൂന്തേനാം പല കാവ്യം
കർണ്ണന്നു നിവേദിച്ച
പൂന്താനം ജ്ഞാനപ്പാന
പാടിയ പുംസ്കോകിലം!
തെല്ലൊരസ്വാരസത്തിൽ–
ച്ചൊല്ലി മേല്പത്തൂർ: ‘മററു
വല്ലവരെയും കാട്ടി–
ക്കൊള്ളുക ഭാഷാശ്ലോകം.’

ത്തിന്റെ ചിഹ്നമായി കല്പിച്ചിരിക്കുന്നു. ജപ.......ഷ്ഠൻ=ജപം കൊണ്ടു ചുണ്ടനങ്ങുന്നവൻ.

5. ഭട്ടതിരിയുടെ ‘നാരായണീയ’ത്തിൽ ആയിരത്തിൽപ്പുറം ശ്ലോകങ്ങളാണുള്ളത്; അതിലെ ഒടുക്കത്തെപ്പദ്യം ‘ആയുരാരോഗ്യ സൌഖ്യം’ എന്നാണവസാനിക്കുന്നത്. പുംസ്കോകിലം=ആൺകുയിൽ. ‘പുഷ്ട’ത്തിനും ‘പൂന്തേനി’നും, ‘പൂജിക്കു’ലിനും ‘നിവേദി”

Digitized By Kerala Sahitya Akademi

കഷ്ടം,മീ ബ്രഹ്മജ്ഞൻതൻ
സമ്യഗ്ജ്യോതിസ്സിലും
തട്ടിയോ, തവ നിഴൽ
പാണ്ഡിത്യക്കെട്ടുഗവേ! 5

കിന്നപീദമുചിതം തേ:
കൈരളീ വരാകീയം
സന്നതാ നിരസ്യതേ
യത്സുരവാണി, ത്വയാ?
ഉത്തരക്ഷണത്തിൽത്താൻ
മറഞ്ഞു പൂന്താനു;-മ-
ശ്ശുദ്ധബ്രാഹ്മണനാശാ-
ഭംഗത്തിൽ മുങ്ങിപ്പോയോ! 6

ഭട്ടപാദക്കു ശമി-
ച്ചിരുന്ന വാതവ്യാധി
പെട്ടെന്നു പെരുതായി-
ത്തീർന്നിതാ രാവിൽത്തന്നെ;

ക്കുലിനുമുള്ള പരസ്പരവ്യത്യാസം നോക്കുക. സമ്യഗ്ജ്യോതിസ്സ്= സമ്യദൃഷ്ടിപ്രഭ.

6. 'കിന്നപീദം.......ത്വയാ'=അല്ലയോ സംസ്കൃതഭാഷേ, (ഭവതിയെ വന്നു) കുമ്പിടുന്ന ഈ പാവമായ മലയാളഭാഷയെ തള്ളിക്കളയുന്നതു ഭവതിക്കുചിതംതന്നെയോ? ഉത്തരക്ഷണം=അടുത്തക്ഷണം. 'ഭംഗം' എന്നതിന്ന് ഓളം എന്നുകൂടി അർത്ഥമുണ്ട്.

Digitized By Kerala Sahitya Akademi

കൈകാൽകഠം കോച്ചി വലി–
ച്ചാർത്തനായവിടുന്നു,
ഹാ, കൃഷ്ണ ഹരേ! എന്നു
കേണരുളുകയായീ!
കട്ടവിലൊരുവിധ–
മൊന്നു കണ്ണടച്ചപ്പോ–
ളൊരു കോമളബാല–
നരികേ കാണായ്വന്നു:
പീലികഠം തിരുകിയ
കാർകഴൽക്കെട്ടും, നൽപ്പൊ–
ന്നോലസ്സു കിലുങ്ങിടു–
മരയിൽ മഞ്ഞപ്പട്ടും,
ചെന്തളിർക്കയ്യിലൊരു
കൊച്ചോടക്കുഴലും—ഹാ,
ഹന്ത, കൈതൊഴാം, തൊഴാ–
മമ്പാടിമണിക്കുഞ്ഞേ!
ആയിളംചൊടിയിൽനി–
ന്നന്തണാവരന്നു കേഠം–
ക്കായിതിങ്ങനെയൊരു
മുരളീകളഗീതം:—

---

7. ഭട്ടപാദർക്ക് ഒരു വാതരോഗമുണ്ടായിരുന്നു; നാരായണീയം ഉണ്ടാക്കിത്തീർന്നപ്പോഴാണ് അതു മാറിയതെന്ന് ഐതിഹ്യം.

Digitized By Kerala Sahitya Akademi

"അന്യഭാഷാകവിയുടെ
സങ്കടം തീർക്കി;—നി—
ത്തൽപ്രീതിയല്ലാതില്ലാ
മരുന്നീ രോഗം മാറാൻ;
കേളിയേറിന മേല്പ
ത്തൂരിൻെറ വിഭക്തിയെ-
ക്കാളിഹ പൂന്താനത്തിൻ
ഭക്തിയാണെനിയ്ക്കിഷ്ടം!" 7

മുരളീ........ഗീതം=മനോജ്ഞമായ വേണുനാദം. വിഭക്തി=വ്യുൽ-
പത്തി.

6

നാഗില

I

ഗുരുപാദർ വെടിഞ്ഞു മൌനം:—'മാരീ-
ത്തരുണൻ ക്ലുപ്തവിവാഹനവ്യവേഷൻ?'
തിരുമുമ്പിൽ നമിച്ചു ശിഷ്യ,'നിയ്യാ-
ളൊരു ദീക്ഷാവരനെൻകനിഷ്ഠനെ'ന്നാൻ. 1

അനുജാതനു മൈ തരിച്ചു: താനി-
യനുരാഗാമൃതമാശു തട്ടിനീക്കി,

---

1. ഒരു ബൌദ്ധപുരാണകഥാംശം: ചെറുപ്പത്തിൽത്തന്നെ ബൌദ്ധസന്യാസം എടുത്ത 'ഭവദത്തൻ' എന്നൊരാൾ ഒരിയ്ക്കൽ അനുജനായ ഭവദേവനെ തൻെറ ഗുരുവിൻെറ അരികത്തേയ്ക്കു കൊണ്ടുചെന്നു. അതു കണ്ടു ഗുരു ചോദിച്ചു. ക്ലുപ്ത....ഷൻ=പുതുതായണിഞ്ഞ വിവാഹവേഷമുള്ളവൻ: ദീക്ഷാവരൻ=ബൌദ്ധസന്യാസം ആവശ്യപ്പെടുന്നവൻ. ദീക്ഷകൊള്ളുന്നവൻ ഗുരുവിൻെറ അടുക്കൽ പത്തു കൂട്ടത്തെപ്പററി എന്നെന്നെയ്ക്കുമായി പ്രതിജ്ഞ ചെയ്യണം: 1. അഹിംസ, 2. അദത്താഗ്രഹം (=തരാത്തതെടുക്കാതിരിയ്ക്കു), 3. ബ്രഹ്മചര്യം, 4. അസത്യോക്തി (അതു ചെയ്യില്ലെന്നു), 5. മദ്യവർജ്ജനം, 6. അകാലഭുക്തിവർജ്ജനം, 7. മാല്യഗന്ധദ്രവ്യവർജ്ജനം, 8. ഉച്ചശയനമഹാശയനവർജ്ജനം (=ഉയരത്തും മേത്തയിലും കിടക്കാതിരിയ്ക്കു), 9. നൃത്യാദിദർശനവർജ്ജനം, 10. കനകരജതധാരണവർജ്ജനം (=സ്വർണ്ണം വെള്ളി ഇവ ധരിയ്ക്കാതിരിയ്ക്കു) എന്നീ പത്തു കൂട്ടത്തിനു 'ദശശീലം' എന്നു പേർ.

Digitized By Kerala Sahitya Akademi

അനുവേലമതാതിടത്തു ഭൈക്ഷ്യ-
ത്തിനു പാഴ്ക്കുമ്പിളുമായ് നടക്കകെന്നോ! 2

'ഭവദേവ'നൊഴിഞ്ഞുമാറുമെമ്മ-
ട്ടു?-വനെപ്പൂർവ്വജഭക്തി കീഴടക്കി!
യുവകാലഗൃഹീതബൌദ്ധദീക്ഷൻ
'ഭവദത്തൻ' ഗുരുവോടുണർത്തി വീണ്ടും:— 3
'നിലയത്തിലിവൻ നവോഢയാകും
കുലകന്യയ്ക്കണി ചേർക്കയായിരുന്നു:—
മലർസായകചാപയഷ്ടിയിന്മേൽ-
ച്ചില ചായപ്പണി ചെയ്കയായിരുന്നു! 4
ഭവനത്തിലണഞ്ഞുഞാൻ തദാനി:-
മിവനാ വാർത്തയറിഞ്ഞതോടുകൂടി,

---

2. അനുവേലം=കൂടെക്കൂടെ. ഭൈക്ഷ്യം=പിച്ചതെണ്ടി കിട്ടുന്നത്. അമ്മയും കളഞ്ഞു ഭിക്ഷയെടുക്കുകയോ! ജ്യേഷ്ഠൻ തന്നെക്കൊണ്ടു ദീക്ഷയെടുപ്പിപ്പാനാണ് ഇങ്ങോട്ടുകൊണ്ടുപോന്നതെന്നത് ആയാൾ ഇപ്പോഴെ അറിഞ്ഞുള്ളു.

3. എന്നാൽ ആയാൾക്കു ഇതിൽനിന്നൊഴിഞ്ഞുകൂടേ എന്നതിനു പറയുന്നു: യുവ....ക്ഷൻ=യൌവനത്തിൽത്തന്നെ ദീക്ഷയെടുത്തവൻ. ഭവദേവൻ അനുജൻ; ഭവദത്തൻ ജ്യേഷ്ഠൻ.

4. നിലയം=ഗൃഹം. വിവാഹകർമ്മത്തിനുശേഷം വധുവിനെ വരൻ ചമയിക്കുക ആ വർഗ്ഗക്കാരുടെ ആചാരമാണ്. മലർ....ഷ്ടി=കാമദേവന്റെ വില്ല്—വധു.

5. 6. സവിധം=സമീപം പൂർവ്വോത്ഭവൻ=ജ്യേഷ്ഠൻ. ഗൃഹസംഗതർ=വീട്ടിൽ വന്നു ചേർന്നവർ. കർമ്മ....ഹർ=കർമ്മത്തിനു

Digitized By Kerala Sahitya Akademi

സ്വവധൂസവിധത്തിൽനിന്നു പൂർവ്വോ–
ത്ഭവനെക്കണ്ടു തൊഴാൻ പുറത്തിറങ്ങി, 5

ഗൃഹസംഗതരായ കർമ്മഭംഗാ–
സഹർ ബന്ധുക്കൾ ബലാൽ വിലക്കിയാലും
സഹസാ സമനുവ്രജിച്ചിതെന്നോ,–
സ്സഹജസ്നേഹഗുണാഭികർഷണത്താൽ. 6

ഇളതാം വിഷയച്ചെടിയ്ക്കു പൊന്നൺ–
വളമേകം തൊഴിൽകൊണ്ടു തൻകരത്തിൽ
വളരെച്ചുളി പറ്റിനില്പതിയ്യാൾ
കളയട്ടേ, ഗുരുപാദതീർത്ഥനീരാൽ!' 7

കരുണാർദ്രിതനായ്ക്കനിഷ്ഠനോടും
ഗുരു ചോദിച്ചു– 'യതിവ്രതേച്ഛുവോ നീ?'
ഒരുമട്ടവനുച്ചരിച്ചു, 'പാഴാ–
കരുതെന്നായ്‌വചസ്സിതെ'ന്നു മാത്രം! 8

(വധുവിനെ ചമയിയ്ക്കലിന്നു) വിഘ്നംവരുത്തുന്നതു പൊറുക്കാത്തവർ. സഹസാ=ഉടനെ. സമനുവ്രജിയ്ക്കു=പിന്നാലെ പോരുക. സഹ......ത്താൻ=സഹോദരസ്നേഹമാകുന്ന ഗുണം=(സൽസ്വഭാവം, കയർ) പിടിച്ചുവലിച്ചതുകൊണ്ട്.

7. നവോഢയെ ഇളതാം വിഷയച്ചെടിയായും, വധുവെ ചമയിയ്ക്കലിനെ പൊൺവളമേകലായും അധ്യവസായം. ഗുരൂപദേശം വിഷയാസക്തിയെ കളയുമല്ലോ.

8. കരുണാർദ്രിതൻ=ദയകൊണ്ടലിഞ്ഞവൻ. യതി.... ച്ഛു=സന്ന്യാസം ആഗ്രഹിക്കുന്നവൻ. ഭവദേവനുള്ള വൈമനസ്യം ഉത്തരാർദ്ധത്തിൽ നല്ലവണ്ണം വ്യക്തമാകുന്നു.

Digitized By Kerala Sahitya Akademi

ഭേദത്തെ ചാരിതാർത്ഥ്യമായി:
ഭവനീരാഴിയിലാഴ്ത്തിന്നു മുന്നേ
സ്വചരാനുജനെക്കരയ്ക്കു കേററാ-
നവനാഹന്ത, തരം ലഭിച്ചുവല്ലോ! 9

അരിയോരരുണാബ്ജവാപിയെന്നോ-
ത്തെരിതീക്കണ്ടിലണഞ്ഞിറങ്ങുവോനെ
പരിചോടു പിടിച്ചു മാററിയോൻതൻ
ശരിയാം നിർവൃതി തന്മുഖത്തു മിന്നീ! 10

*　　　*　　　*　　　*

വടിവിൽസ്സുഖഭോഗ്യമാം ഗൃഹത്തിൻ
പടി കേറിബ്ഭുവഃഭവനാം കുമാരൻ,
ഝടിതി വ്രതഖേദജീർണ്ണഭിക്ഷു-
ക്കടിലുറപ്പുകണ്ടതിൽ വിസ്മയിച്ചു ലോകം! 11

ഉടൽ പാതിയണിഞ്ഞ പത്നിതൻ പൊൽ-
ക്കടമൊക്കം മുലകൾക്ക, ദൈവയോഗാൽ,

---

9. ചാരിതാർത്ഥ്യം=കൃതാർത്ഥത. ഭവനീരാഴി=സംസാരസമുദ്രം.

10. അരിയ—നല്ല. അരുണാ....പി=ചെന്താമരക്കുളം.

11. സുഖഭോഗ്യം=സുഖങ്ങൾ അനുഭവിക്കാവുന്നത്. ഗൃഹം=ഗൃഹസ്ഥാശ്രമം; ഭവനം എന്നും. ജീർണ്ണം=പഴകിയ. വിവാഹം കഴിഞ്ഞ ഉടനെ വ്രതാനുഷ്ഠാനക്ലേശം പെരുത്ത സന്യാസമെടുത്തതിൽ ആശ്ചര്യപ്പെട്ടു.

Digitized By Kerala Sahitya Akademi

സ്ഫുടമാ പ്രിയവിപ്രയോഗദുഃഖോൽ-
ക്കടബാഷ്പാവലിയായി, മുത്തുമാല്യം! 12

ശ്രീമത്താം ഗൃഹമൊടു യാത്ര ചൊല്ലി,യാര്യ-
പ്രേമത്താലവനൊരു സാധുവായ് നടന്നു;
വൈമല്യം തിരളുമവന്റെ തീവ്രരാഗം
പാഴ്മഞ്ഞത്തുണിയിൽ മറഞ്ഞിരുന്നു നീണാൾ! 13

II

മുട്ടാതതാതു ദിശി ചുററിയയാൾ കടന്നി-
തെട്ടാണ്ടു,യാളുടെ കണക്കിലൊരെട്ടു കല്പം:—
കെട്ടാറിയില്ല വിഷയവ്യസനം തരിമ്പും:
തൊട്ടാൽ ഭവപ്പശയകത്തിഴുകിപ്പിടിക്കും! 1

ഒന്നിച്ചുതാനിതിനിടയ്ക്കൊരുപാടുമാററം-
വന്നിങ്ങു ലോകനിലയെത്ര പകർന്നിരിക്കാം;
കുന്നിച്ചുരാഗമിവനപ്പടിതന്നെയിന്നും;
ചെന്നില്ല കാലഭഗവാനുടെ കയ്യതിന്മേൽ! 2

---

12. പ്രിയ....വലീ=ഭർത്തൃവിയോഗത്താൽ ഇടവിടാതെ ഒഴുകുന്ന കണ്ണുനീർത്തുള്ളികൾ.

13. ആര്യപ്രേമം=ജ്യേഷ്ഠസ്നേഹം. സാധു=സന്യാസി; പാവം എന്നും. വൈമല്യം തിരളും=നിർമ്മലമായ.

1. വിഷയവ്യസനം=വിഷയത്തിലുള്ള ആസക്തി. ഭവപ്പശ=സംസാരമാകുന്ന പശ. ഭവദേവൻ അതിനെ തൊട്ടതേ ഉള്ളവല്ലോ.

Digitized By Kerala Sahitya Akademi

'എന്നാളുമേ തൊടുകയില്ലിനി ഞാൻ സുവർണ്ണ-'
മെന്നാം പ്രതിജ്ഞ, 'ദശശീല'പരിഗ്രഹത്തിൽ;
എന്നാൽത്തുലോമപടുവിജ്ജിനയോഗി,നെഞ്ചിൽ-
നിന്നാ സപകാന്തയുടെ പൊന്നുടൽ നീക്കിവെപ്പാൻ
ധ്യാനക്രിയയ്ക്കു മുറപോലെയിവൻ വിവിക്ത-
സ്ഥാനത്തിരിപ്പളവടച്ച മിഴിയ്ക്കു മുന്നിൽ,
ആനന്ദകന്ദമൊരു രൂപമുദിച്ചു കാണാം
പീനസ്തനാവനതമദ്ധ്യവിഭൂഷിതാംഗം: 4

നൽക്കാരകിൽപ്പുക പുണർന്ന കരിംകുഴൽക്കെ-
ട്ടുക്കാറിനത്തിലലരാം ചില താരകങ്ങൾ,

മുക്കാലുമാർദ്രത വിടാത്തൊരരക്കുചാറായ്-
പ്പൊൽക്കാലടിത്തളിരിലോലുമൊളിക്കുഴമ്പും, 5

---

3. 'ദശശീലം'—ആദ്യത്തെ ശ്ലോകത്തിലെ ടിപ്പണി നോക്കുക. അപടു=അശക്തൻ. ജിനയോഗി=ബുദ്ധസന്ന്യാസി.

4. വിവിക്തസ്ഥാനം=വിജനസ്ഥലം. ആനന്ദകന്ദം=ആനന്ദത്തിന്നു കാരണം. പീന........തം=തടിച്ച സ്തനങ്ങളെക്കൊണ്ടു തെല്ലു കുനിഞ്ഞതു്. അദ്ധ്............താംഗം=പകുതിയണിഞ്ഞ ശരീരം.

5. ആർദ്രത=നനവു്. അരക്കുചാറായിക്കാണുന്നതു, കാലടികളുടെ ഒളിക്കുഴമ്പുതന്നെയാണു്. സ്ത്രീകൾ, മുടിയിൽ കാരകിൽപ്പുകയേല്പിയ്ക്കു, കാലിൽ അരക്കുചാറു പൂശുക എന്നിതെല്ലാം മുമ്പു പതിവായിരുന്നു.

Digitized By Kerala Sahitya Akademi

ഫാലത്തിലമ്പിളിമുറിക്കുറി—യല്ല, കുന്ത–
ളാലംബിയാം സ്മരഭടന്റെ കലച്ച ചാപം,
ഓലക്കമാണ്ട കവിളത്തനുരക്തിചേടി–
യാലക്ഷ്യമാക്കിയൊരകൃത്രിമകുങ്കുമാങ്കം, 6

ഭൃംഗസ്ഫുരന്മഷി മുകർന്ന ദൃഗംബുജപത്രം,
മംഗല്യകച്ചരട്ടു മാത്രമിയന്ന കണ്ഠം,
തുംഗസ്തനത്തിൽ നവചന്ദനമച്ച്, കാഞ്ചീ–
സംഗപ്രഭോദയമടുത്ത നിതംബബിംബം, 7

‘ഉണ്ടാം നിനക്കു മുടനെ’ന്നു വളക്കിലുക്കം–
കൊണ്ടാ വലംകരമൊടോതുമിടത്തുകയ്യും—
രണ്ടാളിമാരുടെ നടുക്കിലിതൊക്കെയുള്ളിൽ–
കണ്ടാൻ പലപ്പൊഴുമിവൻ ദയിതൈകചിത്തൻ! 8

---

6. കുന്തളാലംബി=കുറുനിരകളെ ആശ്രയിച്ചിരിക്കുന്ന ഓലക്കം=മിന്നിച്ച. അനുരക്തിചേടി=അനുരാഗമാകുന്ന തോഴി. ആലക്ഷ്യമാക്കിയ=വെളിപ്പെടുത്തിയ. അകൃത്രിമകുങ്കുമാങ്കം=സ്വാഭാവികമായ കുങ്കുമത്തേപ്പ്.

7. ഭൃംഗ....ത്രം=വണ്ടുപോലെ മിന്നുന്ന മഷിയെഴുതിയ കണ്ണാകുന്ന താമരയിതൾ. നവ....ച്ച്=പുതുതായ ചന്ദനം പൂശൽ. കാഞ്ചീ....ടുത്ത=അരഞ്ഞാണണിഞ്ഞു കാന്തിയുണ്ടാവാൻ പോകുന്ന.

8. ‘ഉണ്ടാം....ടൻ’—‘നിനക്കും വളയാകുന്ന സമ്മാനം ഉടനെ ഉണ്ടാവും.’ ദയിതൈകചിത്തൻ=ഭാര്യയെത്തന്നെ വിചാരിക്കുന്നവൻ.

Digitized By Kerala Sahitya Akademi

കാൎക്കാൎയ്യ,ടക്കൽ മുതലായവയാൽ തുടച്ചു-
ന്നോക്കാൎയ്യയില്ല നിയമച്യുതിഭീതിമൂലം;
നേൎക്കാ മനച്ചുമരിലാശ വരച്ച ചിത്രം
മാൎയ്യാവതല്ലിവനു, 'നാഗില'തൻ സ്വരൂപം! 9

ഒന്നായ് സ്വദൃഷ്ടിബലമൊക്കെയണച്ചുകൂട്ടി-
ന്നിന്നാ യുവാവു പലവട്ടവുമുററുനോക്കി;
എന്നാൽ വിമുക്തിയുടെ ശ്രേഷ്ഠമുഖത്തു കണ്ടീ-
ലന്നാഗിലയ്ക്കുടയ സൌഭഗസൌഷ്ഠവങ്ങൾ! 10

'എൻനാഗിലേ, ഭവതിയെത്തഴുകാതെ, മുക്തി
വന്നാലു,മില്ല ഭവദേവനു ബന്ധമോക്ഷം,
അന്നാരിതോൎത്തു?—യതിധൎമ്മമരുപ്പരപ്പിൽ-
നിന്നാണുപോൽ ചിദമൃതാപ്തിഃ ചതിച്ചു ശാസ്ത്രം! 11

കൂർ കൎത്തുമാൎയ്യനുടെ നേരിനുവേണ്ടിയല്ലോ,
ശോകം സഹിച്ചുമിഹ ഞാൻ പ്രതീക്ഷയേറാം;
നാകം ഗമിച്ചിതവിടുന്നി; നി ഞാനുമെൻെറ
നാകത്തിലേയ്ക്കു നടകൊള്ളുകിലെന്തയുക്തം? 12

---

9. നിയമച്യുതി=വ്രതഭംഗം. നാഗില—ഭവദേവൻെറ പത്നി.

10. സൌഭഗ....വങ്ങൾ=സൌന്ദൎയ്യങ്ങളും ഗുണങ്ങളും. എത്ര ശ്രമിച്ചിട്ടും ആയാൾക്ക മുക്തിയിൽ ആസക്തനായിത്തീരാൻ സാധിച്ചില്ല.

11. യതിധൎമ്മം=സന്ന്യാസം. ചിദമൃതാപ്തി=ബ്രഹ്മാനന്ദലാഭം. അമൃതം എന്നതിന്നു വെള്ളം എന്നും അൎത്ഥം.

12. നാകം ഗമിച്ചു=സ്വൎഗ്ഗാരോഹണംചെയ്തു. ഇതിന്നിടയിൽ ഭവദത്തൻ മരിച്ചു. എൻെറ നാകം—നാഗിലയുടെ സമീപം.

Digitized By Kerala Sahitya Akademi

ധന്യാംഗിഹാ, വിധവ, നാഥനിരിയ്ക്കയെന്ന-
തന്യായമല്ലി?" പലതീവകയോർത്തൊട്ടക്കം,
മന്യാശ്രമസ്ഥലികളാ—മുക്തിപദങ്ങളാ—വിട്ട-
സ്സന്യാസി സംസൃതിയിലേയ്ക്കു തിരിച്ചുപോന്നു! 13

III

ക്രമാൽ സമീപിച്ചു, ചിരാദ്ദിദൃക്ഷിതം
സ്വമാതൃഭൂവാം മഗധം മനോഹരം;
സമാസ്വദിച്ചാൻ വ്രതിയാസ്സമുല്ലമാം
ക്ഷമാവിഭാഗം തൃഷ ചേർന്ന കണ്ണിനാൽ. 1

അതാ, നിജഗ്രാമവുമക്ഷിലക്ഷ്യമായ്
സിതാംഗഗംഗാജലസംഗനിർവൃതം,
വ്രതാഢ്യയാം നാഗിലതൻ പദാപ്പണാ-
ലതാന്തസൌഭാഗ്യ,മതീവപാവനം! 2

---

13. മന്യ........ലികളാ=മഹർഷിമാരുടെ ആശ്രമപ്രദേശങ്ങളാ. സംസൃതി=സംസാരം. അയാളാ നാട്ടിലെയ്ക്കു് തിരിച്ചു.

1. ചിരാദ്ദിദൃക്ഷിതം=നീണ്ടാളായി കാണ്മാനാശിച്ചതു്. അയാളാ ആ ഭൂഭാഗത്തെ ആത്തിയോടേ നോക്കി.

2. അക്ഷിലക്ഷ്യമായ്=കാണമാറായ്. സിതാം........തം= വെണ്മ പൂണ്ട ഗംഗയുടെ ജലം തട്ടി സുഖംകൊള്ളുന്നതു്. വ്രതാഢ്യ—നാഗിലയും സന്യസിച്ചിരുന്നു. അതാന്തസൌഭാഗ്യം=സൌഭാഗ്യം=സൌഭാഗ്യത്തിനടവുതട്ടാത്തതു്. അതീവ=ഏററവും.

Digitized By Kerala Sahitya Akademi

'നമോസ്തു ഭാഗീരഥി, ഭാവുകപ്രദേ
നമോസ്തു തേ ഭാരതജീവനാഡികേ!
അമോഘഗീരെന്തരുൾചെയ്തതമ്മ,യി-
സ്സമോഹനോർമ്മിസ്വനമർമ്മരങ്ങളാൽ? 3

'അരിക്തമാമവ്യയവിശ്രമാസ്പദം
ശരിക്കു പൂകുന്ന വഴിക്കിറങ്ങിയാൽ,
ഒരിക്കലും ജന്മപദത്തിലെക്കു പിൻ-
തിരിക്കുകില്ലെന്നുടെ കൂട്ടരെ'ന്നതോ! 4

അനങ്ങിടാതായ് കഴൽ മുന്നിലേക്കുവ-
ന്നനല്പമാം ലജ്ജ പിടിച്ചമർക്കയാൽ:
പുനശ്ച സന്ന്യാസി ഗൃഹസ്ഥനാവുകിൽ,-
ജ്ജനങ്ങളെന്തെന്തു ഹസിച്ചുരച്ചിടാ? 5

---

3. ഭവദേവൻ പ്രാർത്ഥിക്കുന്നു: ഭാവുകപ്രദ=മംഗളം നല്കുന്നവൾ. ഭാര.......ക=ഇന്ത്യയുടെ ജീവനാഡി. അമോഘഗീർ=പാഴാകാത്ത വാക്ക്. ഊർമ്മി=ഓളം.

4. അരിക്തം=പൂർണ്ണം. അവ്യയ..........ദം=നാശമില്ലാത്ത വിശ്രമസ്ഥാനം (സമുദ്രവും ബ്രഹ്മവും.) ജന്മപദം—പർവ്വതം തുടങ്ങിയ ഉൽപത്തിസ്ഥാനം. എന്നുടെ കൂട്ടർ—നദികൾ. അയാൾ നദിയെ തന്റെ സ്ഥിതിയോടു താരതമ്യപ്പെടുത്തിയപ്പോൾ തോന്നിയത്.

5. പുനശ്ച=വീണ്ടും. മുൻപദ്യത്തിൽ പറഞ്ഞ സംഗതി ഓർത്തപ്പോഴാണ്, ആയാൾക്ക തന്റെ പ്രവൃത്തിയുടെ അനൗചിത്യം ഓർമ്മവന്നത്.

Digitized By Kerala Sahitya Akademi

'വരട്ടെ, മാർഗ്ഗക്ലമമാററുകെ'ന്നവൻ
സുരസ്രവന്തിസുഖതോയശീതനായ്
കരയ്ക്കൊരാലിൻതണലത്തിളംതൃണ-
പ്പുരപ്പിൽ നാനാനിനവാനും മേവിനാൻ. ൬

ഗളന്മരന്ദം തരുവല്ലിവൃന്ദമ-
ഞ്ഞിളക്കമാററിൻകുളിർതെന്നൽ വന്നഹോ,
തളൻ്റ തന്മേനി തലോടവേ, സുഖം
വളൻ്റിരുന്നൊന്നു മയങ്ങിയധ്വഗൻ. ൭

കുറച്ചു പാൽക്കൊഞ്ചൽ പരസ്പരം പൊഴി-
ച്ചു,റങ്ങുമായാൾക്കുപരിസ്ഥലാൽ തദാ
പറന്നുപോയ് രണ്ടുവഴിക്കു, മെയ്യൊരേ
നിറത്തിലാം രണ്ടു മനോജ്ഞപക്ഷികൾ. ൮

തടഞ്ഞപോലായ് തരുണാനു വീപ്പിട-
ക്കി,-ടം പെട്ടം നെററി വിയത്തു മുററുമേ;

---

6. സുര....തൻ=ഗംഗയിൽ കുളിച്ചു കുളിർത്തവൻ.

7. ഗളന്മരന്ദം=തേൻ തൂകുമാറ്.

8. ഉപരിസ്ഥലാൽ=മേൽബ്ഭാഗത്തുനിന്ന്; വൃക്ഷത്തിന്മേൽനിന്ന്. അടുത്തു വരാൻപോകുന്ന സംഗതിയെ സൂചിപ്പിക്കുന്നു.

9. നടപ്പ....വീതിൽ—അയാൾ വെറുതേ ദിവാസ്വപ്നത്തിൽ നടക്കുകയായി!

Digitized By Kerala Sahitya Akademi

അടഞ്ഞ കണ്ണൊട്ടു തുറന്നു; ഭിക്ഷുകൻ
നടപ്പതെന്തിന്നു പകൽക്കിനാവിതിൽ! 9

ഒരുൾഭ്രമാൽ, 'നാഗില, നാഗിലേ'തി താൻ
തെരുന്നനെക്കണ്ണു മിഴിച്ചു നോക്കവേ,
കുരുന്നുമെയ്യാളവൾ മുൻവശത്തു നി-
ന്നിരുന്നു, ഗംഗാസലിലാർദ്രവസ്ത്രയായ്! 10

പിടഞ്ഞെഴുന്നേററു, 'വരൂ പ്രിയേ; തുലോം
ചടച്ചയേ ഭിക്ഷുകിയായി നീയുമേ!'
ഇടർച്ചയോടേവമുരച്ചു തന്നിത-
ന്നുടല്ക്കുനേരേ യതി കൈകൾ നീട്ടിനാൻ. 11

'തൊടായ്ക മാം; നാഥ, തൊടായ്ക; സക്തി തേ
പെടായ്ക കൈവിട്ട നികൃഷ്ടവസ്തുവിൽ!'
സ്ഫുടാദരസ്നേഹമിതോതി,യുൾക്കനം
കെടാതെ കല്യാണിയൊഴിഞ്ഞുമാറിനാൾ. 12

'ക്ഷമിക്ക മേ ദേവി, സഗർഭ്യസൌഹൃദം-
നിമിത്തമായ് നിന്നെ വെടിഞ്ഞ തെററിനെ;

---

10. ഗംഗാ........സ്ത്ര=ഗംഗാജലംകൊണ്ടു നനഞ്ഞ വസ്ത്രത്തോടുകൂടിയവൾ; ഗംഗയിൽ കുളിച്ചവൾ.

12. സക്തി=ആസക്തി. സ്ഫുടാദരസ്നേഹം=ആദരവും സ്നേഹവും വ്യക്തമാകുമാറ്. ഉൾക്കനം=ധൈര്യം.

Digitized By Kerala Sahitya Akademi

സമിദ്ധസന്താപമതിന്റെ ദുഷ്ഫലം
യമിവ്രതംകൊണ്ടു ഭുജിച്ചുതീൎന്നു ഞാൻ! 13

അമുത്ര സമ്പത്തിനിഹത്തിലെദ്ധനം
വിമുഗ്ദ്ധരായ് വിററുകളഞ്ഞിടേണ്ട നാം;
നമുക്കു ഗാൎഹസ്ഥ്യവഴിക്കു നേടിടാം,
വിമുക്തിയെക്കാളുമഖണ്ഡമാം സുഖം!' 14

പൂന്തണ്ണീരേന്തിന പുഴയുപേക്ഷിച്ചു, ചേർ-
ക്കണ്ടുവെള്ളം
സ്വാന്തമ്മോഹാൽ കച്ഛന തിരയും തൎഷിതൻ
പോലിവണ്ണം
കാന്തൻ ചൊല്ലിക്കഴിവതിനുമുമ്പോതിനാൾ
സാധ്വി:—'ഹാഹാ,
ശാന്തം പാപം: വ്രതഹതി യതിക്കാത്മഹ-
ത്യയ്ക്കു തുല്യം! 15

ആ രാജേന്ദ്രകിരീട,മാ രമണിയാ,-
ളുപ്പൊന്മണിപ്പൈതൽ—പ-

---

13. സഗൎഭ്യസൌഹൃദം=സഹോദരസ്നേഹം. സമിദ്ധസന്താപം=ദുഃഖം പെരുത്ത.

14. അമുത്ര=പരലോകത്തിൽ. വിമുഗ്ദ്ധർ=വിവേകമില്ലാത്തവർ. അഖണ്ഡം=പൂൎണ്ണം.

15. സ്വാന്തമ്മോഹാൽ=തന്റെ തെററിദ്ധാരണമൂലം. കച്ഛന=ഒരിടത്ത്. തൎഷിതൻ=ദാഹമുള്ളവൻ. വ്രതഹതി=വ്രതഭംഗം.

Digitized By Kerala Sahitya Akademi

ങ്ഭാരാഹന്ത, വെടിഞ്ഞുവോ സകലവും
സായൂജ്യമാമൊന്നിനായ്,
പാരാതഗ്ഗുരുവെ സ്മരിച്ചു തിരിയേ
പോകൂ; തപോവിഘ്നമായ്-
ത്തീരായ്ക്കാത്മപതിജ്ഞ നാഗില, കൃതാ-
ത്മാവേ, തവാനുഗ്രഹാൽ! 16

16. അഗ്ഗുരു=ബുദ്ധഭഗവാൻ. കൃതാത്മാവ്=അറിവുള്ളവൻ.

Digitized By Kerala Sahitya Akademi

7

ആ കൊച്ചുമാറാപ്പ്

(കാകളി)

'വീട്ടിലെനിയ്ക്കില്ല വേണ്ടുവോളം സ്ഥലം;
നീട്ടിയുണ്ടാക്കണം മാളികയൊന്നുടൻ—
പാട്ടിലാകുന്നതില്ലെൻ ദിനചര്യകൾ;
നോട്ടത്തിനിന്നിയും ഭൃത്യരെ നിർത്തണം—
തോട്ടംവയൽകൾക്കു പാട്ടം പുറപ്പാടു
കൂട്ടിവെയ്ക്കാം—' 'ഹരേ, റാം, ഹരേ, റാം ഹരേ!' 1

ഈ രാമനാമമാം മുള്ളു കാലിൽത്തറ-
ഞ്ഞാരേ നിലച്ചിതന്നെൻനിനവിൻഗതി!
നാമസങ്കീർത്തനക്കല്ലു കടിയ്ക്കയാ-
ലാ മനപ്പായസമുണ്ണൽ നിറുത്തി ഞാൻ
ആരിൽനിന്നിശ്ശബ്ദമെന്നു വീക്ഷിയ്ക്കയെൻ-
ചാരത്തു വന്നെത്തി തീർത്ഥചാരിയൊരാൾ:
എന്നസന്തുഷ്ടിയെയീശ്വരസന്നിധി
തന്നിൽപ്പിടിച്ചണപ്പാനെന്നപോലവേ! 2

---

1. സുഖാസക്തി മുഴുത്ത് ഒന്നിനും തൃപ്തിവരാത്ത ഒരു ഗൃഹസ്ഥൻ മനോരാജ്യം വിചാരിയ്ക്കയാണ്: '....കൂട്ടിവെയ്ക്കാം' എന്നുവരെ അയാളുടെ വിചാരം. അപ്പോൾ കേൾക്കായ ഒരു ശബ്ദമാണ് 'ഹരേ, റാം....' എന്നത്

2. തീർത്ഥചാരി=തീർത്ഥങ്ങളാടി നടക്കുന്ന ആൾ. അസന്തുഷ്ടി=അതൃപ്തി.

Digitized By Kerala Sahitya Akademi

രുദ്രാക്ഷമാലാപരീതഗളൻ, ഭസ്മ-
ദിഗ്ദ്ധകളേബരൻ, സൌമ്യമുഖനയാൾ,
കാൽമുട്ടുകൾവരെ ഞാത്തിയുടുത്തോരു
കാവിമുണ്ടിന്റെയിരുകോന്തലകളാൽ
സ്വസ്തികം ബന്ധിച്ചു, ശൈത്യാദിയാലഴ-
ലെത്താതെ രക്ഷിച്ചിരുന്നു തന്മെയ്യിനെ;
ചുട്ട തനിയ്ക്കുരക്കച്ചതാൻ, സന്നാഹ-
മൊട്ടേറെ വേണ്ടുന്ന ജീവിതപ്പോരിതിൽ! ൩

വാർദ്ധക്യവസ്ത്രത്തിനായ് സ്വയം വെള്ളനൂ-
ലാസ്ഥയാ നൂല്ക്കുന്ന തല്ക്കേശമീശകൾ,
വസ്ത്രമുടുപ്പിയ്ക്കുവാനുമാൾ വേണ്ടുമെൻ
വക്ത്രത്തെ നോക്കിച്ചിരിച്ചതായ് ത്തോന്നി മേ!
എൻപുരോഭാഗേ വെറുംനിലത്തന്തിയ്ക്കു
ചമ്രംപടിഞ്ഞിരുന്നാനന്ദസാന്ദ്രനായ്

---

3. രുദ്രാ....ളൻ=കഴുത്തിൽ രുദ്രാക്ഷമാല ചുററിയിട്ടുള്ളവൻ. ഭസ്മ....രൻ=മേലാകെ ഭസ്മം പൂശിയിട്ടുള്ളവൻ. സ്വസ്തികം ബന്ധിയ്ക്കു=പിണച്ചു ചുമലുകളിലൂടെ പിൻകഴുത്തിൽ കെട്ടുക. സന്നാഹം=ഒരുക്കം.

4. വാർദ്ധക്യ.......ശകൾ=നരച്ചുതുടങ്ങിയ അയാളുടെ മുടിയും മീശയും. വസ്ത്രത്തിന്നായി നൂൽനൂല്ക്കുകകൂടി ചെയ്യുന്ന പ്രയത്നശീലന്മാർ അലസനായ തന്നെ നോക്കിച്ചിരിച്ചതായിത്തോന്നാമല്ലോ; സുഖാസക്തിയാൽ മരണമുണ്ടെന്ന സംഗതികൂടെ മറ

Digitized By Kerala Sahitya Akademi

ഉത്തമസ്തോത്രം ചിലതയാൾ പാടിനാൻ,—
ഭക്തിതാൻ വീണ വായിപ്പതു പോലവേ! 4

പിൻപയാളോടു ഞാൻ ചെയ്തേൻ പലതരം
സംഭാഷണമൊരു വെങ്കലഭാഷയിൽ:
എല്ലാമയാൾക്കു തൻനാടാണു; ചെന്നിട-
ത്തെല്ലാം ഗൃഹമുണ്ടു;ഖിലരും ബാന്ധവർ—
എന്തില്ലനീഹതേ, നിൻചെറുഭാണ്ഡത്തി-
ലെ?-ന്നും ദരിദ്രം ഭൂരതൻ നിലപറ!
പാരം ചെറുതാണയാൾതൻ ചുമലിലെ
മാറാപ്പു; നെഞ്ചിലേതങ്ങിനെയല്ലഹോ:
രണ്ടുപിടി നല്ല ഭസ്മ,മൊരു ചുര-
ത്തൊണ്ടൊ,രു കമ്പിളിത്തുണ്ടിവ മാത്രമേ
കണ്ടുള്ളൂ തോളത്തു; ഹൃത്തിൽപ്പല കൂട്ട-
മുണ്ടു, ബഹുരാജ്യസഞ്ചരണാർജ്ജിതം! 5

തീർത്ഥസഹസ്രങ്ങൾ ചൂഴുമിയൂഴിയെ—
ത്തീർത്ഥപാദർഷിവര്യർതന്നമ്മയെ—

ന്നിരിക്കുന്ന തന്നെ, ആ വാർദ്ധക്യാരംഭം പരിഹസിച്ചു. പുരോഭാഗേ=മുൻപിൽ. ആനന്ദസാന്ദ്രൻ=ആനന്ദപൂർണ്ണൻ.

5. അനീഹത=വിഷയസുഖങ്ങളിൽ ആഗ്രഹമില്ലായ്ക. നെഞ്ചിലേത്. (മാറാപ്പ് —ജ്ഞാനസമ്പത്ത്. ബഹു....തം=നാനാദേശങ്ങളിൽ സഞ്ചരിച്ചു സമ്പാദിച്ചത്.

Digitized By Kerala Sahitya Akademi

കാൽനടയായ് വലംവെച്ചോൻ പലവുരു,
കായം ചടയ്ക്കിലും നല്ലൊരുത്തനയാൾ.
കയ്യിലുള്ളോരു വടിതാൻ വഴിത്തുണ:
കട്ടിയിരുമ്പുകൊണ്ടാണതെന്നാകിലും,
നീളെ നാനാവിധതീർത്ഥനിർമ്മജ്ജനം-
മൂലമോ, വൈമല്യമാർന്നിരുന്നൂ തുലോം! 6

ശാസ്ത്രപാണ്ഡിത്യമയാൾക്കില്ല; വേദാന്ത-
സൂത്രമൊന്നെങ്കിലും തോന്നില്ല ചൊല്ലുവാൻ;
മായ, പരബ്രഹ്മമെന്നിപ്പദങ്ങളാൽ
മാല കോർക്കും കലാകോവിദനല്ലയാൾ;
എന്നാൽ, കിടച്ചതുകൊണ്ടു തൃപ്തിപ്പെടാൻ
നന്നായറിയാമയാൾക്കു നിസ്സംശയം! 7

പാർപ്പിടമെത്ര പരപ്പിൽപ്പണികിലും
വീർപ്പുമുട്ടുന്ന മനുഷ്യരേ, നോക്കുവിൻ:
അക്കൊച്ചുമാറാപ്പിൽ വിശ്രമിപ്പൂ സുഖ,-
മഗ്ര്യവിശാലമാം ഭിക്ഷുവിൻ ജീവിതം! 8

---

6. തീർത്ഥപാദർ=പൂജ്യന്മാർ. നിർമ്മജ്ജനം=മുങ്ങൽ. വൈമല്യം=വെണ്മ; പാപമില്ലായ്മ എന്നും.

7. കലാകോവിദൻ=കലാവിദ്യയിൽ വിരുതൻ. പാണ്ഡിത്യമല്ല, അനീഹതയാണ് ഒരാളെ ഉൽകൃഷ്ടനാക്കുന്നത്.

8. വീർപ്പുമുട്ടുന്ന—തൃപ്തിപ്പെടാതിരിക്കുന്ന. അഗ്ര്യം—മികച്ച. വിശാലം=വിസ്തൃതം. ദുഃഖമൂലമായ ആശ നശിച്ചിരിക്കുന്നതിനാൽ ഭിക്ഷുവിന്നു ജീവിതത്തിൽ സാക്ഷാൽ സുഖം ലഭിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

8

പോരാ, പോരാ

(വഞ്ചിപ്പാട്ട്)

പോരാ, പോരാ: നാളിൽ നാളിൽ ദൂരദൂരമുയരട്ടേ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ;
ആകാശപ്പൊയ്കയിൽപ്പുതുതാകുമലയിളക്കട്ടേ;
ലോകബന്ധുഗതിക്കുററ മാർഗ്ഗം കാട്ടട്ടേ! 1

ഏകീഭവിച്ചൊരുങ്ങുകി,ങ്ങേകോദരജാതർ നമ്മൾ
കൈകഴുകിത്തുടയ്ക്കുകിക്കൊടിയെടുക്കാൻ;
നമ്മൾ നൂററ നൂലുകൊണ്ടു നമ്മൾ നെയ്ത വസ്ത്രംകൊണ്ടു
നിർമ്മിതമിതനീതിയ്ക്കൊരന്ത്യാവരണം!

---

1. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ ചിഹ്നമായ സ്വരാജ്യക്കൊടിയെ ഉദ്ദേശിച്ച്: കൊടിക്കൂറയുടെ ചലനത്തെ ആകാശപ്പൊയ്കയിലെ അലകളായി കല്പിക്കുന്നു. ലോകബന്ധുഗതി= ലോകോപകാരത്തിന്നായൊരുങ്ങുന്നവർക്ക് നേർവഴി കാണിച്ചുകൊടുക്കട്ടെ. ലോകബന്ധുശബ്ദം സൂര്യവാചിയുമാണ്.

2. ഏകീഭവിക്കുക=ഒരുമിക്കുക. ഏകോദരജാതർ=സഹോദരർ. അനീതി—അടിമത്തത്തെയും ദാരിദ്ര്യത്തെയും പുലർത്തിക്കൊണ്ടു വരുന്ന ഭരണം. അന്ത്യാവരണം=പട്ടടപ്പുടവ. ഇത് അനീതിയെ നശിപ്പിക്കും. കൃത്യസ്ഥർ=ചെയ്യേണ്ടതു ചെയ്യുന്നവർ. സ്വരാജ്യ

Digitized By Kerala Sahitya Akademi

കൃത്യസ്ഥരാം നമ്മുടെയീ നിത്യസ്വാതന്ത്ര്യലത
സത്യക്കൊടിമരത്തിന്മേൽസ്സംശോഭിയ്ക്കട്ടേ! 2

കർമ്മസാക്ഷിഭഗവാൻെറ കമ്രങ്ങളാം കിരണങ്ങൾ
തമ്മിലിണക്കത്തോടെത്തിച്ചുംബിയ്ക്കുമാറായ്,
കർമ്മക്ഷേത്രത്തിലെസ്സാക്ഷാൽശ്ശർമ്മോത്സവം കുറിയ്ക്കുമി-
ധർമ്മക്കൊടികളെയേവരേന്തിപ്പോക്കുമോ,
ആമങ്ങൾ കൈവളകൾപോലാം മഹത്തുക്കൾക്കു; കാരാ-
ധാമങ്ങളോ വിലയേറും കേളീസൌധങ്ങൾ!
ഭ്രാതാക്കളേ, ഭവാന്മാർതൻസ്വാതന്ത്ര്യോദ്യമശ്രീയല്ലോ
മാതൃപതാകമേൽക്കേറി നൃത്തംചെയ്യുന്നു! 3

പച്ചനിറവും വെളുപ്പും നൽച്ചുകപ്പുമിണങ്ങുമീ
മെച്ചമേറും വൈജയന്തി വാനിൽത്തിളങ്ങി
ദേവഷികൾക്കാനന്ദത്തെക്കൈവളർത്തിടട്ടേ, വാസു-
ദേവവക്ഷസ്സിലെ വനമാലപോലവേ!
മന്ദാകിനീമണിത്തെന്നൽ വന്നു പനിനീർത്തുള്ളികൾ
മന്ദം മന്ദം തളിയ്ക്കുമിക്കൊടിക്കുറകൾ

ക്കൊടിയെ നിത്യമായ സ്വാതന്ത്ര്യലതയായധ്യവസായംചെയ്തിരിയ്ക്കുന്നു.

3. ഇണക്കത്ത്=ഞാൻ മുമ്പിൽ, ഞാൻ മുമ്പിൽ എന്ന വിചാരം. കർമ്മക്ഷേത്രം=ഇന്ത്യ. ശർമ്മോത്സവം=അഭ്യുദയമാകുന്ന ഉത്സവം. ക്ഷേത്രങ്ങളിൽ ഉത്സവകാലത്തു കൊടി നാട്ടാറുണ്ട്. കാരാധാമം=ജയിൽ; ക്ലേശങ്ങളെ സസന്തോഷം സ്വീകരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

വിശിയാശ്വസിപ്പിയ്ക്കട്ടേ വീണ്ടും, വീണ്ടും, പാരിൽധർമ്മ-
നാശം കണ്ടു സന്തപിച്ച നാകിവൃന്ദത്തെ! 4

നന്നിക്കൊടിയടയാളം—നന്നിസ്സുദർശനചക്രം:
ഉന്നരകംഴെത്തതാ, മുറിയ്ക്കപ്പെട്ടു;
നന്ദിച്ചിടാം നിങ്ങൾക്കിനി; വൃന്ദാരകവരന്മാരേ,
നന്ദനപ്പൂമലർമാല പൊഴിച്ചുകൊൾവിൻ! 5

മാടപ്പുരമുതൽ മണിമേടവരെയ്ക്കെഴുമെല്ലാ
വീടിൻേറയും പടിയ്ക്കലീ വൈജയന്തികൾ
ആടിക്കളിച്ചുനിന്നൊളി ക്കുട്ടം നാനാനിറം വിശി
മാടി വിളിയ്ക്കട്ടേ, നമ്മൾ തേടും മുക്തിയെ!
സ്വച്ഛർ ഞങ്ങൾ നിൻവെണ്മയാൽ; സ്വച്ഛന്ദം നിൻ
(ശ്യാമളശ്രീ
പച്ച പിടിപ്പിച്ചു ഞങ്ങൾക്കിച്ഛാരാമത്തെ:

---

4. ‘മന്ദാകിനീ (ഗംഗ)....തളിയ്ക്കും’ എന്നതുകൊണ്ട്, ഈ കൊടി അത്രയും മേലോട്ടു പൊന്തട്ടേ എന്നു കിട്ടുന്നു. നാകിവൃന്ദം=ദേവസമൂഹം.

5. വൃന്ദാരകവരന്മാർ=ദേവശ്രേഷ്ഠന്മാർ. ഭൂമിയിൽ അഭ്യുദയമുണ്ടായാൽ ദേവകൾ പുഷ്പവൃഷ്ടി ചെയ്യുക പതിവാണല്ലോ. നരകാസുരവധം ഇവിടെ സൂക്തവും

6. മുക്തി=സ്വാതന്ത്ര്യം, മോക്ഷം എന്നും. സ്വച്ഛർ=നിർമ്മലന്മാർ. സ്വച്ഛന്ദം=തടവെന്യേ. ശ്യാമളശ്രീ=പച്ചനിറം. ഇച്ഛാരാമം=മനോരഥമാകുന്ന പൂന്തോട്ടം. പ്രാതസ്സന്ധ്യ=പ്രഭാതം. സ്വാ

Digitized By Kerala Sahitya Akademi

മംഗളപതാകേ, നിങ്കൽത്തങ്ങിന ഉട്ടപ്പോ, ഹാ,ഹാ,
ഞങ്ങളുടെ സുദിനത്തിൻപ്രാതസ്സന്ധ്യതാൻ!
ഇതാ, നിങ്കൽസ്സമർപ്പിച്ചു മുദാ ഞങ്ങൾ സ്വജീവിതം;
ഇതിനെ നീ സ്വർഗ്ഗത്തിലേയ്ക്കുയർത്തിയാലും! 6

ന്ത്ര്യലാഭത്തിന്നായി ജീവിതം വിനിയോഗിക്കുന്നതാണ് ഭാരതീയരുടെ ഭാവിശ്രേയസ്സിന്ന് ഉതകുന്നതെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

9

ഒരു ക്ഷമാപണം

(കേക)

പെട്ടെന്നു പെരിയൊരു
സംഭ്രമം പരന്നിത-
പ്പുട്ടടലാറംതൻ സ്നിഗ്ദ്ധ-
പക്ഷ്മളമിഴികളിൽ:
എങ്ങനെ പുറത്തായി,
മനഃക്ഷേത്രത്തിലവറം
ഭംഗിയിൽ പ്രതിഷ്ഠിച്ച
ദിവ്യമംഗളരൂപം?
താനിതുവരെസ്സംസേ-
വിച്ചൊരീശ്വരനതാ,
മാനിനിയ്ക്കഗ്രേ നില്പൂ
വരകാംക്ഷിയെപ്പോലെ! 1

---

1. ഒരു യുവതി, താൻ സ്നേഹിയ്ക്കുന്ന യുവാവിനെ ധ്യാനിച്ചുകൊണ്ടു പൂന്തോട്ടത്തിൽ ഇരിയ്ക്കുമ്പോറം പെട്ടെന്ന് ആ യുവാവ് അവിടെ വന്നുചേർന്നു സ്നിഗ്ദ്ധപക്ഷ്മളം=മിനുത്ത ഇമരോമങ്ങളോടുകൂടിയ. മനഃക്ഷേത്രം=മനസ്സാകുന്ന അമ്പലം. അഗ്രേ=മുമ്പിൽ. വരകാംക്ഷി=വരംവാങ്ങുവാൻ ആഗ്രഹിയ്ക്കുന്നവൻ. താൻ സേവിയ്ക്കുന്ന ഈശ്വരൻ, ഇങ്ങോട്ടു വരം യാചിയ്ക്കുവാൻ വരികയോ!

Digitized By Kerala Sahitya Akademi

ആഗതൻ യുവാവവ_
നക്കളിമലർക്കാവി_
ലാകവേ ക്ഷണാലൊരു
വാസന്തപ്രഭ വീശി!
പഞ്ചമം പാടാൻ തുട_
ങ്ങൊല്ല പൂങ്കുയിലേ, നീ:
ചഞ്ചരീകമേ, നീയും
ഝങ്കാരം മുഴക്കൊല്ലേ:
ഈ വസന്താവിർഭാവം
ഗൂഢമായ് വെയ്ക്കുന്നതി_
ന്നായ്വരാ,മഭിലാഷ_
മുദ്യാനേശ്വരിയ്ക്കിപ്പോൾ! 2

കാമുകനുടെ കണ്ഠ_
നാളനിർഗ്ഗതമാമീ
പ്രേമനിഷ്യന്ദം തത്ര
പൂക്കളിൽത്തേനൂറിച്ചേർത്തു:—

2. വാസന്തപ്രഭ=വസന്തത്തുവിലെ കാന്തി. ആയാൾ അത്രമേൽ സുന്ദരനും തേജസ്വിയുമായിരുന്നു. ചഞ്ചരീകം=വണ്ട്. ഝംകാരം=മുരളിച്ച. കുയിലേ, വണ്ടേ, വസന്തം വന്നു എന്നുവെച്ചു നിങ്ങൾ ലഹളക്കൂട്ടരുതേ! ഈ സമാഗമം ഗോപ്യമാണ്. ഉദ്യാനേശ്വരി—യുവതി.

3. കണ്ഠനാളനിർഗ്ഗതം=കണ്ഠത്തിൽനിന്നു പുറപ്പെട്ടത്. പ്രേമനിഷ്യന്ദം=പ്രേമത്തിന്റെ ഒലിവ്. താഴെ കാണിക്കുന്ന കാമുക

Digitized By Kerala Sahitya Akademi

ഏകാന്തസുഖച്ഛേദം
  മൂലമല്ലല്ലീ, സ്വച്ഛ-
മാകുമിക്കവിൾക്കൂമ്പിൽ-
  ക്കിഞ്ചന തുടുപ്പേറി?
ഇഷ്ടദേവതയുടെ
  സന്നിധി പൂകാൻ തരം
കിട്ടിയാലതു വൃഥാ
  പോക്കുമോ ഭക്തൻ ഭദ്രേ? ൩

മന്ദമാരുതാലോല-
  ചൂർണ്ണകുന്തളമാമീ-
സ്സുന്ദരാനനമേവം
  കുനിച്ചു നില്ക്കായ്ക നീ:
വഞ്ചിയാതെൻജീവിതം
  വിണ്ണിലേതാക്കാനുള്ള
പുഞ്ചിരിയമൃതിതു
  പുല്ലിന്മേൽപ്പൊഴിഞ്ഞാലോ! 4

ൻെറ വാക്കുകൾ, ഉദ്യാനത്തിലെ പൂക്കളിൽ തേനമായി; യുവാവിൻെറ വാക്കുകൾ, യുവതിയെ ആനന്ദപൂർണ്ണയാക്കി. ഏകാന്ത..........ദം=വിജനസ്ഥലത്തിരുന്നു സുഖിക്കുന്നതിന്നുണ്ടായ തടവു്. (വാസ്തവത്തിൽ ആ ഇടപ്പുണ്ടായതു് അനുരാഗത്തിൻെറ തള്ളിച്ചകൊണ്ടാണു്.) പക്ഷേ, എനിക്കതു ചെയ്യാതെ കഴികയില്ലെന്നു വന്നു എന്നു പറയുന്നു. സന്നിധി=സമീപം.

4. മന്ദ.......ളം=തെന്നലേററിളകുന്ന കുറുനിരകളോടുകൂടിയതു്. നീ പുഞ്ചിരി തൂകിക്കൊണ്ടു കീഴ്പോട്ടു നോക്കാതെ, എൻെറ മുഖത്തേക്കു നോക്കൂ; ഞാൻ സ്വർഗ്ഗസുഖം അനുഭവിക്കട്ടെ.

Digitized By Kerala Sahitya Akademi

ഇന്നു പൂർവ്വാഹ്നത്തിങ്ക-
ലിന്ദിരോത്സവം കാണ്മാൻ
വന്നു നീ, മാലോകൎക്കു
മറ്റൊരുത്സവശ്രീയായ്,
വെയ്ലു തട്ടായ്വാൻ വാനിൽ-
ത്തന്നുടെ തനിപ്പച്ച-
മേലാപ്പു നിവൎത്തിയ
പേരാലിൻ തറയിന്മേൽ,
ആളിമാരറിയാതെ
ലീലയാ കൂടെക്കൂടെ
നീളമേറുമീ നീല-
ത്തൂമയ്ക്കൺമുനയാലേ,
നാതിദൂരഗനാകു-
മെന്നുടെ പാഴ്നെറ്റിയി-
ലോതാനും ശുഭാക്ഷര-
മെഴുതിക്കൊണ്ടു നില്ക്കേ,

---

5. അന്നു രാവിലെ നടന്ന ഒരു സംഗതിയെപ്പറ്റി പറയുന്നു: ഇന്ദിരോത്സവം=മംഗലദേവതയുടെ ഉത്സവം. മാലോകൎക്കു.....യായ്—നിന്റെ സൌന്ദൎയ്യസമൃദ്ധി തന്നെ കാണികൾക്കു മറ്റൊരു കാഴ്ചയായിത്തീൎന്നു. നാതിദൂരഗൻ=അധികം അകലെയല്ലാതെ നില്ക്കുന്നവൻ. നീ എന്നെ ഇടയ്ക്കിടയ്ക്കു നോക്കിയിരുന്നപ്പോഴും എന്നൎത്ഥം; ആ നോട്ടം അനുരാഗത്തെ കുറിക്കുന്നതാകകൊണ്ടു

Digitized By Kerala Sahitya Akademi

കണ്ണിമയ്ക്കുകകൊണ്ടു–
കനകമുഹൂൎത്തത്തിൻ
കണ്ണികളിൽ ചിലതിൽ ഞാൻ
കൽച്ചുളി തളിച്ചുപോയ്:
അങ്ങനെ തെളിഞ്ഞെത്തു–
മക്കാംശുപ്പരപ്പിലു–
മങ്ങിങ്ങു നിഴൽ തേയ്ക്കു–
ന്നൊന്നല്ലോ നരലോകം! 5

എന്നപരാധമിതു
പൊറുക്കാൻ ദയ വേണ–
മെന്നപേക്ഷിപ്പാനത്രേ
വന്നു ഞാൻ വരാരോഹേ!!" 6

അതിനെ ശുഭാക്ഷരങ്ങളെഴുതലായികല്പിച്ചിരിക്കുന്നു. അതിനെ നിൎന്നിമേഷം നോക്കിക്കാണാതെ ഞാനിടയ്ക്കിടയ്ക്കു കണ്ണിമച്ചുപോയി. കണ്ണിമയ്ക്കുമ്പോഴത്തെ ഇരുട്ടിനെ കൽച്ചുളിയായികല്പിക്കുന്നു. അക്കാംശു=സൂൎയ്യരശ്മി. നന്മയിലും തിന്മ ചേൎക്കുന്നതു ലോകസ്വഭാവമാണ്.

6. വരാരോഹ=സുന്ദരി. രാവിലത്തെ സംഭവംകൊണ്ട്, അവൾക്കു തന്നിൽ പ്രേമമുണ്ടെന്നറിഞ്ഞതുമൂലം ഇങ്ങോട്ടു വന്നതിനെ, തൻെറ അനുരാഗത്തെക്കൂടെ വെളിപ്പെടുത്തത്തക്കവിധം മറെറാരു രീതിയിൽ പ്രതിപാദിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

അപ്പൊഴാകാശേ സാന്ധ്യ-
പ്പൊൻമുകിൽക്കീറൊന്നാരു
ശുഭ്രമേഘത്തിൽച്ചെന്നു
ചേൎന്നിതു മന്ദം മന്ദം. 7

---

7. സാന്ധ്യം=സന്ധ്യാസമയത്തെ. യുവതി യുവാവിനെ ആലിംഗനം ചെയ്തു എന്നു സൂചിപ്പിയ്ക്കുന്നു; സമയവും കാണിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

10

കാട്ടെലിയുടെ കത്ത്

“അന്തസ്സിൽക്കലപൂവ്വർ പോയ വഴി വി-
ട്ടസ്മന്മതച്ഛോരയാൽ-
ക്കന്തത്തണ്ടിവ ചായമിട്ട ഭുവന-
പ്രധ്വംസമാർ ചെയ്യിതോ,
അന്തർഗ്ഗർവ്വൊടരംഗസീബവനധ-
ർമ്മാത്ഥം നിയോഗിച്ചതേ-
റെറ,ന്തത്യത്ഭുത,മിസ്സഗർഭ്യനൊടടർ-
ക്കെത്തുന്നുവെന്നോ ഭവാൻ! 1

---

1. മുഗൾസാമ്രാജ്യത്തോട സധൈര്യം എതിത്ത്തു മഹാരാഷ്ട്ര ങ്ങളിൽ ഹൈന്ദവഭരണം സ്ഥാപിച്ചാളായ ശിവജി, അന്നത്തെ മുഗൾ ചക്രവത്തിയും ഹിന്ദുമതദ്രോഹിയുമായ അറംഗസീബിൻെറ കല്പനയനുസരിച്ചു തന്നോട യുദ്ധം ചെയ്യാൻ വരുന്ന ഒരു ഹിന്ദുരാജാവായ ജയസിംഹന്നയച്ച കത്ത്. മലയിടുക്കുകളിലുള്ള കോട്ടകൾക്കുള്ളിൽ പാപ്പുറപ്പിച്ചു തരം നോക്കി മുഗൾസേനയെ ആക്രമിച്ചുകൊണ്ടിരുന്ന ശിവജിയെ എതിർപക്ഷക്കാർ ‘‘കാട്ടെലി’’ (**Mountain Rat**) എന്നു പരിഹാസമായി വിളിയ്ക്കാറുണ്ടായിരുന്നു: കലപൂവ്വർ=അക്ബർ തുടങ്ങിയവർ. ‘അസ്മന്മത........മിട്ട’— തൻെറ സാമ്രാജ്യത്തിൻെറ വൈരംപ്രാഭവത്തിന്നുവേണ്ടി നമ്മുടെ മതത്തെ നശിപ്പിച്ചുകൊണ്ട് എന്നഭിപ്രായം. ഭുവനപ്രധ്വംസം=ലോകനാശം. അധർമ്മാത്ഥം=അധർമ്മം ചെയ്യാൻ. സഗർഭ്യൻ=സഹോദരൻ.

Digitized By Kerala Sahitya Akademi

ചാരിത്രത്തിലുയന്ന ഹൈന്ദവഗൃഹം-
        തോറും സമാക്രന്ദനം
പൂരിപ്പിച്ച ഖലാധിരാജനു ജയ-
        സ്തംഭങ്ങൾ വീണ്ടും നടാൻ,
വൈരിക്കീഴിലമന്നോ, രജനനിതൻ
        പൈതങ്ങൾ നാം തങ്ങളിൽ-
പ്പോരിട്ടൂഴി കുതിക്കയോ, വിമലമാം
        തൻജീവരക്തത്തിനാൽ! 2

നാമംകൊണ്ടു നരേന്ദ്രനാം കുമതിയെ-
        ക്കുപ്പിത്തൊഴാനുള്ളതോ,
ധീമൻ, ഹേ ജയസിംഹരാജ, പുരുഷ-
        ൻേറതായ യുഷ്മൽക്കരം?
ശ്രീമത്താമതെടുത്തിടട്ടെ, മദമാ-
        ന്നീ നാട്ടു കാടാക്കിടും
ഭീമവ്യാഘ്രരെ വെട്ടിവീഴ്ത്തിടുകയാം
        വേട്ടയ്ക്കു തൻവാളിനെ! 3

---

2. ചാരിത്രത്തിലുയന്ന=ധർമ്മാചരണംകൊണ്ടു കേൾവിപ്പെട്ട. സമാക്രന്ദനം=നിലവിളി. ഖലാധിരാജൻ=ദുഷ്ടന്മാരുടെ ചക്രവർത്തി.

3. നാമം....ന്ദ്രൻ—അറംഗസീബ് പേരുകൊണ്ടു മാത്രമല്ലാതെ പ്രവൃത്തികൊണ്ടു രാജാവല്ല. യുഷ്മൽക്കരം=നിങ്ങളുടെ കൈ. അടിമത്തം ആണുങ്ങൾക്കു ചേന്നതല്ല. ഭീമവ്യാഘ്രർ=ഭയങ്കരങ്ങളായ കടുവകൾ—മുകിലന്മാർ.

Digitized By Kerala Sahitya Akademi

രണ്ടായ് നീങ്ങിയകന്നു നിന്നിവിടെ നാം
വിസ്തീൎണ്ണഭാഗം ശരി-
യ്ക്കുണ്ടാക്കുന്നു വിദേശജൎക്കു വിജയ-
പ്രാസാദമുറ്റപ്പുകുവാൻ;
പണ്ടാ പ്രാജ്ഞപിതാക്കൾ ചെയ്തപടി, നാം
തോളോടുതോളായ് നില-
ക്കൊണ്ടാലോ, മതിൽ വേറെ വേണ്ട, ഭരത-
ക്ഷേത്രത്തെ രക്ഷിയ്ക്കുവാൻ! 4

ഇന്നാട്ടിൽത്തവ തൃക്കൊടിക്കൂറ പറ-
പ്പിയ്ക്കേണമെങ്കിൽ, പ്രഭോ,
വന്നാലും; മടിയാതെ നല്കുവനതി-
ന്നെൻപ്രാണവാതത്തെയും;
എന്നാലീ മതമത്തനാം മുകിലനോ,
കാൽകൊണ്ടു മെട്ടിയ്ക്കുവാ-
നെന്നാളും ലഭിയാ, പവിത്രതരമാം
തെന്നിന്ത്യതൻപാംസുവും! 5

4. 'രണ്ടായ്....പ്പുകുവാൻ'—നാം പരസ്പരം മത്സരിയ്ക്കുന്ന-
തുകൊണ്ടു വിദേശീയൎക്കിവിടെ സാമ്രാജ്യം സ്ഥാപിപ്പാൻ എളുപ്പം
കൂടുന്നു. പ്രാജ്ഞപിതാക്കൾ=അറിവേറിയ പൂൎവ്വന്മാർ.

5. പ്രഭോ—താങ്കൾ ഇവിടെ ചക്രവൎത്തിയായിരിപ്പാൻ
യോഗ്യനാണെന്നഭിപ്രായം. ഞാൻ മരിച്ചും അങ്ങയുടെ സാമ്രാ
ജ്യത്തെ സഹായിയ്ക്കാം. മതമത്തൻ=മതഭ്രാന്തൻ. പവിത്രതരം=ഏറ്റ
വും പരിശുദ്ധം. പാംസു=പൊടി. അങ്ങയുടെ അഭ്യുദയത്തി
ലുള്ള വിരോധംകൊണ്ടല്ലാ, ഞാനിങ്ങനെ പറയുന്നതെന്നു സാരം.

Digitized By Kerala Sahitya Akademi

ക്ഷത്രശ്രീ സമനുഗ്രഹിച്ച തലയാൽ
നീചാജ്ഞ ചൂടും ഭവാൻ
മിത്രശ്രേഷ്ഠ, ഭവാന്റെ നാഥനെയിതൊ-
ന്നോർമ്മപ്പെടുത്തീടണം:—
'അത്യർദ്ദിതനഹിന്ദുമിഴിനീർ-
കൊണ്ടാർദ്രമാമീ നില-
ത്തെത്രത്തോളമുറച്ചുനില്ക്കുമയി, നിൻ-
സാമ്രാജ്യസിംഹാസനം?' 6

ഒട്ടല്ലാത്തൊരനാഥസാധുമഥനാ-
യാസാൽ വിയപ്പേറ്റ നാം-
തൊട്ടല്ലാല്പമയഞ്ഞുപോയ് മുഗിലർതൻ
ചെങ്കോൽപ്പിടുത്തം പ്രഭോ;
മൊട്ടപ്പാഴ്തലയല്ല വേണ്ടു, ഭരത-
ക്ഷോണീകിരീടത്തിനി;-
ച്ചിട്ടത്തെററു തിരുത്തിവെച്ചതിനുമേ-
ലാവാം നമുക്കാഹവം! 7

6. ഭവാന്റെ നാഥനെ—അറംഗസീബിനെ. ക്ഷത്രശ്രീ=ക്ഷത്രിയലക്ഷ്മി. നീചാജ്ഞ=നികൃഷ്ടന്റെ കല്പന. അർദ്ദിതം=മർദ്ദനംകൊണ്ടു ദുഃഖിച്ച.

7. ഒട്ടല്ലാ....സാൽ=അശരണന്മാരായ അനവധി നിരപരാധന്മാരെ മർദ്ദിച്ചതിലുള്ള ശ്രമത്താൽ. പ്രജകളെ ഉപദ്രവിച്ചുതുടങ്ങിയതോടുകൂടി മുകിലരുടെ സാമ്രാജ്യത്തിനു ബലം കുറഞ്ഞുതുടങ്ങി. ആഹവം=യുദ്ധം. ഒന്നാമതായി നാം നമ്മുടെ പൊതുശത്രുവിനെ നശിപ്പിയ്ക്കുയാണ് വേണ്ടത്.

Digitized By Kerala Sahitya Akademi

അല്ലാ, മ്ലേച്ഛപരീതനാമരചനെ-
പ്പൂജിച്ചു, നാട്ടാരുമായ്
മല്ലാടുന്നതുതന്നെയിഷ്ടമവിടെ-
യ്ക്കെങ്കിൽ,സ്സഖേ, സ്വാഗതം:
ചൊല്ലാളും രജപുത്രരിൽത്തലവനാ-
മങ്ങേയ്ക്കിതാ, പോർവിരു-
ന്നെല്ലാമെൻറെ 'ഭവാനി' നല്കു,മവളെ-
ക്കൊണ്ടാവതിൻവണ്ണമേ! 8

സ്വന്തം മാതൃധരിത്രി, സോദരർ, മതാ-
ചാരങ്ങളെന്നിവക-
യ്ക്കെന്തല്പക്ഷതിയും പെടാതെ പരിപാ-
ലിയ്ക്കുന്ന കാര്യത്തിനായ്
തൻതങ്കപ്പിടിവാളിനെശ്ശിവനിള-
ക്കീടും, തദംഗത്തിൽനി-
ന്നന്തർല്ലീനനൃപർഷിപൌരുഷമൊലി-
ച്ചോട്ടക്കൊടുങ്ങുംവരേ!" 9

---

8. മ്ലേച്ഛപരീതൻ=മുകിലന്മാരാൽ ചുററപ്പെട്ടവൻ. ഭവാനി —ശിവജിയുടെ വാളിൻെറ പേർ. നിർഭയത്വം, വിനയം മുതലായവ വ്യഞ്ജിയ്ക്കുന്നു.

9. ക്ഷതി=കേട്. അന്തർല്ലീന....ഷം=ഉള്ളിലടങ്ങിയിരിയ്ക്കുന്ന രാജർഷിപൌരുഷം. രക്തം മുഴുവൻ വാർന്നുപോകുന്നതുവരെ എന്നും തോന്നുന്നു.

Digitized By Kerala Sahitya Akademi

ആരിക്കൈത്തെഴുതി സ്വധർമ്മസുഭഗം
ദേശാഭിമാനോജ്ജ്വലം,
പാരിൽ'ക്കാട്ടെലി'യായ്, ശിവക്ഷിതിപനാ-
മദ്ധീരകണ്ഠീരവൻ:
പാരിത്തേപ്പിതസൂയ സച്ചരിതമേ,
നിന്മേലഴുക്കെങ്കിലും,
നേരിൻകൈകളൊരിയ്ക്കലക്കരി തുട-
ച്ചെല്ലാം വെടുപ്പാക്കിടും!

---

10. കണ്ഠീരവൻ=സിംഹം. വിശിഷ്ടനായ ശിവജി, വെറും അക്രമിയായ ഒരു കൊള്ളക്കാരനായിരുന്നു എന്നും മററും അദ്ദേഹത്തിന്റെ പ്രതിപക്ഷികൾ ചരിത്രത്തിൽ എഴുതിയിട്ടുണ്ടെങ്കിലും, ഇന്ന് അതെല്ലാം മാഞ്ഞ് അദ്ദേഹത്തിന്റെ യഥാർത്ഥയോഗ്യത വെളിപ്പെട്ടുകഴിഞ്ഞിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

11

പണ്ടത്തെപ്പാട്ടുകൾ

(മഞ്ജരി)

നമ്മുടെ മാതാവു — കൈരളി — പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം —
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയമാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ചകാലം —
പെററമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വററിയിട്ടില്ലാത്ത പൂംകണ്ഠത്താൽ
പാടിയിരുന്ന പഴംകഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിന്നെല്ലാം. I

വൃത്തവ്യവസ്ഥയില്ല,ക്ഷരവ്യക്തിയി-
ല്ല,ർത്ഥോപപത്തിയില്ലെന്നാകിലും

---

1. പൊന്മണി.......കാലം — തമിഴിന്റെ പിടിയിൽനിന്നു വിട്ടുകഴിഞ്ഞിട്ടില്ലാത്ത ആദ്യഘട്ടം. ചേതസി=മനസ്സിൽ. യാതൊരു.......രിയിൽ — ആശയങ്ങൾക്ക് ഗാംഭീര്യമില്ലാതെയും സാഹിത്യനിബന്ധനകളെ അനുസരിക്കാതെയും. പെററ — മൂലദ്രാവിഡഭാഷ. ശുദ്ധദ്രാവിഡപദങ്ങളെ വെൺമുലപ്പാൽനരയായി അധ്യവസായംചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

ആരാരെക്കോഠമയിർക്കൊള്ളിയ്ക്കില്ലിസ്ഗീത-
മാരോമൽപ്പൈങ്കിളിക്കൊഞ്ചൽപോലെ?
നാരായക്കൂപ്പിനാൽ നൊന്തുതെരഞ്ഞിക്കൊ-
ണ്ടോരോരോ കീറോലതന്നിൽ വീഴാൻ
സംഗതി വന്നിട്ടില്ലിക്കൃതിയ്ക്കാ,ളുകഠം
സന്തതം നെഞ്ചേററി ലാളിയ്ക്കയാൽ:
കേട്ടു പറിച്ചു പഠിച്ചു നടപ്പായ
പാട്ടിതു നമ്മഠംക്കൊരന്യവേദം! 2

കൌരവപാണ്ഡവരാജ്യവിവാദവും,
ശ്രീരാമകാമ്മുകഞാണൊലിയും,
പാർ വെന്ന തേനൻെറ വാഠംവീശൽച്ചീററവും,
പാലാട്ടു കോമൻെറ പ്രേമവീപ്പും,
പാക്കനാർതന്നുടെയുഠംപ്പൊരുഠംത്തേട്ടലും
കേഠംക്കാമിതിങ്കൽനിന്നുഠംകളിക്കേ! 3

---

2. വ്യക്തി=സ്പുടത. അത്ഥാപപത്തി=അത്ഥത്തിൻെറ ചേച്ച്. നാരായക്കൂപ്പ്=എഴുത്താണിയുടെ മുന. എല്ലാവരും 'കാണാപ്പാഠ'മായി പഠിച്ചുവെച്ചിരുന്നതുകൊണ്ട് അവ എഴുതിവെച്ചിരുന്നില്ല. വേദങ്ങളും പണ്ടിങ്ങിനെതന്നെയായിരുന്നു. അതുകൊണ്ടാണെന്നു തോന്നുന്നു, അതിന്നു 'ശ്രുതി' എന്നു പേരുണ്ടായത്.

3. വിവാദം=തക്കം. കാമ്മുകം=വില്ല്. ഉഠം....ട്ടൽ=വേദാന്തതത്വങ്ങളുടെ പ്രകാശനം. ഇപ്പറഞ്ഞവരുടെ കഥകളെപ്പററി 'മാവാരതം' (മഹാഭാരതം) തുടങ്ങിയ പല പാട്ടുകൃതികളുമുണ്ട്.

Digitized By Kerala Sahitya Akademi

പത്തമ്പതാളുകളാം വട്ടത്തിൽച്ചുററിക്കൊ-
ണ്ടു,ദ്രസമുത്സവവേളകളിൽ
നല്ലൂര'കോലടി'കൊണ്ടു താളം പിടി-
ച്ചിഗ്ഗാഥയോരോന്നുറക്കെച്ചൊല്ലി
ഒത്ത കാൽവെപ്പോടും 'മെയ്യ്'ഴകാർന്നൊരു
നൃത്തവിശേഷം മുതിക്കുംനേരം,
ആവർത്തരീത്യാ ചലിക്കുമൊരൂഞ്ഞാലി-
ലാടുന്നു ഗീതിമാതെന്നു തോന്നും! 4

ജീവനോപായത്തിനായിപ്പുഴകളിൽ-
ക്കേവഞ്ചിയൂന്നുന്ന കേവലന്മാർ
നിത്യമിപ്പാട്ടു, നനഞ്ഞൊരു നൂൽപോലെ
നിദ്രതൻ വക്ത്രത്തിലിട്ടിഴയ്ക്കേ,
രാവിൻെറ മൌനം പിളർത്തുമാ നാദം പോയ്-
ദ്യോവിൽച്ചെന്നാഹ്ലാദസ്തബ്ധമാക്കും,

---

4. ഉദ്രസം=രസം മുഴക്കമാററ്. ആവർത്തരീത്യാ ചലിക്കും= വട്ടത്തിൽച്ചുററുന്ന. ഗീതിമാത്=സംഗീതദേവത (സരസ്വതി). 'കോലടി'ക്കളി മലബാറിലും കൊച്ചിയിലും ഇന്നും പ്രചാരത്തിലിരിക്കുന്നു.

5. കേവലന്മാർ=ദരിദ്രർ. 'നനഞ്ഞൊരു നൂൽപോലെ' എന്നതുകൊണ്ടു, വള്ളക്കാർ പാടുന്നതിൻെറ ഇഴഞ്ഞ മട്ടും, അടുത്തു കിടന്നുറങ്ങുന്നവക്ക് അതുകൊണ്ടുണ്ടാവുന്ന ചില്ലറ ശല്യവും വ്യക്തമാകുന്നു. സ്തബ്ധം=നിശ്ചലം. നക്ഷത്രങ്ങൾകൂടി ഇതു കേട്ട്

Digitized By Kerala Sahitya Akademi

ചാരുവാം കിന്നരഗീതി ചെവിക്കൊണ്ടു-
പോരുന്ന നക്ഷത്രപംക്തിയെയും! 5

കമ്പിട്ടുനിന്നു, കൃഷീശ്വരിതൻ തിരു-
മുമ്പിലായ്ക്കാണിയ്ക്കു വെയ്ക്കുംപോലെ
ഞാറു നടുന്ന നിരക്ഷരപ്പെണ്ണുങ്ങഠം
കൂറൊടിപ്പാട്ടുകഠം നീട്ടിപ്പാടി,
മാരിയെപ്പൂത്തുകലാക്കുന്നു; പാടത്തെ-
ച്ചേറിനെക്കസ്തൂരിച്ചാറാക്കുന്നു! 6

സംസ്കൃതഭാഷയോടുഠംകൊണ്ട സഖ്യമാ-
ന്നൽക്കൃഷ്ടകാര്യവിചാരമോട്ടും
മേവുമിക്കാലമെങ്ങ്?-കളിക്കുളത്തെങ്ങു?
ഭാവങ്ങളത്രയും മാറിയല്ലോ.
ഇപ്പൊഴത്തപ്പച്ചപ്പാട്ടുകളെന്നമ്മ-
യ്ക്കുല്പമൊരുഠംത്രപ ചേർപ്പീലല്ലി?
ഗ്രാമ്യങ്ങളാകിലുമഗ്ഗേയകാവ്യങ്ങഠം
കാമ്യങ്ങഠം നാഗരികാഗ്രിമക്കും!

ആഹ്ലാദത്താൽ അനങ്ങാതായി പോകുന്നു. അതത്രമേൽ അകൃത്രിമരമണീയമാണ്.

6. പാട്ടിലുള്ള ലയത്താൽ ആ സ്ത്രീകഠം മററു ക്ലേശങ്ങളെ ആദരവോടെ അനുഭവിയ്ക്കുന്നു. ഉൽകൃഷ്ടവസ്തുക്കഠം നികൃഷ്ടവസ്തുക്കളെക്കൂടി നന്നാക്കിത്തീക്കുന്നു.

Digitized By Kerala Sahitya Akademi

നൂതനനൂതനസംസ്കാരമോരോന്നു
നാൾതോറുമുണ്ടായ്വരട്ടേ നാട്ടിൽ;
കോകിലകാകളിയ്ക്കെന്തുവാൻ വ്യത്യാസം?
ഏകമതാനന്ദമന്നുമിന്നും! 7

---

7. ത്രപ=ലജ്ജ. കാമ്യം=കൊതിയ്ക്കേണ്ടതു്. കോകിലകാകളീ=കുയിലിന്റെ മനോഹരമായ കൂകൽ.

Digitized By Kerala Sahitya Akademi

12

ആമോദം, ആമോദം

(അന്നനട)

കടുത്ത കൂരിരുട്ടിതു, സുപ്രഭാത-
മടുത്തുവെന്നതിന്നടയാളമത്രേ;
ഉലകു പൊൻ പൂശും പുതുകാഴ്ച കാണ്മാ-
നുണർന്നെഴുന്നേററു പൊരുളറിഞ്ഞവർ! 1

അനഘർ നമ്മുടെ ഗുരുവര്യരാരെ-
പ്പുനശ്ച കണ്ടെത്താൻ കൊടുംതപം ചെയ്വൂ,
മനംകനിയുമാ വിമുക്തലക്ഷ്മിതൻ
മണിച്ചിലങ്കകളതാ കിലുങ്ങുന്നു;
പരാജ്ഞകൾ കേട്ടു ദുഷിച്ച കർണ്ണമേ,
പരിശുദ്ധി കൊൾകീ ശ്രുതിനിർഘോഷത്താൽ! 2

---

1. നഷ്ടപ്പെട്ടുപോയ ഇന്ത്യയുടെ സ്വാതന്ത്ര്യം വീണ്ടുകിട്ടുവാനടുത്ത ഇക്കാലത്തും നാം അലസന്മാരായിരിക്കുന്നതിനെ ഉദ്ദേശിച്ച്: കടുത്ത കൂരിരുട്ട്—ഭരണാധികാരികളുടെ മർദ്ദനനയവും മററും. സുപ്രഭാതം—സ്വാതന്ത്ര്യം.

2. അനഘർ=പാപമററവർ. ഗുരുവര്യർ=നേതാക്കന്മാർ. വിമുക്തിലക്ഷ്മി=സ്വാതന്ത്ര്യം; മോക്ഷം എന്നും. ശ്രുതിനിർഘോഷം=വേദോച്ചാരണം. സ്വാതന്ത്ര്യലാഭം വളരെ അടുത്തിരിക്കുന്നു. നാം ഇനി അങ്ങോട്ടു ശ്രദ്ധിച്ചു പരിശുദ്ധരാവുക.

Digitized By Kerala Sahitya Akademi

പ്രയത്നഗമ്യയബ്ഭഗവതി,യസ്മൽ-
പ്രിയജനനിതൻ ചിരന്തനസഖി
അനുഗ്രഹിയ്ക്കുവാനെഴുന്നള്ളുമ്പൊഴു-
മനുത്ഥിതർ നമ്മൾ; അഹോ, ശാന്തം, പാപം! 3

അടിയ്ക്കടി ചപ്പു ചവറിടചേർന്ന്-
തടിച്ചുകൂട്ടിയോ കരിച്ചുതള്ളുവാൻ?
സമബുദ്ധി, സത്യഗ്രഹ,മഹിംസനം,
ശമം, ദമം മുമ്പാം മൃദുനൂലുകളാൽ
വഴിപോലെ നെയ്ത വിചിത്രകംബളം
വഴിയിൽ നീളവേ വിരിച്ചുവോ നമ്മൾ? 4

ചുവട്ടിൽ നില്പോരെപ്പിടിച്ചുയർത്തുവാ-
നവനമിപ്പിച്ച നിജാഭിമാനത്താൽ

---

3. പ്രയത്നഗമ്യ=ആയാസപ്പെട്ടു മാത്രം കിട്ടപ്പെടാവുന്ന. ചിരന്തന=പഴയ. ഇന്ത്യ പഴയകാലംമുതല്ക്കേ സ്വതന്ത്രയായിരുന്നവളല്ലോ; അന്യാധീനത്വം ഇടക്കാലത്തുവെച്ചുണ്ടായതത്രേ. അനുത്ഥിതർ=എഴുന്നേല്ക്കാത്തവർ (അലസന്മാർ).

4. നമ്മുടെ ആലസ്യത്തെ വിവരിയ്ക്കുന്നു: ചപ്പുചവറ്—നിരർത്ഥാചാരങ്ങൾ; ഒരുമയില്ലായ്മ തുടങ്ങിയ സമുദായദോഷങ്ങളും മററും. സത്യഗ്രഹം=സത്യത്തിലുള്ള നിഷ്ഠ. ശമം=മനോനിഗ്രഹം; ദമം=ബാഹ്യേന്ദ്രിയനിയന്ത്രണം. വിചിത്രകംബളം=വിവിധനിറത്തിലുള്ള പരവതാനി. സമഭാവന തുടങ്ങിയ ഗുണങ്ങളെ നീളെപ്പരത്തി രാജ്യത്തെ ശോഭനവും സുഖസഞ്ചാരയോഗ്യവുമാക്കിയോ?

Digitized By Kerala Sahitya Akademi

സഹോദരന്മാരേ, രചിച്ചുവോ നാമീ
മഹോത്സവത്തിനാ മനോജ്ഞതോരണം? 5

സുലാള്യനൂൽച്ചക്രനിരയുടെ സൂത്ത-
ക്കലവിയിങ്കലെക്കളഗീതികളാൽ
അനിലന്റെയോരോ ചുടുകിതപ്പിലും
തനിമകരന്ദം തളിച്ചുവോ നമ്മൾ? 6

തിരുമുമ്പിൽക്കെടാവിളക്കു കത്തിപ്പാ-
നൊരുക്കിവെച്ചുവോ സുവിമലസ്നേഹം?
വരപ്രദാത്രിയെ വണങ്ങിയർച്ചിപ്പാൻ
കരൾപ്പൂക്കൾ വൃത്തിപ്പെടുത്തിയോ നന്നായ്? 7

---

5. അവനമിപ്പിക്കു=താഴ്ത്തുക. തോരണം=കമാനം.

6. സുലാള്യം=ഏത്രയും ലാളിക്കപ്പെടേണ്ടത്. സൂത്ത....തികൾ=ചക്രം തിരിക്കുമ്പോഴത്തെ ശബ്ദം. നമ്മുടെ ദുർദ്ദശ കണ്ടു കാററു ചുടുവീർപ്പിടുന്നു; ആ ചൂടു തീർക്കുവാൻ ചക്രം തിരിക്കണം.

7. സുവിമലസ്നേഹം=അഴുക്കററ എണ്ണ; നിഷ്കളങ്കമായ സ്നേഹമെന്നും. നാം സഹോദരന്മാരെ യഥാർത്ഥമായി സ്നേഹിക്കുവാൻ തുടങ്ങിയോ? അതു നിലനിന്നെങ്കിലേ സ്വാതന്ത്ര്യം ഇവിടെ ഇരിക്കൂ. വരപ്രദാത്രി=വരം തരുന്നവൾ. സ്വാതന്ത്ര്യലാഭത്തിനു നാം ചെയ്തുതീർക്കേണ്ട പ്രവൃത്തികൾ ഇവിടെ സംഗ്രഹിച്ചിരിക്കുന്നു.

6

Digitized By Kerala Sahitya Akademi

സഖീസമാഗമത്വരയൊടുമിതാ,
സഖേദമീക്ഷിപ്പൂ സവിത്രി നമ്മളെ!
ക്ഷമാർഹമല്ലിതു പൊഴുതും നമ്മുടെ-
യമാന്തമത്യുഗ്ര,മമാന്തമത്യുഗ്രം!! 8

---

8. ത്വര=ബദ്ധപ്പാട്. സഖേദം—വിഷാദത്തോടേ. സവിത്രി=അമ്മ (ഇന്ത്യ). തന്റെ തോഴിയെ സ്വീകരിക്കുന്നതിന്നു മക്കൾ ഇനിയും തയാറായിട്ടില്ലല്ലോ എന്നു വിഷാദം. ക്ഷമാർഹം=ക്ഷമിക്കത്തക്കത്. സ്വാതന്ത്ര്യസിദ്ധിയ്ക്കായുള്ള ഭാരതീയരുടെ യത്നം ഇപ്പോഴും വേണ്ടിടത്തോളം ശുദ്ധവും ശക്തവുമായിട്ടില്ലെന്നു സാരം.

Digitized By Kerala Sahitya Akademi

13

എന്റെ ജോലി നോക്കട്ടെ

(പാന)

അച്ഛനുണ്ടന്നു,ലിവേറുമമ്മയും;
ഇച്ഛപോലെ കളിച്ചു നടന്നിടാം;
ചിന്തയെന്തേ?–നിയ്യെല്ലാ വഴികളും
ചെന്തളിർ വിരിച്ചിട്ടുതാൻ കാണായി! 1

മാതൃതാതർ പിമ്പേഞ്ഞോ മറഞ്ഞുപോയ്;
മാർഗ്ഗമദ്ധ്യത്തിലേകനായ്ത്തീൎന്നു ഞാൻ;
ഇല്ലൊരാൾ തലോടാനുമെന്നായപ്പോൾ
കല്ലു തട്ടിത്തുടങ്ങിയെൻകാൽകളിൽ! 2

ഒട്ടനാൾക്കുള്ളിൽ ഞാനുമൊരച്ഛനാ
ക്കുട്ടികൾക്കു പകത്തേൻ മടിത്തടം;

---

1. ജീവിതമത്സരത്തിലെ അതാതു ഘട്ടങ്ങളിൽ മനുഷ്യനുണ്ടാകുന്ന ആശയും നിരാശയും പ്രത്യാശയും അവന്റെ മനസ്സിനു വരുത്തുന്ന മാററങ്ങളെ വിവരിച്ചു കത്തവ്യത്തെ ഉപദേശിക്കുന്നു: ബാല്യകാലം തികച്ചും ആനന്ദകരമായിരുന്നു.

2. മാതൃ.......പോയ്—അമ്മയും അച്ഛനും മരണമടഞ്ഞു. മാർഗ്ഗമധ്യം—യൌവനം. വഴിയിൽ ചെന്തളിർ വിരിക്കേണ്ട, നടന്നു കുഴഞ്ഞ കാൽ തലോടുവാനെങ്കിലും ഒരാളില്ലാതായപ്പോൾ കഷ്ടപ്പാടുകൾ അനുഭവപ്പെട്ടുതുടങ്ങി.

Digitized By Kerala Sahitya Akademi

തുഷ്ടിയോടവക്കെന്നും കളിയാടാൻ
പട്ടുപന്തലിടാനമൊരുങ്ങിനേൻ!
പന്തലിന്നൊരു ഭാഗം ക്രമാലൊന്നു
പൊന്തിയാലാശു ചായും മറുഭാഗം;
വ്യോമമാം നീലമേലാപ്പു തിർത്തവ-
ന്നി മമാരംഭമപ്രിയമാണെന്നോ! 3

'ഹേ മനുഷ്യ, നീയെന്തിതു നോക്കാത്തു—
കാമചാരിയാമാരുടെ ഹസ്തമോ
കത്തിരികൊണ്ടു വെട്ടിയെടുക്കുന്നു-
ണ്ടിത്തിരിശ്ശയായ്ത്താവകായുസ്സിനെ,
തുണ്ടുകളവ കൊണ്ടുപോയ് വൻകടൽ-
ക്കുണ്ടിലാഴ്ത്തിക്കളകയുംചെയ്യുന്നു!'

---

3. എന്റെ ജീവിതം കുട്ടികൾക്കായി വിനിയോഗിച്ചു. മക്കളുടെ ഭാവിസുഖത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്തുതുടങ്ങി. പക്ഷേ, അതൊന്നും ശരിപ്പെട്ടില്ല. ഈശ്വരൻ താൻതന്നെ മനുഷ്യർക്കുവേണ്ട കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കേ, അതിൽ തൃപ്തി വരാതെ (നീലമേലാപ്പു പോരാ, പട്ടുപന്തൽതന്നെ വേണമെന്നു വെച്ച്) ഒരുത്തൻ മററു ചിലർക്കുവേണ്ടി ആയാസപ്പെടുന്നത് അദ്ദേഹത്തിനിഷ്ടമല്ലാതിരിക്കുമോ?

4. മനുഷ്യർ മനസ്സാക്ഷിയോട് സംസാരിക്കുന്നു—അതായതു ജീവിതത്തെപ്പററി ആലോചിക്കുന്നു:—"ആയുസ്സ് ഇങ്ങിനി കിട്ടാത്തവണ്ണം അല്പാല്പമായി നശിച്ചു നശിച്ചു, മരണം അടുത്തുതുടങ്ങി അതോടുകൂടി ജീവിതചിന്തകൾ വർദ്ധിച്ചുംവരുന്നു, ഇതിനു കാര-

Digitized By Kerala Sahitya Akademi

'എങ്കിലെന്നുടെ ജീവിതത്തിന്നേവം
വൻകനമേറിയേറി വന്നിടുമോ?'
'ശങ്ക വേണ്ടാ; കനക്കൂടുതൽ, പല
സങ്കടമിടചേരുകകൊണ്ടത്രേ.'
'മാലിനല്ല, സുഖത്തിനല്ലോ, വഴി-
പോലിവൻ വേല ചെയ്യുന്നു നിത്യവും.'
'നന്നിതെ,ന്നാൽ, സുഖാസുഖശബ്ദങ്ങൾ-
ക്കൊന്നുതന്നെയാണർത്ഥം പ്രപഞ്ചത്തിൽ!' 4

വയ്യ, വയ്യ മേ, ക്ലേശമാം കൂലിയ്ക്കി-
ങ്ങിയ്യുയിർച്ചുമടേന്തി നടക്കുവാൻ!
എങ്ങൊരത്താണി?-എന്തിതാ,രെന്നുടെ
തുംഗഭാരാവരോപം തടുക്കുന്നു! 5

ണമെന്ത്? ദുഃഖങ്ങൾ കൂടിക്കൂടിവരുന്നതുതന്നെ. എന്നാൽ, ഞാൻ സുഖത്തിന്നായി യത്നിയ്ക്കുമ്പോൾ ദുഃഖങ്ങൾ വർദ്ധിയ്ക്കുവാൻ കാരണമെന്താണ്? ലോകത്തിൽ സുഖം ദുഃഖം എന്ന രണ്ടും ഒന്നുതന്നെയാണ്. (ലൌകികസുഖം വാസ്തവത്തിൽ ദുഃഖംതന്നെയാണ് എന്നർത്ഥം.)" കാമചാരി=യഥേഷ്ടം എതിടത്തും സഞ്ചരിയ്ക്കുന്നവൻ. വൻകടൽക്കുണ്ട്—തിരിച്ചുവരാത്ത ഭൂതകാലം.

5. ഇങ്ങനെ എത്ര പണിപ്പെട്ടിട്ടും ജീവിതദുഃഖങ്ങൾ മാത്രം അനുഭവിയ്ക്കാനിടയാകയാൽ നിരാശനായ മനുഷ്യൻ ആത്മഹത്യയ്ക്കൊരുങ്ങുന്നു: 'എങ്ങൊരത്താണി?' തുംഗ.......പം=വമ്പിച്ച ചുമടിതാഴത്തിറക്കൽ. ഉടനെ മനോഗതി മാറി പ്രത്യാശ വരുന്നതിനെ സൂചിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

പന്തലിൻപണി തീൎന്നുവോ? വൈലേററു
നിൻതളിൎപ്പിഞ്ചുപൈതങ്ങൾ വാടില്ലേ?
തൽപ്രശാന്തിയ്ക്കു തൽപ്രിയമാതാവിൻ
തപ്തബാഷ്പമോ? കൊള്ളാം തവോദ്യമം! 6

എത്ര കൃത്യങ്ങളുള്ളിലും നിന്നുടെ
വക്ത്രമീക്ഷിച്ചു നില്ക്കുന്നതില്ലഹോ?
തൈക്കിടാവിതാ, കേഴുന്നു, വാനിലെ–
പ്പൂക്കൾ നുള്ളുവാൻ പൊക്കിയ കയ്യുമായ്!
വെൺനറുംതിങ്കൾ തൂകിയ വെള്ളിയാ–
മിന്നിലാവിനെ വല്ലവിധത്തിലും
കട്ടിയാക്കിച്ചമച്ചു കലവറ–
പ്പെട്ടിയിൽക്കൊണ്ടുവെയ്ക്കേണ്ടയോ സഖേ!
നാളെയെങ്കിലും, കാനലിൽനിന്നൊരു
ചാലു വെട്ടണം തോട്ടത്തിലേയ്ക്കല്ലോ!" 7

---

6. പ്രത്യാശയുണ്ടാകത്തക്കവിധം മനസ്സിന്റെ മറുഭാഗത്തു നിന്നു പുറപ്പെട്ട ചോദ്യങ്ങളാണിവ. താൻ ആത്മഹത്യ ചെയ്താൽ കുട്ടികൾ കഷ്ടപ്പെടുകയില്ലേ? അശരണയായ അവരുടെ മാതാവിനെക്കൊണ്ട് ഇരുന്നു കരയുവാനല്ലാതെ എന്തു ചെയ്വാൻ സാധിക്കും?—ഇതാണ്, അയാളെത്തടഞ്ഞ ആലോചനകളിൽ ഒന്ന്.

7. അതുകൊണ്ടുമായില്ല: ഇതാ, അസാധ്യങ്ങളും അയഥാൎത്ഥങ്ങളുമായ പല കൃത്യങ്ങൾകൂടി തനിയ്ക്കു ചെയ്യുവാനുള്ളതായി മനുഷ്യൻ വിചാരിയ്ക്കുന്നു: വക്ത്രം=മുഖം. വാനിലെപ്പൂക്കൾ—നക്ഷത്രങ്ങൾ.

Digitized By Kerala Sahitya Akademi

മച്ചപലതേ, മാപ്പു ചോദിയ്ക്കൂ നീ:
ഇച്ചുമടിനുണ്ടെത്രമാത്രം കനം?
പാഴിലത്താണി തേടിനടക്കാതെ
പൌരുഷത്തോടെൻജോലി നോക്കട്ടെ ഞാൻ! 8

---

8. മച്ചപലത=എന്റെ ചാപല്യം—ആത്മഹത്യയ്ക്കൊരുങ്ങിയതു്. പാവമായ മനുഷ്യൻ ജീവിതയാത്ര ദുഷ്കരവും ദുഃഖകരവുമാണെന്നു തെറ്റിദ്ധരിച്ചു നിരാശനാകുന്നു. അങ്ങനെ അധഃപതിയ്ക്കാതെ പൌരുഷത്തോടെ സ്വധർമ്മം നിറവേറ്റുകയാണു് വേണ്ടതെന്നു സാരം.

Digitized By Kerala Sahitya Akademi

14

ഐക്യമേ, സേവ്യാൽ സേവ്യം

(കേക)

ചിന്തകളുടെ തിര-
    ത്തല്ലുകൾ താങ്ങിക്കൊൾവാ-
നെൻതലയ്ക്കുള്ളതായി-
    ല്ലതിൻെറ ദൌർബല്യത്താൽ;
ചന്ദ്രിക പരന്നു വെൺ-
    കളിയിട്ടതുപോലാം
മന്ദിരാങ്കണത്തിങ്കൽ
    മലൎന്നു കിടന്നേൻ ഞാൻ.
ദൂരത്തെൻനയനങ്ങൾ-
    ക്കുപരി വിരാജിച്ചു
താരകനിര ചിന്നു-
    മാകാശജലാശയം;
നേത്രഗോചരമല്ലാ-
    ത്തൊരു ശീതളഹസ്തം—

1. ഇന്ത്യയിലെയും വിശേഷിച്ചു കേരളത്തിലെയും പലവിധം കഷ്ടപ്പാടുകളെപ്പററിയുള്ള ഒരു വിചാരം: ദൌർബ്ബല്യം=കെല്പില്ലായ്മ. മന്ദിരാങ്കണം=വീട്ടിലെ മുററം. താരകനിര=നക്ഷത്രങ്ങളാകുന്ന പത. നേത്രഗോചരം=കാണാവുന്ന. ശീതളഹസ്തം=തണുത്ത

Digitized By Kerala Sahitya Akademi

തൈർത്തന്നാൽ—കൂടെക്കൂടെ-
ത്തടവീ മൽഗാത്രത്തെ;
ശ്രീയേറുമെവൻ വെള്ളി-
പ്പൂത്തണിയിച്ചു, തങ്കൽ-
ച്ഛായയാൽ ചളി വാരി-
ത്തേപ്പിച്ച നൃലോകത്തെ,
അപ്പൂർണ്ണചന്ദ്രൻ, സ്വച്ഛ-
ഭാവവിസ്മൃതവൈരൻ
കർപ്പൂരം പുരട്ടിനാൻ
കനിവോടെന്നംഗത്തിൽ! 1

പുത്രനെസ്സമാശ്വസി-
പ്പിക്കുവാൻ മാതാവിന്റെ
കൃത്യമേ നടത്തിനാൾ
പ്രകൃതിഭഗവതി.-
എങ്കിലുമവിടുത്തെ
വാത്സല്യാമൃതധാര-
യെൻചുടുനെററിക്കത്ര
നിർവൃതി നല്കീലന്നാൾ:

കൈപ്പടം. നൃലോകം=മനുഷ്യലോകം (ഭൂഗോളം.) സ്വച്ഛ....രൻ=നിർമ്മലസ്വഭാവത്താൽ വൈരം മറന്നവൻ. ഭൂമിയുടെ നിഴലാണുപോൽ, ചന്ദ്രനിലെ കളങ്കം. പരിശുദ്ധസ്വഭാവനായ ചന്ദ്രൻ ഈ ദ്രോഹകൃത്യം മറന്നു ഭൂമിയെ ചന്ദ്രികകൊണ്ടു വെള്ളിപ്പൂണും അണിയിച്ചു. ശീതളമായ ചന്ദ്രികയെ കർപ്പൂരമായധ്യവസായം ചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

വിശ്രമപ്രദായിനി-
യാകിയ നിശാദേവി
നിശ്ശബ്ദസ്ഥിതിയെങ്ങു-
മാജ്ഞാപിച്ചിരിയ്ക്കിലും,
ആറേഴുശതലക്ഷം
പട്ടിണിവയററിലെ-
ഘോരമാമിരയ്ക്കലെൻ
ചെവിയിൽത്തള്ളിക്കേറി! ൨

ചോരയും മാംസങ്ങളു-
മന്യർ തിന്നൊടുക്കിയ
ഭാരതവർഷത്തിൻെറ-
യസ്ഥിക്കൂടങ്ങളുടൻ
ഓരോന്നായ് മമ മുന്നിൽ
നിരന്നാർ—ശിവനേ, ഞാ-
നാരെ,ൻെറ കണ്ണീർകൊണ്ടി-
ദ്ദീനർതൻ ദാഹം തീർക്കാൻ? ൩

---

2. വിശ്രമപ്രദായിനി=വിശ്രമം നല്കുന്നവൾ. ശതലക്ഷം=കോടി. വിശ്രമവും ആനന്ദവും വളർത്തുന്ന ആ സന്ദർഭത്തിലും ഞാൻ ആറേഴുകോടി പാവങ്ങളുടെ ദാരിദ്ര്യസ്ഥിതിയെപ്പററി ചിന്തിച്ചു വ്യസനിച്ചുകൊണ്ടിരുന്നു.

3. സമ്പത്തെല്ലാം അന്യർ അപഹരിയ്ക്കയാൽ 'എല്ലുംതോലു'മായിത്തീർന്ന ഇന്ത്യയിലെ അധഃകൃതരെപ്പററി ഞാനോർത്തു; ഹാ, എൻെറ സഹതാപംകൊണ്ട് അവർക്കെന്തുണ്ടാവാനാണ്?

Digitized By Kerala Sahitya Akademi

അൻപെഴുമച്ഛൻ മക്കൾ-
ക്കെല്ലാർക്കുംകൂടിത്തന്ന
സമ്പത്തു കരുത്തരാം
ചിലർതൻ വകയായ്പ്പോയ്;
ചെന്നതു യാചിപ്പാനും
വഴിയില്ലീ ഭ്രാതാക്കൾ-
ക്കു, ന്നമ്രജാതിക്കോട്ട-
യുണ്ടവരുടെ ചുററും!
ജാതിതൻ വിളംബര-
മെത്ര ധർമ്മാനൃതം:
ഭ്രാതൃവിദ്വേഷികളാ
മേലാളർ വിശുദ്ധർപോൽ;
അവർക്കു, തന്നതോജ-
സ്സുരുക്കിപ്പൊൻനാണ്യങ്ങ-
ളടിച്ചുകൊടുക്കുമി-
സ്സാധുക്കളശുദ്ധരും! 4

---

4. അച്ഛൻ—ഈശ്വരൻ. ഉന്നമ്രം=ഉയർന്ന. മനുഷ്യരെല്ലാം പ്രപഞ്ചകുടുംബത്തിലെ അംഗങ്ങളെന്ന നിലയ്ക്കു് അതിലെ സ്വത്തിനും എല്ലാവരും സമാവകാശികളാണല്ലോ. ധർമ്മാനൃതം—വിപരീതലക്ഷണ. ഭ്രാതൃവിദ്വേഷികൾ=സഹോദരദ്രോഹികൾ. തങ്ങളുടെ ശരീരശക്തിയെല്ലാം ക്ഷയിക്കുമാറു വേലയെടുത്തു മേലാളരെ ധനവാന്മാരാക്കിത്തീർക്കുന്ന ഈ പാവങ്ങൾ അയിത്തക്കാരാണ്പോൽ!

Digitized By Kerala Sahitya Akademi

എന്തപരാധം ചെയ്തു
പാവങ്ങളിവർ, പാര-
തന്ത്ര്യത്തിൻ തുറുങ്കിൽത്താൻ
ചുരുണ്ടു കിടക്കുവാൻ?
അല്ലെങ്കിലസ്വാതന്ത്ര്യ-
ദുഃഖമേ തെരിയാത്തോർ,
വല്ലാതാ വിഷത്തിലെ-
പ്പുഴുക്കളായ്ത്തീർന്നു നാം:
വമ്പിച്ച വില മേടി-
ച്ചടിമപ്പട്ടം വില്ക്കും
കമ്പോളസ്ഥലമല്ലോ
നമുക്കു പള്ളിക്കൂടം!
'ഉയർന്ന വിദ്യാഭ്യാസം'—
ഉടുപ്പിൽത്തുന്നിച്ചേർക്കു-
മുയർന്ന വിദ്യാഭ്യാസം—
എത്ര താഴ്ത്തീലാ നമ്മെ? 5

ആ മനസ്സംസ്കാരമെ-
ങ്ങ്, സ്സമനുഷ്ഠിതമെ-

5. വിഷത്തിൽ ജനിച്ചുവളർന്ന പുഴുക്കളെ വിഷം തീണ്ടാത്തതുപോലെ, അടിമയായിജ്ജനിച്ച് അടിമത്തംതന്നെ കണ്ടും കേട്ടും പാഠിച്ചു ശീലിച്ച നമ്മെ അതു ദുഃഖിപ്പിക്കാതായിരിക്കുന്നു. 'വമ്പിച്ച.........' ഇത്യാദികൊണ്ടതു വിവരിക്കുന്നു.

Digitized By Kerala Sahitya Akademi

ങ്ങാ, മഹാസന്ത്യാഗമെ-
ങ്ങാ, മുക്തിനിനവെ ങ്ങാ!

തീണ്ടോല്ലാ, തൊടൊല്ലെന്നു
തങ്ങൾ തങ്ങളെ മൌഢ്യം
പൂണ്ടാട്ടിയോടിയ്ക്കുന്ന
ഘോഷമെന്നോളം നില്ക്കും,

അന്നോളം ശ്രവിയ്ക്കാ നാ-
മാർഷധർമ്മത്തിൻ ഗാനം!
അന്നോളം തിരിച്ചെത്താ,
ഭ്രഷ്ടർ നാം സ്വരാജ്യത്തിൽ! ൬

എന്മുഖത്തെയ്ക്കൊന്നുററു
നോക്കിനാർ, വാനം പുക്ക
ധർമ്മരക്ഷകന്മാർത-
ന്നാത്മാക്കൾ, നക്ഷത്രങ്ങൾ:

---

6. ഇന്ത്യയിലെ പണ്ടത്തെ സ്ഥിതിയെ ഓർക്കുന്നു: അന്നത്തെ മനഃപരിഷ്കാരം, സമഭാവന, ത്യാഗം, അദ്ധ്യാത്മചിന്ത എന്നിവയെല്ലാം തീരെ ഇല്ലാതായിക്കഴിഞ്ഞു. അന്നോളം....ഗാനം= അതുവരെ ഋഷികളുപദേശിച്ച ധർമ്മത്തിൻെറ (സമത്വം സ്വാതന്ത്ര്യം മുമ്പായവയുടെ) ആനന്ദകരത്വം നമുക്കനുഭവപ്പെടുകയില്ല. ഭ്രഷ്ടർ=ധർമ്മമാർഗ്ഗത്തിൽനിന്നു തെററിയവർ.

7. സവർണ്ണർ അവർണ്ണരെ അകററുന്നതു പ്രകൃതിവിരുദ്ധമാണെന്നും, നേരെമറിച്ചു ചെയ്യുന്നതാണ് പ്രകൃതിയ്ക്കു സമ്മതമെന്നും,

Digitized By Kerala Sahitya Akademi

അംബരസ്ഥലത്തതാ,
    വടക്കുനിന്നേതാനും
വെൺമുകിലുകളൊപ്പം
    തെക്കോട്ടു നടകൊണ്ടു;
മുന്നിൽ വന്നൊത്ത കരിം–
    കാർകളോടവ മാറാൻ
ചൊന്നതില്ല,വഴുമായ്-
    ച്ചേരുകയത്രേ ചെയ്തു;
ഗംഗയും കാളിന്ദിയു–
    മൊത്തിണങ്ങിയാലത്തെ–
ബ്ഭംഗിയച്ചേർച്ചയ്ക്കുണ്ടായ്—
    ഐക്യമേ, സേവ്യാൽ സേവ്യം! 7

മേഘങ്ങളുടെ യോജിപ്പിൽനിന്നറിയണം. ഗംഗയും കാളിന്ദിയും കൂടിച്ചേരുന്നതിനാൽ 'പ്രയാഗ'മെന്നപോലെ, സവർണ്ണരും അവർണ്ണരും ഒരുമിച്ചായാൽ നമ്മുടെ നാടും ഒരു പുണ്യസ്ഥലമായിത്തീരുമെന്നു വ്യംഗ്യം. വടക്കുനിന്നു വന്ന ആര്യന്മാർ ആദിദ്രാവിഡരോടു കൂടിച്ചേർന്നതും വ്യഞ്ജിക്കുന്നു. സേവ്യാൽ സേവ്യം=സേവിക്കപ്പെടേണ്ടവയിൽവെച്ചു സേവിക്കപ്പെടേണ്ടത്—സർവ്വപ്രധാനമായി ആശ്രയിക്കേണ്ടത്.

Digitized By Kerala Sahitya Akademi

15

മാപ്പ്

തീവണ്ടിയാപ്പീസ്സിലനേകമട്ടായ്-
ത്തിങ്ങുന്നു യാത്രോദ്യതരാം ജനങ്ങൾ;
ഒററയ്ക്കൊരാളങ്ങൊരഴുക്കുമുക്കിൽ
മലർന്നു മെയ് നീണ്ടു കിടന്നിരുന്നു — 1

ഞരമ്പെലിമ്പെന്നിവ ചേർത്തുവെച്ചു
ചുളിഞ്ഞ തോൽകൊണ്ടഥ മൂടിയിട്ടാൽ,
ആളെന്ന പേരായതിനൊക്കുമെങ്കി-
ലൊ'രാളു'താന,ഗ്ഗളിതാംഗചേഷ്ടൻ! 2

കൈച്ചീട്ടു വാങ്ങാനുഴറാതെ, നേരം
നോക്കാത,നങ്ങാതെ കിടന്നിതായാൾ;
തീവണ്ടി ചെല്ലാത്തൊരിടത്തിലെയ്ക്കാ-
യിരുന്നു സായാസമവന്റെ യാനം: 3

കവി ചെറുവണ്ണൂർ തീവണ്ടിസ്റ്റേഷനിൽവെച്ചു കണ്ട ഒരു കൂലിക്കാരന്റെ മരണത്തെപ്പററി:

2. എലിമ്പ്=അസ്ഥി. ഗളി......ഷ്ടൻ=അവയവങ്ങളുടെ വ്യാപാരം നിലച്ചവൻ: അവൻ ശോഷിച്ച് ഒരു അസ്ഥികൂടം മാത്രമായിരുന്നു.

3. സായാസം=പ്രയാസത്തോടുകൂടിയത്.

Digitized By Kerala Sahitya Akademi

കൺ കണ്ടിലായി, കവിളൊട്ടി, മൂക്കു
വളഞ്ഞു, വൈവർണ്ണ്യമിയന്ന വക്ത്രം,
ആ നിസ്സഹായൻ പരലോകപാന്ഥ-
നാണെന്ന,പേതാക്ഷരമുച്ചരിച്ചു! 4

കുപ്പായമില്ലാ, കുടയില്ല, മാറാ-
പ്പില്ലാ, വിരിപ്പില്ല, ചെരിപ്പുമില്ലാ;
ഇദ്ദീർഘയാത്രോദ്യതനാണു,രയ്ക്ക-
ലിരണ്ടു കീറത്തുണിയൊന്നുമാത്രം! 5

പൈശാചതൃഷ്ണയ്ക്കടിപെട്ടോ,രുഞ്ഞാ-
പ്പണിയ്ക്കു നിത്യം മുതലാളിവർഗ്ഗം,
ചെഞ്ചോര തിന്നിപ്പൊഴുതിട്ടെറിഞ്ഞ
മനുഷ്യദേഹങ്ങളിലൊന്നിതത്രേ! 6

സുഖാമൃതം സ്വൈരമശിച്ചു ദിവ്യ-
സൗധേ രമിപ്പൂ മുതലാളിവീരൻ;

---

4. പരലോകപാന്ഥൻ=പരലോകത്തിലേയ്ക്കുള്ള യാത്രക്കാരൻ. അപേതാക്ഷരം=അക്ഷരം കൂടാതെ (പറയാതെകണ്ടുതന്നെ).

6. പൈശാചതൃഷ്ണ=പിശാചിന്നൊത്ത ദുര, ദാഹം എന്നും. തോട്ടങ്ങളിലും കമ്പനികളിലും മററും പാവങ്ങളെക്കൊണ്ടു കുറഞ്ഞ കൂലിയ്ക്കു കടുത്ത ജോലി ചെയ്യിച്ച്, അവർ ശേഷിയററ രോഗികളാകുമ്പോൾ നിർദ്ദയം തള്ളിക്കളയപ്പെടുന്നു; നാട്ടിലെത്താൻ പോലും പണമില്ലാതെ ചിലപ്പോൾ അവർ വഴിയിൽ വീണു മരിയ്ക്കുവാനും ഇടവരുന്നു.

Digitized By Kerala Sahitya Akademi

അയാൾക്കു വിൺ തീർത്തവരോ, വിശപ്പാൽ
വല്ലേടവും വീണു മരിച്ചിടുന്നു!   7

മേലാൾക്കു പൂംപട്ടുകിടയ്ക്ക തുന്നി-
ക്കൂട്ടുന്നതിന്നാരുടെ കൈ കഴച്ചു,
ഏതോ മരത്തിൻപൊളിയാണവന്നു
കിടച്ചതാഹന്ത, കിടന്നു ചാവാൻ!   8

ഉണ്ടായിരിക്കാം, തനതച്ഛനമ്മ-
കുഞ്ഞുങ്ങൾ ചേരും കുടിലൊന്നിവന്നും;
അഭാഗ്യവത്താകുമതിൻ നടുത്തൂൺ-
താനായ്വരാം, വീണുകിടക്കുമീയാൾ!   9

ഈ വിശ്രമാവസ്ഥയിലും വിയർത്തി-
ട്ടുണ്ടപ്പണിക്കാരനു ഫാലദേശം;

---

7. വിൺ=സ്വർഗ്ഗം. പാവങ്ങൾ പണിയെടുത്തു കഷ്ടപ്പെടുവാനും, പ്രഭുക്കന്മാർ സുഖിക്കുവാനും; ഇതാണ് ഇന്നത്തെ ലോകസ്ഥിതി.

8. അവന്റെ വേലയ്ക്കൊത്ത കൂലിപോലും കിട്ടിയില്ല!

9. ഇവൻ ഏതെങ്കിലും ഒരു ചെറുകുടുംബത്തിന്റെ രക്ഷകനായിരിക്കും—തടുക്കാൻ വയ്യാത്ത ദൈവഗതി!

10. ഫാലം=നെററി. വിശ്രമസമയത്തുപോലും വേലയ്ക്കോ

Digitized By Kerala Sahitya Akademi

ശ്രമിച്ചു കണ്ടാം, കുറുകും കണ്ഠത്തിൽ
പ്രാണപ്രയാണവ്യഥ പൂത്തിവെപ്പാൻ! 10

അവൻറയെല്ലന്തി വിളത്ത മാത്ത-
ട്ടനുക്ഷണം ശ്വാസവിജൃംഭിതത്താൽ,
യമാഗമം നോക്കിടുവാനെണീററും,
കാണാഞ്ഞിരുന്നും വിഷമിച്ചിരുന്നു! 11

അശക്തമാമത്തല താങ്ങുവാനോ,
തണുത്തമെയ്യൊന്നു തലോടുവാനോ,
അങ്ങാരുടേയും കൃപ കയ്യയച്ചീ-
ലെ;-ന്തിന്നവൻ ദീനദരിദ്രനായീ— 12

എന്തിന്നവൻ പേർപുകഴാത്തൊരാളാ-
യെ,—ന്തിന്നവൻ ഹീനകുലേ ജനിച്ചു!

ത്ത കുറവില്ലെന്നു്. പ്രാണ....വ്യഥ=ജീവൻ വിടുമ്പോളുള്ള വേദന. ആ സാധുവിൻെറ ക്ലേശസഹിഷ്ണുത്വം വ്യഞ്ജിപ്പിക്കുന്നു.

11. ശ്വാസ.........തം=ശ്വാസത്തിൻെറ തള്ളൽ. യമാഗമം=കാലൻെറ വരവു്. വായുവിൻെറ വലിവുകൊണ്ടു മാറു പൊങ്ങുന്നതു കാലൻെറ വരവുനോക്കാനാണെന്നു കല്പന. മരണവേദനയുടെ ദുസ്സഹത്വംമൂലം വല്ലവിധത്തിലും വേഗം പ്രാണൻ പോകണമെന്ന ആഗ്രഹം.

12. ധനികനായിരുന്നെങ്കിൽ ശുശ്രൂഷിക്കാൻ ആളുകൾ ധാരാളമുണ്ടാകുമായിരുന്നു.

Digitized By Kerala Sahitya Akademi

മഹന്മൃതാംഗസ്നപനോചിതം നിൻ
വെന്നീർ വൃഥാവിൽക്കളയായ്ക കണ്ണേ! 13

അറപ്പുമൂലം ചിലർ മാറിനിന്നാ-
ര:-വന്റെ ഗാത്രം മലിനം വിഗന്ധം;
ചിലർക്കു ചിത്താർദ്രത, 'കഷ്ട'മെന്നി-
ട്ടൊരൊററവാക്കിൽച്ചെലവായ്ക്കഴിഞ്ഞു! 14

നോക്കിച്ചിരിച്ചൂ ചില ദേവകല്പർ:
'ചാവാൻ തുടങ്ങിടുകയാണു പാവം!'
ചിലർക്കുദിച്ചീല വികാരമൊന്നും:
'മരിയ്ക്ക സാധാരണമല്ലി, മന്നിൽ?' 15

മരിയ്ക്ക സാധാരണ;-മീ വിശപ്പിൽ-
ദ്ദഹിയ്ക്കലോ, നമ്മുടെ നാട്ടിൽമാത്രം—

---

13. മഹന്മൃ....തം=മഹാന്മാരുടെ ശവത്തെ കുളിപ്പിയ്ക്കാനുള്ളത്. മഹാന്മാർ മരിയ്ക്കുമ്പോഴല്ലേ നമുക്കു സങ്കടമുണ്ടാകയുള്ളു. പാവങ്ങളെപ്പററി ആർ സ്മരിയ്ക്കുന്നു? വെന്നീർ=ചുടുവെള്ളം.

14. ഗാത്രം=ശരീരം.

15. ദേവകല്പർ=ജീവിതാഡംബരംകൊണ്ടു ദേവതുല്യർ (തങ്ങൾക്കും മരണമുണ്ടെന്നത് ഓർക്കുകയേ ചെയ്യാത്തവർ). അവർ എത്രത്തോളം ശൂന്യഹൃദയന്മാരാണെന്നു സൂചിപ്പിയ്ക്കുന്നു. തങ്ങളുടെ മനോഭാവം സാധൂകരിയ്ക്കുന്നതിന്നു ചില 'മുറിവേദാന്തി'കൾ ഇങ്ങിനെ പറയാറുണ്ട്.

Digitized By Kerala Sahitya Akademi

ഐക്യക്ഷയത്താലടിമശ്ശവങ്ങ-
ളടിഞ്ഞുകൂട്ടും ചുടുകാട്ടിൽമാത്രം! 16

ഇപ്പാരിടക്കാഴ്ച വെറുത്തതിൻമ-
ട്ടടഞ്ഞുതാൻനിന്നിതു കണ്ണുരണ്ടും;
എന്നാലവന്നന്തിമമായൊരിയ്ക്കൽ
ക്കുടിത്തുറന്നു നനവററ വക്ത്രം. 17

വേദാന്തമില്ലാത്തൊരു സാധുവിന്നി-
ദ്ദശാന്തരത്തിൽക്കരളും ചൊററലിഞ്ഞു;
അതക്കൃതാന്തായതനാധ്വഗൻെറ
വരണ്ട ചുണ്ടൊന്നു നനയ്ക്കുകയുണ്ടായ്! 18

കിടാങ്ങളെക്കിഞ്ചന പുല്കുവാനോ,
പിതാക്കളന്തൻ തൃക്കഴൽ കൈതൊഴാനോ,
നൽപ്പാതിമെയ്യോടവസാനയാത്ര-
യുൽബാഷ്പദൃക്കാലുരചെയ്യുവാനോ 19

---

16. ഐക്യക്ഷയം—യോജിപ്പില്ലായ്മയാകുന്ന ക്ഷയരോഗം. അനൈകമത്യമാണ് നമ്മുടെ നാശത്തിന്നു പ്രധാനകാരണം.

17. ജീവിതം എന്നും ക്ലേശഭൂയിഷ്ഠമാകയാൽ, ഇഹലോകത്തോടു വെറുപ്പ്.

18. വേദാന്തംകൊണ്ടു വഴി തെററി ചിലർ തീരെ ശൂന്യഹൃദയരായിപ്പോകാറുണ്ട്. അത്—കരളലിവ്. കൃതാ....ധ്വഗൻ= കാലപുരിയ്ക്കു പോകുന്നവൻ

19 നല്പാതിമെയ്യ്=ഭാര്യ. ഉൽ.......ക്ക്=കണ്ണീർ നിറഞ്ഞ നോട്ടം.

Digitized By Kerala Sahitya Akademi

തരപ്പെടാതത്തരുണൻ പൊറുപ്പ-
റാ— താ, മുഴങ്ങി മണിയൊച്ച മേന്മേൽ,
അവങ്കലെത്തും ശമനന്റെ പോത്തിൻ
കണ്ഠസ്ഥഘണ്ടാരവമെന്നപോലേ! 20

തീവണ്ടി വന്നു, പുരുഷാരമതിൽക്കരേറീ;
ദ്യോവിങ്കൽ വീണ്ടുമൊരുചാണുയർന്നു സൂര്യൻ;
പാവങ്ങൾ ചത്തിടുകിലെന്തു, പിറക്കിലെന്തൻ?—
പാഴ്വാക്കിതിന്നരുൾക മാപ്പു മനീഷിമാരേ! 21

---

20. മണിയൊച്ച വണ്ടി വരുന്നതിനെ അറിയിക്കുന്നു. അതു കാലന്റെ വാഹനമായ പോത്തിന്റെ കഴുത്തിലുള്ള മണിയുടെ ശബ്ദമാണെന്ന് ഉൽപ്രേക്ഷ.

21. സാധുക്കൾക്ക് എന്തു സംഭവിച്ചാലും ലോകം അതിനെ വകവെയ്ക്കാതെ സ്വന്തം ഗതി തുടരുന്നു. ദ്യോവ്—ആകാശം. മനീഷി=വിദ്വാൻ.

Digitized By Kerala Sahitya Akademi

16

നരേന്ദ്രന്റെ പ്രാർത്ഥന

(പാന)

'വീട്ടിലെന്തു വിശേഷം നരേന്ദ്ര, നീ-
വിപ്പുമുട്ടിക്കരയുന്നതെന്തിനോ?
ചണ്ഡദുഃഖനിമഗ്നമാം ലോകത്തിൻ
കണ്ണുനീർ തുടപ്പാനുള്ള വസ്ത്രത്തെ
തേടിനോക്കമിഴധീരമാം നിന്മിഴി
ചൂടെഴുമശ്രു വാക്കയോ താൻതന്നെ!' 1

ആരുടെ ദിവ്യഗാനം ചിദാനന്ദ-
ധാര തൂകിയോ തങ്കൽപ്പലപ്പൊഴും,
അസ്സുമുഖന്റെ രോദനം കേട്ടഹോ,—
ലസ്സുശീലന്റെ വല്ലായ്മ കാങ്കെയാൽ,
രാമകൃഷ്ണപരമഹംസൻ പുരാ
പ്രേമതൃഷ്ണയാന്നിവിധം ചോദിച്ചു,
ലോലകണ്ഠനായ്ക്കൺതുടച്ചോതിനാൻ
സ്വാലയത്തിൽനിന്നാഗതൻ ശിഷ്യാഗ്ര്യൻ:— 2

---

1. നരേന്ദ്രൻ—വിവേകാനന്ദസ്വാമിയുടെ ആദ്യത്തെ പേരു്. അദ്ദേഹം തന്റെ കുടുംബദാരിദ്ര്യത്തെയോർത്തു ഗുരുസന്നിധിയിൽവെച്ചു സങ്കടപ്പെട്ടതിനെപ്പറ്റി: ചണ്ഡ....ഗ്നം=കൊടുംതാപത്തിൽ മുങ്ങിയതു്. ലോകത്തിന്റെ ദുഃഖനിവൃത്തിക്കു ദൃമിക്കുന്ന ആൾതന്നെ ദുഃഖിക്കുവാൻ തുടങ്ങുന്നതിൽ അത്ഭുതം.

2. വിവേകാനന്ദൻ നല്ല ഗായകനുമായിരുന്നു. ലോലകണ്ഠനായ്=തൊണ്ടയിടറിക്കൊണ്ടു്.

Digitized By Kerala Sahitya Akademi

‘ഉൽപ്പതിയ്ക്കുകില്ലേതു കണ്ണിൽജ്ജലം,
ദുൎഭിക്ഷത്തിൻ കെട്ടപുക തട്ടിയാൽ?
അക്കൊട്ടംതിയ്യു ബാധിച്ചിരിയ്ക്കുന്നു
മൽക്കുടുംബത്തെ മുററും ഭഗവാനേ.
അച്ഛനല്ലന്നു ധൎമ്മമണിഹൎമ്മ്യം;
പിച്ചമാട,മിന്നെൻതറവാടയ്യോ!
ഏതിൽനിന്നു ചുരന്നൊരു വാത്സല്യ-
പ്പാൽ തുലോം നുകൎന്നിങ്ങു വളൎന്നു ഞാൻ,
പട്ടിണിയാലെരിപൊരിക്കൊണ്ടവിത-
പ്പെട്ടമാൎത്തട—മമ്മേ, കൃതഘ്നൻ ഞാൻ!’ 3

താങ്ങുവാനരുതാത്ത മാൽകൊണ്ടവൻ
തേങ്ങിത്തേങ്ങിക്കരകയായ് പിന്നെയും:
ത്യാഗിയായ് ‘വിവേകാനന്ദ’സൽപദം
പൂകവാൻ പടി കേറുമി പ്രാജ്ഞനും
പ്രാകൃതൻ തന്നെ ദാരിദ്ര്യദുഃഖത്തിൽ—
വെല്ക, വെല്ക, നിൻപ്രാഭവം സമ്പത്തേ! 4

ഭക്തശിഷ്യൻെറ ബാഷ്പം പതിയ്ക്കയാൽ
തൃത്തെളിനെഞ്ചലിഞ്ഞ ഗുരുവരൻ,

---

3. പിതൃമരണാനന്തരം നരേന്ദ്രൻെറ കുടുംബം ദാരിദ്ര്യത്തിൽ മുങ്ങിപ്പോയി. ദാരിദ്ര്യനിവാരണത്തിനു ശ്രമിയ്ക്കാത്തതുകൊണ്ടു കൃതഘ്നൻ.

4. വെല്ക=ജയിയ്ക്ക. പ്രാഭവം=ശക്തി. ദാരിദ്ര്യബാധ ആൎക്കും ദുസ്സഹമാണെന്നു്.

Digitized By Kerala Sahitya Akademi

ശ്രദ്ധയുള്ള ജനത്തിനു കൈവല്യ
ത്തത്ത്വമോതിക്കൊടുക്കുമധരത്താൽ,
അത്തലിൽ വാട്ടമക്കലസ്നേഹിയ്ക്കു
വിത്തലാഭവഴിയുപദേശിച്ചാൻ:— 5

'വത്സ, ചെന്നുണർത്തിയ്ക്കുകിസ്സങ്കട-
മസ്മദംബയെ—ശ്രീമഹാകാളിയെ:
ആരുരുക്കിയൊഴിച്ച തൂവെള്ളിയോ
പാരിലിഗ്ഗംഗയായി പ്രവഹിപ്പൂ,
ആരുടെയീട്ടുവെപ്പിൽനിന്നോ സദാ
സൂരദേവൻ സുവർണ്ണം വിതറുന്നു,
ആരുടെ ദിവ്യരത്നഗണത്താലോ
കൂരിരുട്ടുമലംകൃതമാകുന്നു,
ആ മഹേശി കൺകോണൊന്നിളക്കിയാൽ-
പ്പോയ് മറയാത്ത ദാരിദ്ര്യമെങ്ങുള്ളു!' 6

അന്നരേന്ദ്രനു ഹൃത്തിന്നടിത്തട്ടിൽ-
നിന്നുയർന്നിതൊരുഷ്മളനിശ്വാസം:

---

5. ബാഷ്പം=കണ്ണീർ. കൈവല്യം=മോക്ഷം. വിത്തം=ധനം. സ്വാന്തനിലയ്ക്ക് അനുചിതമാണെങ്കിലും, ശിഷ്യവാത്സല്യത്താൽ ധനാഗമമാർഗ്ഗോപദേശം ചെയ്തു.

6. അസ്മദംബ=നമ്മുടെ അമ്മ. ദിവ്യരത്നഗണം—നക്ഷത്രവൃന്ദം.

Digitized By Kerala Sahitya Akademi

ഷതോരംത്തുകിൽത്തുമ്പുകളുകൾ കൈകളാൽ
ചീത്ത കൺകൾക്കു താഴെയായ്‌വെച്ചവൻ,
കാളിതൻമഹാക്ഷേത്രത്തിനു നേരേ
മൌലിയും ചായ്ച്ചു മെല്ലെ നടകൊണ്ടാൻ. 7

അന്തിതൻപൊന്നിലാണ്ട ഗഗനാന്തം
ഹന്ത, ചിക്കെന്നിരുണ്ടതായ്ക്കണ്ടിട്ടോ,
ത്വംഗദൂർമ്മിയാലോരോന്നു പാടിക്കൊ-
ണ്ടങ്ങൊഴുകിയിരുന്നു മന്ദാകിനി! 8

അമ്പലത്തിങ്കൽനിന്നു തിരിച്ചെത്തി
മുൻപടിക്കശ്രുപര്യാകുലാക്ഷനായ്
മുമ്പിൽ നിന്ന കുമാരനെത്തൃക്കൺപാ-
ർത്തൻപിയന്ന ഗുരുപാദർ ചോദിച്ചാൻ:—
'ഇപ്പൊഴും കേഴ്വതെന്തിനെ,ൻവത്സങ്കൽ-
കല്പവല്ലിയും കാട്ടി പിശുക്കെന്നോ!

---

7. ഊഷ്മളം=ചൂടുപിടിച്ചത്. തോരം.......ളുകൾ—രണ്ടു പിണ്ഡങ്ങളുടെ ആകൃതിയിൽ ചുരുട്ടിയ ഉത്തരീയാഞ്ചലം. മൌലി=ശിരസ്സ്.

8. ചിക്കെന്നു=വേഗത്തിൽ. സമ്പത്ത് ഏററവും ക്ഷണികമാണെന്നു കാണിക്കുന്നു. ത്വംഗദൂർമ്മി=ഇളകുന്ന തിര. മന്ദാകിനി=ഗംഗ.

9. അശ്രു.......നായ്=കണ്ണുനീരുകൊണ്ടു കലങ്ങിയ കണ്ണോ

Digitized By Kerala Sahitya Akademi

ദേവിയോടു നീയെന്തൊന്നപേക്ഷിച്ചു?"
മാവിസന്ന്യാസി സത്യമുണത്തിനാൻ:— 9

'വിത്തമല്ല വിരക്തിയാണത്ഥിച്ച-
തത്തിരുവടിയോടു ഞാൻ സൽഗുരോ;
എത്ര കഷ്ടമെൻവീട്ടിൽ— നിലയ്ക്കാത്ത
തദ്ദാരിദ്ര്യം തടുത്തു യതിശ്രേഷ്ഠൻ,
നെഞ്ചിലെ സ്വച്ഛസംപ്രീതിവായ്പൊരു
പുഞ്ചിരിയിൽപ്പകത്തിയരുളം ചെയ്താൻ:— 10

'മുന്നമേ നേക്കറിയാമെനിയ്ക്കിതു:
മന്നിൽ മായയെ മായ്ക്കാൻ പിറന്നോൻ നീ;

ടുകൂടി(കാഴ്ച്ചനീഷധിയുണ്ടാകാതെ). കല്പവല്ലി—സ്വാഭീഷ്ടദായിനി (ദേവി).

10. ദേവീസന്നിധിയിൽ ചെല്ലുമ്പോരം ത്യാഗനിരതനായ നരേന്ദ്രനെ ധനാശ വിട്ടുപിരിയുന്നു. സർവ്വോപരി ശ്രേഷ്ഠമായ വിരക്തി (വൈരാഗ്യം)മാത്രമേ അദ്ദേഹം അപ്പോരം ഇച്ഛിച്ചുള്ളൂ. 'എത്ര കഷ്ട'മെന്നു, പിന്നെയും കുടുംബചിന്ത ബാധിക്കുന്നു. സ്വച്ഛസംപ്രീതി=നിഷ്കളങ്കമായ പ്രീതി. സ്വശിഷ്യന്റെ വാസനാലീനമായ വൈരാഗ്യമോത്തു ഗുരുവിനു സംപ്രീതി.

11. എത്ര കിട്ടിയാലും പൂർണ്ണമാകാത്ത ഒന്നാണ് ധനാശയെന്നു, 'കീറക്കമ്പിറം' സൂചിപ്പിക്കുന്നു; അല്ലെങ്കിൽ, ദേവിയുടെ-

Digitized By Kerala Sahitya Akademi

സച്ചിദാത്മികയോടെ,ന്തു വന്നാലും
തുച്ഛമാം പണം യാചിയ്ക്കില്ല നീ—
തമ്പുരാട്ടിതൻ മുമ്പിലൊരു കീറ–
ക്കുമ്പിളും കാട്ടി നില്ക്കുവോനല്ല നീ!' 11

മഹാപ്രസാദം വാങ്ങാൻ നമ്മുടെ പരിമിതങ്ങളായ പാത്രങ്ങൾ പോരാ എന്നു വ്യംഗ്യം. പ്രകൃഷ്ടവസ്തുവിനെ പ്രദാനം ചെയ്യുന്ന മഹാദേവിയുടെ അടുക്കൽ നികൃഷ്ടവസ്തുവിനെ (പണത്തെ) യാചിയ്ക്കുന്നവനല്ല നീ എന്ന്, എനിയ്ക്കു മുമ്പുതന്നെ അറിയാം.

Digitized By Kerala Sahitya Akademi

17

പരസ്പരം സഹായിപ്പിൻ

(വഞ്ചിപ്പാട്ട്)

പ്രത്യൂഷക്കാററലർകളെത്തത്ര തത്ര വിടുർത്തുന്നു;
പുത്തൻമണമനിലനെപ്പൂശിപ്പൂ പൂക്കൾ;
സൂരൻ ചൂടും വെളിച്ചവും പാരിന്നരുളുന്നു; പാരോ,
നീരാവികളവിടെയ്ക്കും നേർക്കയയ്ക്കുന്നു;
പുല്ലുകൾതൻ പനിക്കണ്ണീർത്തുള്ളികളെ ക്ഷ[illegible]നാൽ വൈര-
ക്കല്ലുകളായ് മാററിടുന്നു പൊന്നിളവെയിൽ;
അത്യുന്നതം താരാപഥമത്ര കൂരിരുളിന്നെഴും
ചിത്രദിവ്യകുസുമങ്ങൾ ചൂടിച്ചിടുന്നു;
വാനിൽനിന്നു ചന്ദ്രനുള്ളം വരണ്ട പാഴ്[illegible]റകൾക്കു
വായിൽ നറുംപാൽ പകർന്നു കൊടുത്തിടുന്നു —
'പരസ്പരം സഹായിപ്പിൻ പരസ്നേഹം പരത്തുവിൻ,'
നിരക്ഷരലിഖിതമിതീശശാസനം! 1

---

1. പ്രത്യൂഷം=പ്രഭാതം. അലർകൾ=പൂക്കൾ. അനിലൻ=കാററ്. പരസ്പരസഹായം പ്രകൃതിയിൽത്തന്നെ ദിനംപ്രതി നടന്നുകൊണ്ടിരിക്കുന്നതിനെ സോദാഹരണം വെളിപ്പെടുത്തിയിരിക്കുന്നു. താരാപഥം=നക്ഷത്രമാർഗ്ഗം (ആകാശം); എത്ര ഉയർന്നവരും താണവരെ സഹായിക്കുവാൻ മടിക്കരുതെന്നു്. നറുംപാൽ—നിലാവ്. നിരക്ഷരലിഖിതം=അക്ഷരംകൂടാതെ എഴുതപ്പെട്ടത്. മേല്ക്കാണിച്ച പ്രകൃതിഭാവങ്ങൾ വഴിയായി, ഈശ്വരൻതന്നെ നമ്മെ ഇതു പഠിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

സോദരരേ, മനുഷ്യരായ്ജ്ജാതർ നമ്മൾ പതിയ്ക്കാമോ
സ്വോദരംഭരികളായിത്തിര്യഗ്വർഗ്ഗത്തിൽ!
വേറെ വേറെ വലിഞ്ഞുനിന്നോരെയേറെ മുറുകെക്കൊള്ളേ
പാരതന്ത്ര്യബന്ധങ്ങളെ പ്രാജ്ഞരാം നിങ്ങൾ;
പാദലഗ്നശൃംഖലതൻ മേദുരമാം കിലുക്കത്താൽ
സ്വാതന്ത്ര്യശംഖൊലി പണ്ടേ കേൾക്കാതായ് നമ്മൾ. 2

കടൽമാതിൻ പള്ളിപ്പൂച്ചക്കുടകളാം തെങ്ങുകൾതൻ
നെട്ടംതണലിങ്കൽ മേവും മലനാടിതാ,
ഉടനുടൻ ദാരിദ്ര്യത്തീച്ചൂടുവീർപ്പ് വിട്ടു പുക–
പിടിപ്പിപ്പൂ വിമലമായ്നിന്ന വാനിനെ!
ആലസ്യമേ, നിശ്ശ്രാന്തം വേല ചെയ്തുണ്ടാക്കിവെച്ചീ–
ലാലയംതോറുമിങ്ങത്രയസ്ഥികൂടത്തെ?

---

2. സ്വോദരംഭരികൾ=സ്വന്തം വയറിനെപ്പുലർത്തുന്നവർ (തൻകാര്യംമാത്രം നോക്കുന്നവർ). തിര്യഗ്വർഗ്ഗം=പക്ഷിമൃഗാദികളുടെ വർഗ്ഗം. പാരതന്ത്ര്യം=അടിമത്തം; അനൈകമത്യം അടിമത്തത്തിന്നു കാരണം. പാദ....ല=കാലിൽ ചുററിയിരിയ്ക്കുന്ന ചങ്ങല. മേദുരം=കനത്ത. താഴ്മത്തത്തിൽ ആണ്ടുപോയ മനസ്സിൽ സ്വാതന്ത്ര്യബോധം തെളിയുന്നില്ല. ചങ്ങലക്കിലുക്കം കർണ്ണകഠോരവും ശംഖധ്വനി ശ്രവണമധുരവുമാണല്ലോ.

3. കടൽമാതു്=ലക്ഷ്മീദേവി. കുളിർമയുള്ള തണലിൽ താമസിച്ചിട്ടും ചൂടു വിടുന്നില്ലെന്നു വിരോധാഭാസം. തെങ്ങു കേരള

Digitized By Kerala Sahitya Akademi

അമ്മട്ടെങ്ങു മുഴക്കീലാ നമ്മളുടെ ഭീരുപ്പറ,
തമ്മിൽത്തമ്മിൽക്കലഹിക്കും പോരാളികൾ നാം? 3

മുക്തി നമ്മെക്കടാക്ഷിപ്പാനുദ്യതയായ്ക്കാത്തുനില്ക്കും
സ്സിദ്ധിയുടെ മുഖത്തല്ലോ നമ്മുടെ നോട്ടം!
കേരളമേ, നിന്മഹിമാവാരറിവീല,ങ്ങയുടെ
നേരേ നോക്കിക്കളഞ്ഞതന്നോ വിഭേദബുദ്ധി:

ചൊല്ലോണ്ട രത്നങ്ങളെയും കക്കക്കൂട്ടത്തെയുമൊപ്പ-
മുൾക്കൊണ്ട ഗഭീരാബ്ധിതന്നോമനമകൾ,
ഭീമാരിക്കൈച്ചമതകളാ മഴുവാലൊപ്പം വെട്ടും
ജാമദഗ്ന്യമഹർഷിതൻ ദത്തപുത്രിയാൾ,
പറയന്റെ കുടിലിലും മറപ്പൊരുൾ കൊളുത്തിയ
പരമയാം മനസ്വിനി, നമ്മുടെയമ്മ;

ത്തിലെ കല്പകവൃക്ഷമായതുകൊണ്ട്, അതിനെ ലക്ഷ്മീദേവിയുടെ പള്ളിക്കടയാക്കിയിരിക്കുന്നു. അശ്രാന്തം=എപ്പോഴും. നാടിന്റെ ദോഷമല്ലാ, നാട്ടാരുടെ ആലസ്യമാണ് ദാരിദ്ര്യഹേതുവെന്ന്.

4. കേരളത്തിൽ സമത്വവും സാഹോദര്യവും കളിയാടിയിരുന്നു എന്ന്. രത്നങ്ങൾക്കും കക്കകൾക്കും തമ്മിൽ എന്തന്തരം? ഉച്ചനീചത്വങ്ങൾ വകവെയ്ക്കാതെ സമദർശികളാകണമെന്നു ധ്വനി. ഗഭീരാബ്ധി=ആഴമുള്ള ആഴി. കേരളം സമുദ്രത്തിൽനിന്നു പൊന്തിയ കരയാണെന്നു പ്രസിദ്ധം. അമ്മയുടെ സമദർശിത്വം മക്കളിലും വേണ്ടതാണല്ലോ. ഭീമാ....തകൾ=ഭയങ്കരമായ ശത്രുക്കളുടെ കൈകളും ചമതകളും. ജാമദഗ്ന്യമഹർഷി=പരശുരാമൻ. അദ്ദേഹത്തിൽ

Digitized By Kerala Sahitya Akademi

അദ്വൈതംതാനല്ലോനമ്മൾക്കമ്മിഞ്ഞപ്പാൽപിറവിതൊ-
ട്ടദ്വേഷർ നാം,മഭേദർ നാം,മനഹന്തർ നാം!
ഐകതയിലൂന്നിനിന്നു കൈകളൊന്നായ്ച്ചേർത്തുപിടി-
ച്ചാകുലിയിൽനിന്നുയർത്തുക,സ്മദ്രാജ്യത്തെ! 4

ബ്രാഹ്മണ്യവും ക്ഷത്രിയത്വവും ഒരുപോലെ പ്രകാശിച്ചിരുന്നു. പരശുരാമൻ മഴു എറിഞ്ഞു സമുദ്രത്തിൽനിന്നു വീണ്ടെടുത്തതാണ് കേരളമെന്ന് ഐതിഹ്യം. മറപ്പൊരുൾ=വേദാന്തം. പാക്കനാരെയും മററും സ്മരിക്കുക. അദ്വൈതമതസ്ഥാപകനായ ശങ്കരാചാര്യർ കേരളത്തിലാണല്ലോ ജനിച്ചത്. അനഹന്തർ=അഹന്ത(അഹംകാരം) ഇല്ലാത്തവർ. ആകുലി=വിവശത. അസ്മദ്രാജ്യം=നമ്മുടെ രാജ്യം.

Digitized By Kerala Sahitya Akademi

ഋഗ്വേദപരിഭാഷ

മൂന്നാം വാല്യം തയ്യാറായി

മഹാകവി വള്ളത്തോൾ മലയാണ്മയിലേക്കു വിവർത്തനം ചെയ്ത, ഇന്ത്യയുടെ ആർഷസംസ്കാരത്തിന്റെ ഭണ്ഡാഗാരമായ ഋഗ്വേദസംഹിത നാലു വാല്യങ്ങളായിട്ടു അച്ചടിച്ചിറക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ മൂന്നാം വാല്യവും ഇതാ തയ്യാറായിരിക്കുന്നു.

ഭാരതത്തിന്റെ അതിപ്രാചീനസംസ്കാരകലവറയുടെ താക്കോൽ, ഇന്ത്യൻ പ്രാദേശികഭാഷകളിൽ ഒന്നാമതായി കൈവന്നത് മലയാളത്തിനാണെന്നുള്ളതിൽ ഏതൊരു മലയാളിയാണ് അഭിമാനപുളകിതനാകാതിരിക്കുക? ഇന്ത്യയിലെ മറ്റൊരു ഭാഷയ്ക്കും കൈവന്നിട്ടില്ലാത്ത ഈ ഭാഗധേയത്തെ മലയാളികളേവരും മനംനിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ ആസ്വദിക്കട്ടെ!

നല്ല വെള്ളക്കടലാസ്സിൽ കമനീയമായ അച്ചടി—കെട്ടുറപ്പുള്ള കാലിക്കോ ബയിണ്ട്—മഹാകവിയുടെ കയ്യൊപ്പോടും ഛായയോടും കൂടിയ

ഒന്നാംവാല്യത്തിന്ന് 14ക.

രണ്ടാംവാല്യത്തിന്ന് 12ക.

മൂന്നാംവാല്യത്തിന്ന് 14ക.

ഒറ്റക്കോപ്പിയ്ക്കാവശ്യപ്പെടുന്നവർ പുസ്തകവിലയ്ക്കു പുറമെ പോസ്റ്റേജ് 1ക. 8ണ. കൂടി മുൻകൂർ അയയ്ക്കേണ്ടതാണ്

മാനേജർ, **വള്ളത്തോൾ ഗ്രന്ഥാലയം,**

ചെറുതുരുത്തി or തൃശ്ശൂർ, കേരള സ്റ്റെയിററ്: